# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ജനുവരി–2013 ലക്കം 1**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

പൗരോഹിത്യ ശുശ്രൂഷയിൽ
25 വർഷങ്ങൾ പിന്നിട്ട
ബഹു. വൈദികർക്ക്
ആശംസകൾ. പ്രാർത്ഥനാമംഗളങ്ങൾ



**Rev. Fr. George Therakam**



**Rev. Fr. Johny Elavunkal**

# ഉള്ളടക്കം


സർക്കുലർ .............................................................. 03
സർക്കുലർ .............................................................. 07
സർക്കുലർ .............................................................. 11
സർക്കുലർ .............................................................. 12
സർക്കുലർ (കർഷകദിനം) .......................................... 15
സർക്കുലർ (മദ്യവിരുദ്ധ ഞായർ) .............................. 20
കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും
ആഗോളദിനം .......................................................... 26
A Notification on Vassula Rydén .................................. 34
സഭൈക്യവാരം ........................................................ 36
രൂപതാകച്ചേരി വാർത്തകൾ ...................................... 45
വിശ്വാസവർഷം ........................................................ 50
മതബോധനരംഗം ...................................................... 51
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 54
ചെറുപുഷ്പമിഷൻലീഗ് ............................................ 55
കെ. സി. വൈ. എം. .................................................. 61
കുടുംബപ്രേഷിതത്വം .............................................. 66
സിയോൻ വാർത്തകൾ ................................................ 73
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 75
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................ 78
ജയിൽ മിനിസ്ട്രി ...................................................... 81
സാമൂഹ്യ സേവനരംഗം (WSSS).................................. 82
കേരള ലേബർ മൂവ്മെന്റ് .......................................... 85
***Mary Matha Arts & Science College*** .......................... 86
റേഡിയോ മാറ്റൊലി .................................................. 88
മീഡിയാ കമ്മീഷൻ .................................................... 90
Christian Civic Service Sosiety (CCSS) .......................... 92
Public Relations Office (PRO) .................................... 94
അറിയിപ്പുകൾ .......................................................... 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 96
ബിഷപ്സ് പ്രോഗ്രാം .................................................. 97

# സർക്കുലർ

***Circular Letter No. 01/2013***
***Prot. No. 13050/2012***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ഇടവകകളിൽ തിരുനാളുകൾ നടത്തപ്പെടുന്ന അവസരമാണല്ലോ ജനുവരി, ഫെബ്രുവരി മാസങ്ങൾ. നമ്മുടെ ആഘോഷങ്ങളെപ്പറ്റി മുമ്പ് ഞാൻ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഒരിക്കൽകൂടി നിങ്ങളെ ഓർമ്മപ്പെടുത്താനാണ് ഈ സർക്കുലർ. ഇത്തരുണത്തിൽ വിശുദ്ധ പത്രോസ് സ്വന്തം ദൗത്യത്തെപ്പറ്റി പറയുന്ന കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. *നിങ്ങൾ ഇക്കാര്യങ്ങൾ അറിയുകയും നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന സത്യത്തിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നെങ്കിലും, അവയെക്കുറിച്ച് എപ്പോഴും നിങ്ങളെ ഞാൻ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. ഞാൻ ഈ കൂടാരത്തിൽ ആയിരിക്കുന്നിടത്തോളം കാലം, ഓർമ്മപ്പെടുത്തൽ വഴി നിങ്ങളെ ഉണർത്തുന്നത് ഉചിതമാണെന്ന് കരുതുന്നു.* (2 പത്രോസ് 1:12-13). മറവി മനുഷ്യസഹജമായതുകൊണ്ടാണ് ഇത്തരം ഓർമ്മപ്പെടുത്തൽ ആവശ്യമായി വരുന്നത്.

നമ്മുടെ ഇടവകകളിലെ തിരുനാൾ ആഘോഷങ്ങൾ എങ്ങനെ നടത്തണം അഥവാ എങ്ങനെ നടത്തരുത് എന്നതിനെപ്പറ്റി കേരള കത്തോലിക്കാ മെത്രാൻ സമിതി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ രൂപതാ ബുള്ളറ്റിന്റെ 2010 ഓഗസ്റ്റ് ലക്കത്തിലും അവയെപ്പറ്റി എന്റെ ചില വിശദീകരണങ്ങളോടു കൂടിയ ഒരു സർക്കുലർ കത്ത് 2010 ഡിസംബർ ലക്കത്തിലും പ്രസിദ്ധീകരിച്ചിരുന്നു. മെത്രാൻ സമിതി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇപ്രകാരം പറയുന്നു:

*ക്രൈസ്തവ വിശ്വാസത്തിൽ ഇടവകത്തിരുനാളുകൾക്ക് അതീവ പ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത്. വിശ്വാസത്തിൽ ആഴപ്പെടാനും ഇടവകകൂട്ടായ്മയിൽ വളരാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിനുമുള്ള*

*അവസരമല്ല. അവയിൽ ലാളിത്യം നിറഞ്ഞു നിൽക്കണം. ഇടവക മദ്ധ്യസ്ഥരുടേയും മാലാഖമാരുടേയും തിരുനാളുകൾ ആചരിക്കാനും അവരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാനും വണങ്ങാനും വിശ്വാസികൾക്ക് കടമയുണ്ട്. ഇടവകത്തിരുനാളുകൾ വിശ്വാസപാരമ്പര്യത്തിന്റേയും ആരാധനക്രമപൈതൃകത്തിന്റേയും പ്രകാശനമാണ്. നമ്മുടെ തിരുനാളാഘോഷങ്ങളിൽ കടന്നുകൂടിയിരിക്കുന്ന ആർഭാടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും 2010 ജൂൺ 8 മുതൽ 10 വരെ കൊച്ചിയിൽ ചേർന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനം വിശദമായി ചർച്ച ചെയ്യുകയും താഴെപറയുന്ന അജപാലനമാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു. കെ.സി.ബി.സി. നിർദ്ദേശങ്ങൾ രൂപതാതലത്തിലും ഇടവകാതലത്തിലും നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കേണ്ടതാണ്.*

തിരുനാളുകൾ നൊവേനകൾ തുടങ്ങിയവയെ സംബന്ധിച്ച് 12 നിർദ്ദേശങ്ങളാണ് മെത്രാൻ സമിതി നൽകിയിരുന്നത്. അവയുടെ ചുരുക്കം നിങ്ങളുടെ സവിശേഷ ശ്രദ്ധയ്ക്കായി ഒരിക്കൽകൂടി സമർപ്പിക്കുകയാണ്. 1) നമ്മുടെ ആഘോഷങ്ങൾ വാണിജ്യവത്ക്കരിക്കപ്പെടരുത്. 2) തിരുനാളിന്റേയോ നൊവേനയുടേയോ ഭാഗമായി സംഘടിപ്പിക്കുന്ന നേർച്ചസദ്യ, ഊട്ടുനേർച്ച തുടങ്ങിയവ ഇടവകക്കാർക്ക് മാത്രമായി നടത്തുന്നതാണ് ഉത്തമം. 3) വിപണനക്കാർ ചെയ്യുന്നത് പോലെ തിരുനാൾ പരസ്യങ്ങൾ വലിയ ഹോർഡിംഗുകൾ, ഫ്ളെക്സ് ബോർഡുകൾ എന്നിവയിലൂടെ നൽകുന്നത് നിരുത്സാഹപ്പെടുത്തണം. 4) പ്രധാന ഇടവകത്തിരുനാളിന് പുറമേ കപ്പേളകളിലും കുരിശടികളിലും വലിയ തോതിൽ തിരുനാളുകൾ നടത്തുന്നത് തീർത്തും നിരുത്സാഹപ്പെടുത്തണം. 5) തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുകയുടെ നിശ്ചിതശതമാനം സാമൂഹ്യപ്രവർത്തനത്തിനും ദരിദ്രരെ സഹായിക്കുന്നതിനും വേണ്ടി മാറ്റി വയ്ക്കണം. 6) ക്രിസ്തുകേന്ദ്രീകൃത ഭക്തിയിൽ നിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്ത്യാഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. 7) തിരുനാളാഘോഷപരിപാടികൾ രാത്രി എത്രമണി വരെ പോകാം എന്ന കാര്യവും നമ്മുടെ തീരുമാനത്തിന് വിധേയമാകണം. ഏറെ വൈകി ദേവാലയാങ്കണത്തിൽ കലാപരിപാടികൾ നടത്തുന്നത് നിരുത്സാഹപ്പെടുത്തണം. 8) ആഘോഷത്തിന് വേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നതും അഭിലഷണീയമല്ല. 9) മറ്റു ഇടവകകളിൽ നിന്ന് സ്വർണ്ണ, വെള്ളിക്കുരിശുകൾ വാടകയ്ക്ക് എടുക്കുന്നത് നിരുത്സാഹപ്പെടുത്തണം. 10) തിരുനാൾ പ്രദക്ഷിണങ്ങൾ ഭക്തിനിർഭരമായും ഗതാഗതത്തിനു

തടസ്സം വരാതെയുമാണ് നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കാതെ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 11) കരിമരുന്ന് പ്രയോഗങ്ങൾ നിരുത്സാഹപ്പെടുത്തണം. 12) പരിസരമലിനീകരണത്തിനും അന്തരീക്ഷമലിനീകരണത്തിനും കാരണമാകുന്ന ഒന്നും നാം ചെയ്യരുത്. ഈ മാർഗ്ഗനിർദ്ദേശങ്ങളെപ്പറ്റി 2010 ഡിസംബറിലെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്ന വിശദീകരണം ഒന്നുകൂടി വായിച്ച് അതനുസരിച്ച് പ്രവർത്തിക്കണം എന്ന് ബന്ധപ്പെട്ട ഏവരോടും അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിന് ആരും തടസ്സം നിൽക്കരുത് എന്നും ഓർമ്മപ്പെടുത്തട്ടെ. മറ്റുള്ള ഇടവകക്കാർ ഇവ നടപ്പിലാക്കുന്നില്ലല്ലോ; അപ്പോൾ പിന്നെ ഞങ്ങളെന്തിന് നടപ്പാക്കണം എന്ന് ആരും ചോദിക്കാൻ ഇട വരാതിരിക്കട്ടെ എന്നാണെന്റെ ആശംസയും ആഗ്രഹവും.

തിരുനാൾ പ്രദക്ഷിണങ്ങളെപ്പറ്റി കൂടുതലായി ചില കാര്യങ്ങൾകൂടി നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. ഒന്നാമതായി നാം ചിന്തിക്കേണ്ടത് പ്രദക്ഷിണങ്ങളുടെ ഉദ്ദേശ്യത്തെപ്പറ്റിയും അതിന്റെ പ്രകൃതിയെപ്പറ്റിയുമാണ്. നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ പരസ്യപ്രഘോഷണമാണ് പ്രദക്ഷിണത്തിന്റെ ഉദ്ദേശ്യം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രതീകമായ സ്വർണ്ണക്കുരിശുകളും വെള്ളിക്കുരിശുകളും സ്വർഗ്ഗവാസികളായ വിശുദ്ധരുടെ തിരുശേഷിപ്പും രൂപങ്ങളും സ്വർഗ്ഗപ്രവേശനത്തിൽ നമുക്ക് കിട്ടുന്ന സന്തോഷത്തിന്റെ പ്രതീകമായ കൊടികളും എല്ലാം ആ വിശ്വാസത്തിന്റെ ഉള്ളടക്കം എന്തെന്ന് സൂചിപ്പിക്കുന്നു. പ്രദക്ഷിണം സ്വർഗ്ഗപ്രവേശനത്തിന്റെ പ്രതീകമാണെന്ന് പറയാം. അത് പൂർണ്ണമായും ആത്മീയവും ആദ്ധ്യാത്മികവുമാണ്. അതുകൊണ്ട് വിശ്വാസത്തിന് വിരുദ്ധമായ ഒന്നും അതിൽ ഉണ്ടാകാൻ പാടില്ല. മറ്റ് വാക്കുകളിൽ പറഞ്ഞാൽ പ്രദക്ഷിണം ഒരു സാംസ്കാരിക ഘോഷയാത്രയല്ല. അത് ആരെയെങ്കിലും കാണിക്കാനുമല്ല.

നിർഭാഗ്യവശാൽ നമ്മുടെ തിരുനാൾ പ്രദക്ഷിണങ്ങൾ കൂടുതൽ കൂടുതൽ സാംസ്കാരികഘോഷയാത്രയുടെ പ്രകൃതി ആർജ്ജിക്കുന്നതായി കാണുന്നു. ഒന്നിലേറെ ചെണ്ട-ബാന്റ് ഗ്രൂപ്പുകളുടെ പ്രകടനങ്ങൾ, വിശ്വാസവുമായി ബന്ധമൊന്നുമില്ലാത്ത ടാബ്ലോകൾ, കലാരൂപങ്ങൾ, വിവിധതരം പ്രച്ഛന്നവേഷങ്ങൾ, തുടങ്ങിയവ തന്നെ ഉദാഹരണങ്ങളാണ്. പ്രദക്ഷിണം കാണാൻ ആളുകളെ കിട്ടുക എന്ന ലക്ഷ്യമായിരിക്കാം ഇതിന്റെ പിന്നിലുള്ളത്. മറ്റ് ഇടവകകളേക്കാൾ തങ്ങൾ മുമ്പിൽ നിൽക്കണം എന്ന ചിന്തയുമുണ്ടാകാം. തിരുനാൾ പ്രദക്ഷിണത്തെപ്പറ്റി

യുള്ള അജ്ഞതയും കാരണമാകാം. അതിനാൽ അവസരോചിതമല്ലാത്തവയെ നീക്കിക്കളഞ്ഞ് തിരുനാൾ പ്രദക്ഷിണങ്ങളെ അവയുടെ ശരിയായ അർത്ഥത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും നമ്മുടെ ഇടവകത്തിരുനാളുകൾക്ക് തയ്യാറാക്കുന്ന ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെങ്കിലും രൂപതയുടെ വിദ്യാഭ്യാസ സഹായനിധിയിലേക്ക് സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കുറേയധികം ഇടവകകൾ ഇപ്രകാരം തരുകയുണ്ടായി. അവരെ പ്രത്യേകം നന്ദിപൂർവ്വം ഓർക്കുന്നു.

തിരുനാൾ ആഘോഷങ്ങളെപ്പറ്റി പല സന്ദർഭങ്ങളിലായി ഞാൻ എഴുതിയ കാര്യങ്ങൾ വളരെ ഗൗരവമായി എടുക്കുകയും അവ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടേറെ ഇടവകകളും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഉണ്ടെന്ന വസ്തുത എനിക്ക് ഏറെ സന്തോഷം തരുന്നുണ്ട്. അവരെ എല്ലാവരേയും അഭിനന്ദിക്കുകയും അവർക്ക് ഹൃദയപൂർവ്വം നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഡിസംബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ജനുവരി മാസം 6-ന് ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 02/2013***
***Prot. No. 13051/2012***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2012 നോട് വിടപറഞ്ഞ് 2013 നെ സ്വാഗതം ചെയ്യുന്ന സന്ദർഭമാണല്ലോ ഇത്. സമയത്തെ വർഷങ്ങളായും മാസങ്ങളായും ആഴ്ചകളായും എല്ലാം തിരിക്കുന്നത് മനുഷ്യൻ തന്നെയാണ്. അതിനാൽ ഈ തിരിവുകൾക്ക് അതിൽ തന്നെ വലിയ പ്രാധാന്യമില്ല. എങ്കിലും സമയത്തെ മനുഷ്യമനസ്സിന് മനസ്സിലാക്കാനും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്താനും ഈ തിരിവുകൾ ഏറെ ഉപകരിക്കുന്നു. ക്രിസ്തുസംഭവവുമായി ബന്ധപ്പെടുത്തിയാണ് ക്രിസ്തുവർഷത്തെ നാം കാണേണ്ടത്. അതുകൊണ്ട് ഒരു പുതിയ വർഷത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുമ്പോൾ ക്രിസ്ത്യാനികൾ എന്ന നിലയിലാണ് വർഷാവസാനത്തെയും വർഷാരംഭത്തേയും മറ്റും പരിഗണിക്കേണ്ടത്. ദൈവം നമുക്ക് തരുന്ന ദാനമാണ് സമയം. ഈ ദാനത്തെ നാം എപ്രകാരം ഉപയോഗപ്പെടുത്തുന്നു എന്നതാണ് നമ്മൾ പരിശോധിക്കേണ്ടത്. ദൈവത്തോടും നമ്മുടെ സഹജീവികളോടുമുള്ള നമ്മുടെ ബന്ധം ക്രൈസ്തവമായിരുന്നോ എന്നതാണ് ആ പരിശോധനയ്ക്ക് മാനദണ്ഡമാകേണ്ടത്. കഴിഞ്ഞ വർഷം ക്രൈസ്തവമായി നാം ഉപയോഗിച്ചെങ്കിൽ അത് സാധ്യമാക്കിയ ദൈവത്തിന് നന്ദി പറയാം. നമ്മുടെ കുറ്റം കൊണ്ട് അതിന് നമ്മൾക്ക് സാധിച്ചില്ലെങ്കിൽ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കാൻ ശ്രമിക്കാം. പുതിയ വർഷത്തിൽ കർത്താവിന്റെ പാതയിലൂടെ ചരിക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും ശാന്തിയും സമാധാനവും സന്തോഷവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

നമ്മുടെ ക്രൈസ്തവജീവിതം വിജയമായിരുന്നോ പരാജയമായി

രുന്നോ എന്ന് വിലയിരുത്തപ്പെടേണ്ടത് നാം നമുക്കുള്ളത് – സമയം, ഊർജ്ജം, കഴിവുകൾ, സമ്പത്ത് – തുടങ്ങിയവ മറ്റുള്ളവർക്ക് കൂടി ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗിച്ചോ എന്നതു കൂടി പരിഗണിച്ചിട്ടാണ്. വ്യക്തിജീവിതത്തിൽ എന്നതുപോലെ സഭാജീവിതത്തിലും ഇത് നടക്കേണ്ടതുണ്ട്. ഈ അരൂപിയിലാണ് നിർദ്ധനകുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി ഒരു വിദ്യാഭ്യാസ സഹായപദ്ധതി നമ്മുടെ രൂപതയിൽ നടപ്പാക്കിയിട്ടുള്ളത്. കഴിഞ്ഞ എട്ട് വർഷമായി ഈ പദ്ധതിയിലൂടെ ധാരാളം കുട്ടികൾക്ക് പഠനസഹായം കൊടുത്തിട്ടുണ്ട്. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപാ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത് എന്ന് നിങ്ങൾ ഇതിനകം മനസ്സിലാക്കിക്കാണും. ഇപ്പറഞ്ഞ പദ്ധതിയിൽ നമ്മുടെ രൂപതയിലെ സന്യാസിനീ സമൂഹങ്ങളും പങ്ക് ചേരുന്നുണ്ട്. അവർ തനിയെ വർഷംതോറും ഇരുന്നൂറ്റമ്പതിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്ക് സഹായം കൊടുക്കുന്നുണ്ട്.

മിടുക്കരും എന്നാൽ നിർദ്ധനരും ആയ കുട്ടികളെ നമ്മുടെ രൂപതയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുന്ന മറ്റൊരു പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതിയനുസരിച്ച് കുട്ടികൾ ഗൂഡല്ലൂർ കമ്യൂന്നിയിലുള്ള സേക്രട്ട് ഹാർട്ട് മട്രിക്കുലേഷൻ സ്കൂളിലും തലഞ്ഞി കാർമ്മൽ സ്കൂളിലുമായി പഠിക്കുന്നുണ്ട്. ആ സ്കൂളുകളുടെ വാഹനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ നിന്ന് മാത്രമാണ് അപ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത്.

സ്കൂൾ കുട്ടികൾക്ക് പുറമേ കോഴിക്കോട്ടുള്ള സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ പരിശീലനം നേടുന്നതിനുള്ള സഹായധനവും കൊടുക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും ഐ.എ.എസ്., ഐ.പി.എസ്. പോലെയുള്ള മത്സരപ്പരീക്ഷകൾക്കും കുട്ടികളെ ഒരുക്കാൻ താമരശ്ശേരി രൂപത തുടങ്ങിയിട്ടുള്ള സ്ഥാപനമാണ് സ്റ്റാർട്ട്. നമ്മുടെ രൂപതയിലെ സന്യാസിനീ സമൂഹങ്ങൾ പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സഹായം കൊടുക്കുന്നുണ്ട്.

കുട്ടികളെ തെരഞ്ഞെടുക്കുന്നതു മുതൽ അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും പഠനത്തിന്റെ കണക്കുകൾ ശരിയായി

സൂക്ഷിക്കുക, കുട്ടികളുടെ മാതാപിതാക്കൾ പണം ശരിയായി വിനിയോഗിച്ചോ എന്ന് അന്വേഷിക്കുക, അവരുടെ വീടുകൾ സന്ദർശിക്കുക, തുടങ്ങിയ എല്ലാ കാര്യങ്ങളിലും ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന്റെയും സമർപ്പിതരുടേയും കൈക്കാരന്മാരുടേയും കമ്മറ്റിക്കാരുടേയും എല്ലാം സജീവ പങ്കാളിത്തം ഉണ്ടെങ്കിലേ ഈ പദ്ധതി ഉദ്ദേശിച്ച ഫലം ചെയ്യുകയുള്ളു എന്ന കാര്യം ഒരിക്കൽകൂടി ഏവരേയും ഓർമ്മപ്പെടുത്തുകയാണ്. ഇക്കാര്യങ്ങൾ ഞാൻ മുമ്പ് എഴുതിയിട്ടുള്ളതായതിനാൽ വീണ്ടും ആവർത്തിക്കുന്നില്ല.

കഴിഞ്ഞവർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിക്കായി 6,42522 രൂപയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതിക്കായി 3,39300 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധതിയിൽ നിന്ന് 13,27927 രൂപയും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 2,98000 രൂപയും വിതരണം ചെയ്തു. ആകെ 16,25927 രൂപയാണ് വിതരണം ചെയ്തത്. 572, 246 എന്നിങ്ങനെയാണ് ഓരോ പദ്ധതിയിലും സഹായധനം കിട്ടിയ കുട്ടികളുടെ എണ്ണം.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ 86 കുട്ടികൾക്കായി 7,75632 രൂപയാണ് കൊടുത്തത്. അതുപോലെ IAS എൻട്രൻസിനുവേണ്ടി ഒരു കുട്ടിക്ക് 67295 രൂപയും ഇതുവരെ കൊടുത്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനായി സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്നും 5 കുട്ടികൾക്ക് 20000 രൂപയും കൊടുത്തു. ഇതിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു.

പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതികൾക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്ന് എടുക്കുന്ന പൊതു പണസമാഹരണം. ജനുവരി മാസത്തിലെ അവസാന ഞായറാഴ്ചയാണ് ഇത് സമാഹരിക്കുന്നത്. ഈ വർഷം ജനുവരി 27-ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസ നിധിയിലേക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ച് തരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ

ഏവരുടേയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2012 ഡിസംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ജനുവരി മാസം 20–ന് ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

*Circular Letter No. 03/2013*
*Prot. No. 13057/2012*

# സർക്കുലർ

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആനുകാലിക സാഹചര്യങ്ങൾ പരിഗണിച്ച് കുർബാന ധർമ്മം പുതുക്കുവാൻ ഈ ഡിസംബർ 11 മുതൽ 13 വരെ എറണാകുളത്ത് പി.ഒ.സിയിൽ വച്ചു കൂടിയ കേരള കത്തോലിയ്ക്കാ മെത്രാൻ സമിതി തീരുമാനിക്കുകയുണ്ടായി. സാധാരണ കുർബാനയ്ക്ക് 75 രൂപയാണ് പുതുക്കിയ നിരക്ക്.

ആനുപാതികമായ വർദ്ധനവ് ആഘോഷമായ കുർബാന ധർമ്മത്തിനും വരുത്തുകയാണ്. 150 രൂപയായിരിക്കും ആഘോഷമായ കുർബാനയുടെ ധർമ്മം (100 രൂപ കാർമ്മികന്, 25 രൂപ പാട്ടുകാർക്ക്, 15 രൂപ ശുശ്രൂഷിക്ക്, 10 രൂപ പള്ളിക്ക്). 2013 ജനുവരി 01 ന് പുതുക്കിയ നിരക്ക് നിലവിൽ വരും. മറ്റു തിരുക്കർമ്മങ്ങൾക്കുള്ള നിരക്കുകൾക്ക് മാറ്റമില്ല. (മാനന്തവാടി രൂപതാ ബുള്ളറ്റിൻ 2012 മെയ്, പേജ് 36 – 37 കാണുക)

വി. കുർബാനയർപ്പണത്തിന് കാർമ്മികത്വം വഹിക്കുന്ന പുരോഹിതന് ദൈവജനം നൽകുന്ന കാഴ്ചയാണ് കുർബാന ധർമ്മം. പുരോഹിതന്റെ ഉപജീവനത്തിനുള്ള ഒരു മാർഗ്ഗമെന്ന രീതിയിലാണ് സഭ ഇത് നിശ്ചയിച്ചിരിക്കുന്നത്. ബലിപീഠത്തിൽ ശുശ്രൂഷിക്കുന്നവർ ബലിപീഠത്തിൽ നിന്ന് ഉപജീവിക്കുന്നു (1 കോറി. 9:13) എന്ന തിരുവചനാഹ്വാനമാണ് ഇതിന് അടിസ്ഥാനം. കുർബാനധർമ്മം വി.കുർബാനയുടെ വിലയല്ലെന്ന് പ്രത്യേകം ഓർക്കുമല്ലോ. ഓരോ വി.കുർബാനയർപ്പണ വേളയിലും വിശ്വാസികളുടെ ത്യാഗപൂർവ്വകമായ സാന്നിധ്യത്തോടൊപ്പം ബലിയർപ്പണത്തിന്റെ മനോഭാവമുണ്ടാകുന്നതിനും ഈ കാഴ്ച സമർപ്പണം സഹായകമാകും. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടിയുള്ള നിയോഗത്തോടുകൂടി ബലിയർപ്പിക്കുന്ന ഉൽകൃഷ്ടമായ പാരമ്പര്യം നിലനിർത്തി കർത്താവിന്റെ രക്ഷാകരബലിയിൽ നമുക്കും പങ്കാളികളാകാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2012 ഡിസംബർ 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 04/2013***
***Prot. No. 13052/2012***

## രൂപതാ വൈദികരുടേയും ആശ്രമങ്ങൾ, മഠങ്ങൾ എന്നിവയുടെ സുപ്പീരിയർമാരുടേയും പ്രത്യേക ശ്രദ്ധയ്ക്ക്

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ആരാധനക്രമ സംബന്ധമായ ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഈ സർക്കുലർ. ഇതിൽ പറയുന്ന കാര്യങ്ങൾ എല്ലാവരും ഗൗരവമായി എടുക്കുകയും ഇടവക കളിലും ആശ്രമങ്ങളിലും മഠങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും നടപ്പാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

ഏതാനും വർഷങ്ങൾക്കു മുമ്പ് നമ്മുടെ സഭയിൽ ഉപയോഗ ത്തിലുള്ള കൂദാശകളുടെ ക്രമങ്ങളും വലിയ ആഴ്ച, ക്രിസ്തുമസ് തുടങ്ങിയ സമയങ്ങളിലേയ്ക്കുള്ള ക്രമങ്ങളും സീറോ മലബാർ ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഈയടുത്ത കാലത്ത് വിശുദ്ധ കുർബാനയുടെ തക്സയും ജനങ്ങളുടെ ഉപയോഗത്തിനായുള്ള ചെറിയ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആരാധനാക്രമവത്സരമനുസരിച്ച് ഓരോ കാലഘട്ടത്തിലും മാറി വരുന്ന പ്രാർത്ഥനകൾ (പ്രോപ്രിയ) ഉൾപ്പെടുത്തിയാണ് കുർബാനപുസ്തക ങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. പുനരുദ്ധാരണത്തിന്റെ പ്രക്രിയയി ലായിരുന്ന നമ്മുടെ ആരാധനക്രമപുസ്തകങ്ങൾ ഇങ്ങനെ കൂടുതൽ കൂടുതൽ പ്രാർത്ഥനകളും മറ്റും ഉൾപ്പെടുത്തി പലപ്പോഴായി പ്രസി ദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. വളരെ നാളത്തെ ചർച്ചകളുടെ ഫല മായി ഉരുത്തിരിഞ്ഞവയാണ് ഇവ. ആരാധനാക്രമവത്സരത്തിലെ ഓരോ കാലഘട്ടത്തിനും അനുയോജ്യമായ രീതിയിലുള്ള പ്രാർത്ഥനകളും ഗീതങ്ങളും അവയിലുണ്ട്. അവ നാം വിശ്വസിക്കുകയും ആഘോഷി ക്കുകയും ചെയ്യുന്ന വിശുദ്ധരഹസ്യങ്ങൾ മനസ്സിലാക്കാനും

അവയ്ക്കനുസൃതമായി പ്രാർത്ഥിക്കാനും ഏറെ അനുയോജ്യമാണ്. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും ഇക്കാര്യങ്ങൾ യഥാവിധി പഠിക്കാനും വിശ്വാസികളെ പഠിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

കൂദാശകളുടെ ക്രമങ്ങളും, വലിയ ആഴ്ച, ക്രിസ്തുമസ് എന്നീ കാലഘട്ടങ്ങളിലേയ്ക്കുള്ള ക്രമങ്ങളും നമ്മുടെ രൂപതയിൽ നടപ്പിലാക്കിയവയാണ്. എങ്കിലും ചില ഇടവകകളിൽ മുമ്പ് നടപ്പിലിരുന്ന ക്രമങ്ങളനുസരിച്ച് വലിയ ആഴ്ച, ക്രിസ്തുമസ്സ് എന്നീ കാലഘട്ടങ്ങളിലെ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അത് ഇനിയും അനുവദനീയമല്ല എന്ന് ഓർമ്മിപ്പിക്കട്ടെ. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പുതുക്കിയ ക്രമമനുസരിച്ചാണ് വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടത്. അതുപോലെ തന്നെ എല്ലായിടത്തും ഉപയോഗിക്കേണ്ടത് ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ തന്നെയാണ്. അവിടെ നിന്ന് ഏതെല്ലാം ക്രമങ്ങൾക്കാണോ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാത്തത് അവയ്ക്ക് വേണ്ടി മാത്രമേ മറ്റ് രൂപതകളുടേയോ വ്യക്തികളുടേയോ പ്രസിദ്ധീകരണങ്ങൾ ഉപയോഗിക്കാവൂ. ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുപുസ്തകത്തിന്റെ കാര്യത്തിൽ ഓരോ രൂപതയ്ക്കും വിശ്വാസ രൂപീകരണ ലക്ഷ്യം വച്ചുകൊണ്ട് വിശദീകരണങ്ങളോടെ പ്രസിദ്ധീകരിക്കാൻ സിനഡ് അനുവാദം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ രൂപതയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന പുസ്തകമാണ് ജനങ്ങൾക്ക് കൊടുക്കേണ്ടത്. ഇപ്പോൾ നിലവിലുള്ളതിൽ മാറിവരുന്ന പ്രാർത്ഥനകൾ പെടുത്തിയിട്ടില്ലാത്തതുകൊണ്ട് പിന്നീട് അതും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതാണ്.

വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പുസ്തകത്തെപ്പറ്റിയും ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. പല സന്ദർഭങ്ങളിലായി പ്രസിദ്ധീകരിച്ച കുർബാന പുസ്തകങ്ങളാണല്ലോ നമ്മൾ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാക്രമ വത്സരമനുസരിച്ച് ഓരോ കാലത്തിലും മാറി വരുന്ന പ്രാർത്ഥനകൾ ഉൾപ്പെടുത്തിയാണ് കുർബാന പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് എന്ന് മുകളിൽ പറഞ്ഞല്ലോ. 2013 ജനുവരി 1 മുതൽ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും പുതിയതായി പ്രസിദ്ധീകരിച്ചിരിക്കുന്ന തക്സാകൾ ഉപയോഗിക്കാൻ തുടങ്ങണം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. അതുപോലെ തന്നെ കാലത്തിനനുസരിച്ച് മാറി വരുന്ന പ്രാർത്ഥനകളും

ഗീതങ്ങളും ഉപയോഗിക്കാനും ശ്രദ്ധിക്കണം. തുടക്കത്തിൽ അല്പം ആശയക്കുഴപ്പം ഉണ്ടാകും എന്നത് സത്യമാണ്. എങ്കിലും ക്രമേണ എല്ലാവരും അവ പരിചയപ്പെട്ടുകൊള്ളും. മാത്രമല്ല അവ ആസ്വദിക്കാനും തുടങ്ങും എന്നത് സംശയമില്ലാത്ത കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഇടവക വൈദികർ പ്രത്യേക താത്പര്യം ഇക്കാര്യത്തിൽ എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുപുസ്തകങ്ങളും ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ കൂടി ഉപയോഗിക്കാൻ തുടങ്ങിയാലേ മാറി വരുന്ന പ്രാർത്ഥനകളിൽ എല്ലാവർക്കും പങ്ക് ചേരാൻ കഴിയുകയുള്ളൂ. സാവധാനം അവ ഉപയോഗിക്കാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം. എങ്കിലും അവർക്ക് പ്രയാസമുണ്ടാകാത്ത വിധത്തിൽ വേണം ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ. ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഡിസംബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# 2013 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

വീണ്ടുമൊരു കർഷകദിനം കൂടി വന്നെത്തിയിരിക്കുകയാണ്. കൃഷിയും കാർഷിക സംസ്കൃതിയും അവഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകം വ്യാവസായികമായി വളരുകയും വിവിധ സ്രോതസ്സുകളിൽനിന്നും ധനം ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ പൊതുവെ തിളക്കം കുറഞ്ഞ കാർഷിക രംഗത്തുനിന്നും യുവതലമുറ പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. മണ്ണിനെയും കൃഷിയെയും പറ്റിയുള്ള ആധുനിക തലമുറയുടെ അറിവും വളരെ പരിമിതമാണ്. ഈ സാഹചര്യത്തിൽ കാർഷിക സംസ്കാരവും കൃഷിയും നഷ്ടപ്പെടുത്തരുതെന്ന സന്ദേശമാണ് ഈ കർഷകദിനത്തിൽ ഞാൻ നിങ്ങൾക്ക് കൈമാറുന്നത്.

ദൈവമാണ് ഏറ്റവും വലിയ കൃഷിക്കാരൻ. ദൈവം ഭൂമിയെ സൃഷ്ടിച്ച് സകലവിധ ധാതുക്കളും ലവണങ്ങളും മൂലകണങ്ങളും ലോഹങ്ങളും കോടാനുകോടി സൂക്ഷ്മജീവികളും പക്ഷിമൃഗാദികളും ഇഴജന്തുക്കളുംകൊണ്ട് അതിനെ നിറയ്ക്കുകയും ലക്ഷക്കണക്കിനു സസ്യലതാദികളുടെ വിത്തുകൾ നിക്ഷേപിച്ച് അതിനെ സമ്പന്നമാക്കുകയും ചെയ്തു. മണ്ണിൽനിന്ന് മനുഷ്യന് രൂപം കൊടുത്ത് ജീവൻ നല്കി. ഏദൻ തോട്ടത്തിൽ കൃഷി ചെയ്യാനായി ദൈവം മനുഷ്യനെ നിയോഗിച്ചു. ദിവസവും തോട്ടം കാണാൻ വന്ന് ആദ്യമനുഷ്യനോടുകൂടെ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രമാണ് വിശുദ്ധഗ്രന്ഥം അവതരിപ്പിക്കുന്നത്.

ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് വായുവും വെള്ളവും ഭക്ഷണവും ഒഴിച്ചുകൂടാനാവാത്തതാണ്. വായുവും വെള്ളവും സൂര്യപ്രകാശവും ദൈവം സൗജന്യമായി നല്കുമ്പോൾ ഭക്ഷണം മനുഷ്യൻ സ്വന്തമായി അധ്വാനിച്ചുണ്ടാക്കണമെന്നതാണ് ദൈവഹിതം. പരസ്പരം സഹകരണത്തിലും സ്നേഹത്തിലും കൂട്ടായ്മയിലും മനുഷ്യൻ കഴിഞ്ഞുകൂടണമെന്ന ദൈവത്തിന്റെ മഹത്തായ ചിന്തയിലാണ് കാർഷിക സംസ്കാരത്തിന്റെ തുടക്കം. കൃഷിയെന്നത് ഒരു ഉപജീവനമാർഗ്ഗമോ വരുമാനമാർഗ്ഗമോ മാത്രമല്ല. അതൊരു ജീവിത രീതിയാണ്. ഇംഗ്ലീഷിൽ Agri-culture (കൃഷിസംസ്കാരം) എന്നാണല്ലോ പറയുന്നത്. മനുഷ്യൻ

മണ്ണിനോടും കൃഷിയോടുമുള്ള ബന്ധമുപേക്ഷിക്കുമ്പോൾ നഷ്ടമാകുന്നത് ഈ കാർഷികസംസ്കാരമാണ്, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം തന്നെയാണ്. അത് മനുഷ്യവംശത്തിന്റെ തന്നെ നാശത്തിനു കാരണമാകും.

ആഗോളവത്കരണത്തിന്റെയും ലോകവ്യാപാരകരാറിന്റെയുമൊക്കെ ഫലമായി ലോകം ഒറ്റ വിപണിയായി മാറിക്കൊണ്ടിരിക്കുന്നു. വൻകിടവ്യവസായികൾക്കും കമ്പനികൾക്കും യഥേഷ്ടം കയറ്റിയിറക്കുമതി ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് ലഭിച്ചിരിക്കുന്നത്. കാർഷികോത്പന്നങ്ങൾക്ക് ഏകദേശം സ്ഥിരവില ലഭിച്ചിരുന്ന സാഹചര്യം ഇന്നില്ല. വ്യാവസായിക മേഖലയുടെ താത്പര്യമനുസരിച്ച് വിപണി ചാഞ്ചാടിക്കൊണ്ടിരിക്കുന്ന അവസ്ഥ ഇവിടുത്തെ കൃഷിക്കാരെ കടക്കാരും നിരാശരുമാക്കി. കാർഷിക മേഖലയ്ക്കുവേണ്ടി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഭീമമായ തുക മുടക്കുന്നുണ്ടെങ്കിൽക്കൂടി നമ്മുടെ നാട്ടിലെ അഴിമതി നിറഞ്ഞ സാഹചര്യങ്ങളും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവുംമൂലം അർഹരായവർക്കു പ്രയോജനം ലഭിക്കുന്നതിനോ അതുവഴി കാർഷികോത്പാദനം വർദ്ധിക്കുന്നതിനോ സാഹചര്യമൊരുക്കുന്നില്ല.

1965 മുതൽ ഏറെ പ്രതീക്ഷയോടെ നടപ്പിലാക്കിയ ഹരിതവിപ്ലവത്തിന്റെ വിജയം താത്കാലിക പ്രതിഭാസമായിരുന്നു. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും അശാസ്ത്രീയവും അമിതവുമായ ഉപയോഗംമൂലം മണ്ണ് വിഷലിപ്തമാകുകയും വായുവും വെള്ളവും മലിനീകരിക്കപ്പെടുകയും ചെയ്തു. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ വ്യാപകമായി. വിഷമയമായ ഭക്ഷണം കഴിച്ചാൽ രോഗം ശരീരത്തിനു മാത്രമല്ല ഉണ്ടാകുന്നത് എന്ന് നാം മനസ്സിലാക്കണം. ഭാവിതലമുറ ശരിയായ ശാരീരിക, മാനസിക ആരോഗ്യത്തോടെ വളർന്നുവരണമെങ്കിൽ അവർക്കു വിഷമില്ലാത്ത ഭക്ഷണം നല്കണമെന്ന കാര്യം നമ്മൾ മറക്കരുത്. ആധുനിക തലമുറയുടെ 'ഫാസ്റ്റ് ഫുഡ്' ഭ്രമം കുട്ടികളെ അല്പമൊന്നുമല്ല ദോഷകരമായി ബാധിക്കുന്നത്. മുമ്പൊക്കെ എട്ടും പത്തും മക്കൾക്ക് അമ്മമാർ അടുക്കളയിൽ ഭക്ഷണം പാകം ചെയ്തു നൽകിയിരുന്നില്ലേ? അതും സ്വന്തം പച്ചക്കറിത്തോട്ടത്തിൽ കൃഷിചെയ്തുണ്ടാക്കിയ വിളകൾ ഉപയോഗിച്ച്! ഇന്ന് ഒന്നോ രണ്ടോ മാത്രം കുട്ടികൾക്ക് ആവശ്യമായ ഭക്ഷണത്തിന്റെ ഒരു ഭാഗമെങ്കിലും സ്വന്തം തൊടിയിലുണ്ടാക്കി സ്വന്തമായി പാകം ചെയ്തു കൊടുക്കാൻ നമ്മുടെ കുടുംബങ്ങൾക്ക് കഴിയുകയില്ലേ?

കാർഷിക പ്രധാനമായ ഒരു സംസ്കാരത്തിന്റെ ഉടമകളായ നമ്മൾ അധ്വാനത്തിന്റെ വില അറിയുന്നവരും സ്വന്തം മണ്ണിൽ വിളയുന്ന

ശുദ്ധമായ ഭക്ഷ്യവസ്തുക്കൾ ഭക്ഷിച്ച് ആരോഗ്യത്തോടെ വളർന്നു വന്ന വരുമാണ്. ഇപ്പോഴും കൃഷിയെ സ്നേഹിക്കുകയും മണ്ണിനെ പരിപാലിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നല്ല കർഷകർ നമ്മുടെയിടയിലുണ്ട്. എന്നാൽ കൃഷിയിടത്തിൽനിന്നു ലഭിക്കുന്ന പരിമിത വരുമാനം ഉയർന്ന ജീവിതച്ചെലവിനു മതിയാകാതെ ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങി ഭൂരിഭാഗം കർഷകരും ഇന്ന് കടക്കാരായിരിക്കുന്നു. നിരവധിയാളുകൾ ആത്മഹത്യ ചെയ്തു. അനേകം കുടുംബങ്ങൾ അനാഥമായി. കാർഷികമേഖല അപ്പാടെ ഇന്ന് നഷ്ടത്തിന്റെയും തോൽവിയുടെയും അടയാളമായി മാറിയിരിക്കുകയാണ്.

അതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. സാമ്പത്തിക ലാഭം പ്രതീക്ഷിച്ച് ബഹുവിളകൃഷി സമ്പ്രദായം ഉപേക്ഷിച്ച് നാണ്യവിളകൾ മാത്രം കൃഷിചെയ്യാനുള്ള പ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നു. പരിസ്ഥിതിപ്രശ്നങ്ങൾക്കും കാലാവസ്ഥാവ്യതിയാനത്തിനുമൊക്കെ ഈ പ്രവണത വഴി തെളിക്കും. വീര്യമേറിയ രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം നിയന്ത്രിക്കാനും വേണ്ടെന്നുവയ്ക്കാനും പഠിച്ചില്ലെങ്കിൽ അതിന്റെ ദുഷ്ഫലങ്ങൾ ഭീകരമായിരിക്കും. ഭൂഗർഭജലം വിഷമയമാകുകയും മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുകയും ചെയ്യുന്നു. തവളകളും മണ്ണിരകളും മത്സ്യങ്ങളും പക്ഷിജാലങ്ങളുമെല്ലാം ചത്തൊടുങ്ങുന്നതു വഴിയായി പ്രകൃതിയുടെ സന്തുലിതാവസ്ഥ അപകടപ്പെട്ടു കഴിഞ്ഞു. ഭൂമിയെയും മണ്ണിനെയും സ്വാർത്ഥലക്ഷ്യങ്ങളോടെമാത്രം ഉപയോഗിച്ചു ചൂഷണം ചെയ്യുന്നത് വരുന്ന തലമുറയുടെ നാശത്തിനുകൂടി കാരണമാകും. വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് ഈ മണ്ണ്. കടന്നുപോയ അനേകം തലമുറകൾ ഉപയോഗിച്ച് നമുക്കുകൈമാറിയ ഭൂമി വരും തലമുറയ്ക്കേൽപ്പിച്ചു കൊടുക്കാനുള്ള ധാർമ്മിക ബാധ്യത നമുക്കുണ്ട്. കുന്നിടിക്കലും വയൽനികത്തലും വന നശീകരണവുമൊക്കെ മനുഷ്യന്റെയും മറ്റുജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയെ തകിടംമറിക്കും. പ്രകൃതിക്കായി ദൈവം നിശ്ചയിച്ചിട്ടുള്ള താളവും ക്രമവും ലയവും നശിപ്പിക്കുന്നത് അതീവ ഗുരുതരമായ തെറ്റാണ്. മനുഷ്യന് ആവശ്യമുള്ള ഭക്ഷണവും മറ്റു വസ്തുക്കളും സ്ഥിരമായി നല്കാൻ ശേഷിയുള്ളത് മണ്ണിനു മാത്രമാണെന്നത് നമുക്ക് മറക്കാതിരിക്കാം.

അടുത്ത കാലത്തായി ഒറ്റ നോട്ടത്തിൽ വളരെ അത്യാവശ്യവും പുരോഗമനപരവുമെന്നു തോന്നാവുന്ന ചില നിയമനിർമ്മാണങ്ങളും അവയ്ക്കുള്ള നീക്കങ്ങളും നടക്കുന്നത് നാം കാണാതിരുന്നു കൂടാ. കേരളത്തിൽ ഉണ്ടായിരുന്ന 10 ലക്ഷത്തോളം ഹെക്ടർ നെൽവയലുകൾ

ഇന്നു വെറും രണ്ടരലക്ഷം ഹെക്ടറായി ചുരുങ്ങി. പണിക്കൂലി വർദ്ധന, വിളവിനു ന്യായവില ലഭിക്കായ്ക, കാലാവസ്ഥാവ്യതിയാനം മുതലായ കാരണങ്ങൾ മൂലം കർഷകർ കൃഷിയിൽനിന്നു പിൻമാറിയപ്പോൾ കൃഷിയിൽ തുടരുന്നതിനുള്ള സാമ്പത്തിക സഹായമോ പ്രോത്സാഹനമോ മാറി മാറി വന്ന സർക്കാരുകളൊന്നും നല്കിയില്ല. നെൽവയലുകൾ നികത്തി വ്യാവസായികാവശ്യങ്ങൾക്ക് ഉപയാഗിക്കാൻ എല്ലാവരും മൗനാനുവാദം നല്കി. ഈയിടെ കേന്ദ്ര ആസൂത്രണകമ്മീഷൻ ഉപാധ്യക്ഷൻ പറഞ്ഞത് കേരളത്തിലെ നെൽവയലുകൾ മുഴുവൻ നികത്തിക്കൊള്ളുക, ആവശ്യത്തിനുള്ള അരി കേന്ദ്രം തന്നുകൊള്ളാമെന്നാണ്. വ്യാവസായിക ലോബിയുടെ സമ്മർദ്ദത്തിനു വഴങ്ങി ലോക ഭക്ഷ്യ കമ്പനി ഭീമന്മാരുടെ മുമ്പിൽ ഭിക്ഷാപാത്രവുമായി ഓച്ഛാനിച്ചു നില്ക്കുവാൻ ഈ സ്ഥിതിവിശേഷം ഇടയാക്കും.

അതുപോലെതന്നെ സംശയമുണർത്തുന്നതാണ് ലോക പൈതൃക ഭൂപടത്തിൽപ്പെടുത്തി കേരളത്തിലെ 24 താലൂക്കുകൾ പശ്ചിമ ഘട്ടസംരക്ഷണമെന്ന പേരിൽ വേർതിരിക്കാനുള്ള ഗവൺമെന്റിന്റെ നീക്കങ്ങൾ. പശ്ചിമഘട്ട പരിസ്ഥിതി അഥോറിറ്റി എന്ന പേരിൽ കോടതിയുടെ അധികാരങ്ങളുള്ള ഒരു സമിതിയുടെ മേൽനോട്ടത്തിലായിരിക്കും മേൽപറഞ്ഞ സ്ഥലങ്ങൾ. ലോക പരിസ്ഥിതിസംഘടനകൾ നിർദ്ദേശിക്കുന്ന എല്ലാ നിയന്ത്രണങ്ങളും ഈ പ്രദേശങ്ങൾക്കും ബാധകമാകും. ചുരുക്കത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനോ മറ്റു നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനോ കർശന നിയന്ത്രണങ്ങളുണ്ടാകും. ക്രമേണ ഇവിടെനിന്നും കാർഷിക ജനത മെല്ലെ ഒഴിഞ്ഞു പോകാനുള്ള സാധ്യതയും ഉണ്ടാകും. പരിസ്ഥിതി സംരക്ഷിക്കുന്നതിനോ വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനോ നമുക്കാർക്കും യാതൊരെതിർപ്പുമില്ല. അവ ആവശ്യവുമാണ്. എന്നാൽ മനുഷ്യജീവനെക്കാൾ വില വന്യമൃഗങ്ങൾക്കും വനവൃക്ഷങ്ങൾക്കും നല്കുന്ന രീതി സംശയിക്കപ്പെടേണ്ടതാണ്. വനത്തിൽ പ്രവേശിച്ച് വന്യമൃഗങ്ങളെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നവരെ ശിക്ഷിക്കുന്നതു ന്യായമാണെങ്കിലും സ്വന്തം കൃഷിക്കും ജീവനും ഭീഷണിയാകുന്ന വന്യമൃഗത്തെ കൃഷിയിടത്തിൽവച്ചു പോലും ഭയപ്പെടുത്താൻ പാടില്ല എന്ന നിയമം ദുരൂഹമാണ്. നെൽവയലുകളെല്ലാം നികത്തി, മലയോര മേഖലകൾ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ച് എല്ലാ ഭക്ഷ്യോത്പന്നങ്ങളുടെയും നാണ്യവിളകളുടെയും കൃഷി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണങ്ങൾ ആർക്കുവേണ്ടിയാണെന്നത് നാം ചിന്തിക്കേണ്ടതാണ്. സ്വന്തം രാജ്യത്തെ ജനങ്ങളെ ഭരണാധികാരികൾ ആർക്കും അടിയറവയ്ക്കരുതെന്ന് ആഗ്രഹിക്കുകയാണ്.

നമ്മെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന മേൽപറഞ്ഞ ഭീഷണികളെപ്പറ്റി പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും നമുക്ക് കൂട്ടായി പരിശ്രമിക്കാം. ഈ ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ് നാം ഇൻഫാം എന്ന കർഷക സംഘടനയ്ക്ക് രൂപം കൊടുത്തത്. ഏറ്റവും അസംഘടിത വിഭാഗമാണ് കർഷകർ. മറ്റെല്ലാവിഭാഗം ആളുകളും തൊഴിൽപരമായി സംഘടിക്കുന്നതും അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചു നേടിയെടുക്കുന്നതും നാം കാണുന്നുണ്ട്. എന്നാൽ രാജ്യത്തെ ഏറ്റവും വലിയ വിഭാഗമായ കൃഷിക്കാർ അസംഘടിതരാണ്. അവർ സംഘടിച്ചു ശക്തി നേടേണ്ടത് അടിയന്തിരമായ ആവശ്യമാണ്. അനുദിനാഹാരത്തിനുള്ള അന്നം കൃഷി ചെയ്തുണ്ടാക്കുന്നവരാണ് അവർ. ഇൻഫാമിന്റെ പ്രവർത്തനങ്ങളോട് എല്ലാ കർഷകരും സഹകരിക്കണമെന്നും സംഘടനവഴിയായി ശക്തിപ്പെട്ടുകൊണ്ട് രാഷ്ടനിർമ്മാണത്തിൽ പങ്കാളികളാകണമെന്നും അഭ്യർത്ഥിക്കുകയാണ്. കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ഉത്തമ മാതൃകകൾ വിരചിക്കാൻ ഈ സംഘടനവഴിയായി സാധിക്കുമെന്നത് തീർച്ചയാണ്.

കർഷകദിനാചരണത്തിന്റെ ഭാഗമായി മുകളിൽപ്പറഞ്ഞ കാര്യങ്ങളെപ്പറ്റിയുള്ള ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, പഠനയാത്രകൾ, ഗവൺമെന്റു തലത്തിലുള്ള ആനുകൂല്യങ്ങൾ പരമാവധി നേടിയെടുക്കുന്നതിനുള്ള അന്വേഷണങ്ങൾ, അവയുടെ ക്രോഡീകരണം, ഗവൺമെന്റുമായി സഹകരിച്ച് കൃഷി ചെയ്യൽ, കൂട്ടായ കൃഷികൾ നടത്തുന്നതിനുള്ള പരിശ്രമങ്ങൾ, കുട്ടികളെ കൃഷിയോടു താത്പര്യമുള്ളവരാക്കുന്നതിനുള്ള പരിപാടികൾ തുടങ്ങിയവയൊക്കെ നടപ്പിലാക്കണമെന്നും ഇടവകാതലത്തിൽ എല്ലാ മതസ്ഥരെയും ഉൾപ്പെടുത്തിയുള്ള കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

**NB:- ഈ ഇടയലേഖനം 2013 ജനുവരി മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ പ്രധാന ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# മദ്യവിരുദ്ധഞായർ

## ജനുവരി 27, 2013

### കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പുറപ്പെടുവിക്കുന്ന ഇടയലേഖനം

### ഉണരുക, ഇതാണ് സമയം

മഹത്തരവും ആഴവുമായ ആത്മീയത കൈമുതലായ മഹോന്നതമായ സാംസ്ക്കാരിക പൈതൃകത്തിന്റെ ഉന്നതിയിലാണ് കേരള സമൂഹം എന്നാണ് നാമെന്നും അഭിമാനിക്കുന്നത്. വിദ്യാഭ്യാസ രംഗത്തും, ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിനു സ്വന്തം. ആത്മീയതയുടെ ആഘോഷകരും പ്രഘോഷകരുമായ സഭയ്ക്ക് കേരളത്തിന്റെ ഭാവി നിർണ്ണയത്തിൽ സുപ്രധാന പങ്ക് വഹിക്കാനുണ്ട്. 2013 ജനുവരി 27 ലെ മദ്യവിരുദ്ധ ഞായറിന്റെ ഒരുക്കമായി ഈ രംഗത്തുള്ള സഭയുടെ ഉത്തരവാദിത്തം കൂടുതൽ വ്യക്തതയോടെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

ലഹരിയുടെ സ്വന്തം നാടായി മാറിയിരിക്കുന്ന കേരളത്തിലെ സാമൂഹിക പശ്ചാത്തലത്തിൽ അതിനെതിരെ പ്രവാചകദൗത്യത്തോടെ സഭ ഉണർന്നെണീക്കുകയാണ്. 2012 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ (കെ.സി.ബി.സി) സമ്മേളനവും കേരളാ കാത്തലിക് കൗസിൽ (കെ.സി.സി.) മീറ്റിങ്ങും കേരളത്തിലെ ലഹരി സംസ്ക്കാരവും മദ്യാസക്തിയും പ്രധാന വിഷയമായി ചർച്ച ചെയ്യുകയും ഒറ്റക്കെട്ടായി ഈ സാമൂഹ്യതിന്മയെ ചെറുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. കേരളത്തെ ലഹരിമുക്തമാക്കാനായി കെ.സി.ബി.സി.മദ്യവിരുദ്ധസമിതി സമർപ്പിച്ച മാർഗ്ഗരേഖ അംഗീകരിക്കുകയും എല്ലാ രൂപതകളും നടപ്പിലാക്കാൻ കെ.സി.ബി.സി. തീരുമാനിക്കുകയും ചെയ്തു. മദ്യവിരുദ്ധ സമിതിയുടെ ചരിത്രത്തിലെ ഏറ്റവും തിളക്കമാർന്ന നേട്ടമായി ഈ നിർണ്ണായക തീരുമാനത്തെ കാണുകയും സുധീരം ഈ പ്രവാചകദൗത്യം നിറവേറ്റുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. മാർഗ്ഗരേഖ അംഗീകരിച്ച മെത്രാൻസമിതിയെ നന്ദിയോടെ ഓർക്കുന്നു. കേരളത്തിന്റെ പ്രത്യേകമായ സാമൂഹ്യപശ്ചാത്തലത്തിലാണ് ഈ നയരേഖ പ്രസക്തമാകുന്നത്. കഴിഞ്ഞ പതിനാല് വർഷമായി സമിതിയുടെ കർമ്മരംഗങ്ങളിൽ പങ്കാളികളായ എല്ലാവരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ഇത് മാറ്റത്തിന്റെയും കൂട്ടായ്മയുടെയും പുത്തൻ പടപ്പുറപ്പാടിന്റെയും സമയമാണ്. ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്ക് ഏറ്റവും ഉചിതമായ സമയമാണിത്. തീക്ഷ്ണതയോടെ പ്രവർത്തനമേഖലകളിൽ കൈകോർക്കാം. ഇതരക്രൈസ്തവ വിഭാഗങ്ങളും മതങ്ങളും പ്രസ്ഥാനങ്ങളുമൊക്കെ ഈ മേഖലയിൽ സജീവമാകുന്നതും ശുഭകരമായ സൂചനകളാണ്. ലഹരിക്കെതിരെ സമൂഹമനഃസാക്ഷി ഉണർത്താൻ, പ്രവാചക ധീരതയോടെ, ജീവൻ സമൃദ്ധമായി നൽകാൻ തലമുറകൾക്കായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

**സഭയുടെ വിമോചന ദൗത്യം**

ക്രിസ്തു തന്റെ ദൗത്യം ആരംഭിക്കുന്നിടത്ത് ഇപ്രകാരം പ്രഖ്യാപിക്കുന്നു. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" ( ലൂക്കാ. 4,18 –19). ക്രിസ്തുവിന്റെ വിമോചന ദൗത്യം സഭയിലൂടെ ഇന്നും തുടരുന്നു. സമഗ്രവിമോചനം മനുഷ്യന്റെ സമസ്ത മേഖലകളിലും സാധ്യമാകുമ്പോഴാണ് കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കപ്പെടുന്നത്. സംസ്കാര സമ്പന്നമെന്ന് അഭിമാനിക്കുന്ന ദൈവത്തിന്റ സ്വന്തം നാട് ലഹരിയുടെ സ്വന്തം നാടായി മാറുമ്പോൾ, ലഹരിയുടെ നീരാളിപ്പിടുത്തം ജീവിതത്തിന്റെ എല്ലാ തലങ്ങളെയും കീഴടക്കുമ്പോൾ ജീവൻ പകർന്നു കൊടുക്കുവാനുള്ള വിശ്വാസസമൂഹത്തിന്റെ ദൗത്യവും പ്രസക്തിയും ഏറുകയാണ്.

ഉൽപത്തി മുതൽ വെളിപാട് വരെ മദ്യത്തിനെതിരെ ശക്തമായ നിലപാടുകളുണ്ട്. മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല. (1കൊറി 6,10) എന്ന വ്യക്തമായ താക്കീതുകളുമുണ്ട്. മദ്യവും ലഹരിയും തിന്മയും പാപവുമാണ്. എന്താണ് പാപം? പ്രമാണങ്ങളുടെ ലംഘനം, ദൈവത്തിൽ നിന്നുള്ള അകന്നുപോകൽ, സ്നേഹത്തിനെതിരായ പ്രവൃത്തികൾ, മൂല്യങ്ങളുടെ നിരാസം എന്നിവ പാപമാണെന്ന് സഭ പഠിപ്പിക്കുന്നു. പത്തു പ്രമാണങ്ങളെ ലംഘിക്കുവാനും ദൈവത്തിൽനിന്നും മനുഷ്യനിൽ നിന്നും അകലുവാനും സ്വയം നശിക്കുവാനും മദ്യം പ്രേരണ നൽകുന്നു. പാപത്തിലേക്ക് നയിക്കുന്ന പാപപ്രേരണയും തിന്മതന്നെ. മറ്റു മതങ്ങളും മദ്യപാനത്തെ തിന്മയും പാപവുമാണെന്ന് പഠിപ്പിക്കുന്നുണ്ട്. വിശ്വാസികളുടെ പരമോന്നത ലക്ഷ്യമായ സ്വർഗ്ഗരാജ്യത്തിന് തടസ്സം നിൽക്കുന്ന മാരകമായ തിന്മയാണ്

മദ്യപാനം. 'വ്യഭിചാരികളും സ്വവർഗ്ഗഭോഗികളും കള്ളന്മാരും അത്യാഗ്രഹികളും മദ്യപന്മാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല.'(1 കൊറി 6: 10). മദ്യപാനത്തിലൂടെ തന്റെ ശരീരം ദൈവത്തിന് വാസയോഗ്യമല്ലാതാക്കിത്തീർക്കുന്നവർ ദൈവത്തിന്റെ ശത്രുക്കളാണ്. 'ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കും എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ' (1 കൊറി 3: 17).

**തിരിച്ചറിവുകൾ**

ലഹരിയുടെ നീരാളിപ്പിടുത്തത്തിലാണ് കേരളമിന്ന്. പ്രകാശഗോപുരങ്ങൾ കണ്ണടക്കുന്നു എന്നതാണ് ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുരന്തം. കരുത്തുനൽകേണ്ടവരും കാവൽ നിൽക്കേണ്ടവരും കച്ചവടത്തിന്റെ കഴുകൻ കണ്ണുകളോടെ നാടിന്റെ നശീകരണത്തിനാക്കം കൂട്ടുന്നു. ജനക്ഷേമവും പൊതുജനാരോഗ്യവും ലക്ഷ്യം വയ്ക്കേണ്ടവർ, ഭരണാധികാരികൾ നാടിനെ നശിപ്പിക്കുന്ന മദ്യം വിൽക്കുന്ന അബ്കാരികളായി മാറുന്നു എന്നത് ഏറെ ഖേദകരമാണ്. ലഹരിക്കെതിരെയുള്ള മൃദുസമീപനവും പുകയിലയും പാൻ മസാലയും മദ്യലഹരികളും ഫലപ്രദമായി നിരോധിക്കുവാനോ നിയന്ത്രിക്കുവാനോ കഴിയാത്തതും ഈ നാടിന്റെ ശാപഗ്രസ്ഥമായ അവസ്ഥയാണ്. ഉത്തരവാദിത്തമില്ലായ്മയും നിസ്സംഗതയും ലഹരിക്കനുകൂലമായ സാഹചര്യങ്ങളും ഇന്ന് കേരളസമൂഹത്തിൽ സൃഷ്ടിച്ചിരിക്കുന്നു. ജനക്ഷേമമല്ല ജനദ്രോഹ നയങ്ങളാണ് ലഹരിയുടെ രംഗത്ത് സർക്കാരുകൾ സ്വീകരിച്ചിരിക്കുന്നത്. മദ്യത്തിന്റെ വിൽപ്പനക്കാരനായോ ഇടനിലക്കാരനായോ ഒരു ജനാധിപത്യ സർക്കാർ വർത്തിക്കുന്നത് അനുചിതമാണ്. ഒരോ പൗരന്റേയും സാമൂഹികവും സാമ്പത്തികവുമായ അഭിവൃദ്ധിക്ക് വേണ്ടിയാണ് സർക്കാരുകൾ നിലകൊള്ളേണ്ടത്.

മദ്യത്തിനടിമകളായി കടമകൾ മറക്കുന്ന മാതാപിതാക്കൾ തലമുറകൾക്ക് ശാപം വരുത്തുന്നു. ലഹരിക്കടിമയായ തൊഴിലാളി, ഉദ്യോഗസ്ഥൻ എന്നിവർ തങ്ങളുടെ തൊഴിലും സേവനവും പൂർണ്ണമായി ചെയ്യാൻ പരാജയപ്പെടുന്നു. മനുഷ്യവിഭവശേഷി സാരമായി കുറയുന്നു. രക്ഷകർ അന്തകരാകുന്നു. വഴിതെളിക്കേണ്ടവർ വഴി അടക്കുന്നു. സംരക്ഷകർ സംഹാരകരാകുന്നു. മാതൃക നൽകേണ്ടവർ മറുതലിച്ചു നിൽക്കുന്നു. ജീവന്റെ സമൃദ്ധി (യോഹ. 10: 10) എല്ലാവർക്കുമുള്ള അവകാശമാണെന്ന് മറക്കാതിരിക്കുക.

2011-2012 വർഷം ബിവറേജസ് ഷോപ്പുകളിൽ മാത്രം 7860 കോടിയുടെ മദ്യമാണ് വിറ്റത്. ഇതു മുഴുവനും പാവപ്പെട്ട തൊഴിലാ

ളികളുടെ അദ്ധ്വാനത്തിന്റെയും കുടുംബാംഗങ്ങളുടെയും കണ്ണീരിന്റെയും വിലയാണ്. 90,000 പേർ ദിവസവും ബിവറേജസ് ഷോപ്പിലെത്തുന്നുണ്ട്. ഗാർഹിക പീഡനങ്ങളിൽ 64 ശതമാനവും മദ്യാസക്തിയുടെ ഫലമാണ്. പുതിയ തലമുറ മനോരോഗികളായി മാറുന്നു. നൂറിൽ ഏഴ് ഭവനങ്ങളിൽ മനോവൈകല്യമുള്ളവർ ജനിക്കുന്നു. വിവാഹമോചന കേസുകളിൽ 90 ശതമാനത്തിനും കാരണം മദ്യപാനമാണ്. ആത്മഹത്യ, വിഷാദരോഗം, സ്ത്രീ പീഢനം, കുറ്റകൃത്യങ്ങൾ (87 ശതമാനം), വാഹനാപകടങ്ങൾ (85 ശതമാനം) എന്നിങ്ങനെ ദുരിതകഥകൾ നിരവധിയാണ്. മരണ സംസ്ക്കാരത്തിലേക്ക് കേരളം പാഞ്ഞടുക്കുകയാണ്.

ഈ മദ്യ സംസ്ക്കാരത്തിനെതിരെ സ്നേഹസംസ്ക്കാരം വളർത്തി കുടുംബത്തെയും ഇടവകയേയും നാടിനെയും ഈ സാമൂഹ്യ വിപത്തിൽനിന്നും രക്ഷിക്കുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ന്യായാധിപനായ സാംസന്റെ ജനനവാർത്ത അറിയിക്കുന്ന സമയത്ത് ദൂതൻ വന്ധ്യയായ മനോവയോട് ഇപ്രകാരം പറയുന്നു. 'നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അതുകൊണ്ട് നീ സൂക്ഷിക്കണം. വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ കുടിക്കരുത്' (ന്യായാ. 13: 3,4). സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ച് സഖറിയായ്ക്ക് വെളിപ്പെടുത്തുമ്പോൾ ദൂതൻ ഓർമ്മിപ്പിക്കുന്നു. 'കർത്താവിന്റെ സിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരി പാനീയങ്ങളോ അവൻ കുടിക്കുകയില്ല' (ലൂക്കാ. 1,15). ലഹരിമുക്തമായ കുടുംബവും കുടുംബപശ്ചാത്തലവും സാഹചര്യങ്ങളും ആരോഗ്യമുള്ള കുടുംബങ്ങൾക്കും ദൈവാനുഗ്രഹമുള്ള കുടുംബങ്ങൾക്കും ആവശ്യമാണെന്ന് ഈ സൂചനകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. മറ്റു കുടുംബങ്ങൾക്ക് മാതൃകയായി അവതരിപ്പിക്കുകയും ചെയ്യുന്നു.

**തലമുറകൾക്കായ് : ജാഗ്രതയോടെ ... പ്രതീക്ഷയോടെ**

ലഹരിമുക്തമായ ഒരു സമൂഹം തന്നെയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള യാത്ര തീർച്ചയായും ഏറെ ശ്രമകരമായ ഒന്നാണ്. സമ്പൂർണ്ണ മദ്യനിരോധനം സാധ്യമല്ല എന്ന് വാദിക്കുന്നവർ തീർച്ചയായും ബാഹ്യശക്തികളെ ഭയപ്പെടുകയും അവർക്ക് കീഴടങ്ങുകയും ചെയ്യുന്നവരാണ്. ഇച്ഛാശക്തിയോടെ ഒറ്റക്കെട്ടായി നിന്നാൽ അത് സാധ്യമാകും. മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കാലോചിതമല്ല എന്നും, ചിലനിയന്ത്രണങ്ങൾ മാത്രം മതി എന്ന ചിന്താഗതിക്കാരുമുണ്ട്. ഇക്കൂട്ടർ സങ്കുചിതമായി ചിന്തിക്കുന്നവരും, വലിയ ഉത്തരവാദിത്തം ഏറ്റെടുത്ത് പ്രവർത്തിക്കാൻ മടിക്കുന്നവരുമാണ്.

ലഹരിയ്ക്കെതിരായ പോരാട്ടത്തിൽ നാം കാണിക്കുന്ന അലം ഭാവത്തിനും അലസതയ്ക്കും പ്രതികരണമില്ലായ്മക്കും വലിയ വില കൊടുക്കേണ്ടിവരും. ഒരിക്കലും കൊടുത്തുതീർക്കാനാവാത്ത വില. വലിയ നഷ്ടം സഹിക്കേണ്ടിവരും. തലമുറകൾ ശാപഗ്രസ്തമായി പ്പോകുന്ന നികത്താനാവാത്ത നഷ്ടം. തമ്പുരാന്റെ മുമ്പിൽ, മനുഷ്യ ജീവന്റെയും ആത്മാവിന്റെയും കണക്കുകൊടുക്കേണ്ടിവരും. കടമ മറ ന്നവന്റെ മരവിപ്പോടെ വലിയ നിലവിളികൾക്കുമുമ്പിൽ നിസ്സഹായരായി നിൽക്കേണ്ടി വരും. ഒരു ചെറു വിരൽപോലും അനക്കാനാവാതെ, ഒന്ന് ആശ്വസിപ്പിക്കാനാവാതെ, വലിയ തെറ്റുകൾക്ക് മുമ്പിൽ കണ്ണടക്കേണ്ടി വരും. ഒരിക്കലും തിരുത്താനാവാത്ത മാരകമായ പ്രവണതകൾക്കു മുമ്പിൽ നിശബ്ദരാകേണ്ടിവരും. ആർക്കും തിരിച്ചെടുക്കാനാവാതെ, രക്ഷിക്കാനാവാതെ ഒരു സമൂഹം മുഴുവൻ നാശത്തിലേക്ക് വഴുതി വീഴു മ്പോൾ നിഷ്ക്രിയമായിപ്പോകുന്ന ദുരവസ്ഥ നമുക്കുണ്ടാകാതിരിക്കട്ടെ.

**കെ.സി.ബി.സി. മദ്യവിരുദ്ധസമിതി**

മദ്യക്കടലിലും ലഹരിയുടെ താഴ്‌വാരങ്ങളിലും വസിക്കുന്ന കേരള സമൂഹത്തിന്റെ കണ്ണുനീരിന്റെയും തേങ്ങലിന്റെയും ഉത്തരമാണ് കെ. സി.ബി.സി. മദ്യവിരുദ്ധ സമിതി. 'മദ്യവിമുക്തസഭയും സമൂഹവും' എന്ന ലക്ഷ്യം സാർത്ഥകമാക്കുന്നതിനുവേണ്ടി, 1998ൽ രൂപപ്പെട്ട പ്രസ്ഥാ നമാണിത്. ത്രിതല പ്രവർത്തന ശൈലിയാണ് സമിതി സ്വീകരിച്ചിരി ക്കുന്നത്. ബോധവൽകരണ പരിപാടികളിലൂടെ ലഹരിക്കെതിരെയുള്ള അവബോധം സൃഷ്ടിക്കലാണ് ഡിമാന്റ് റിഡക്ഷൻ. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാൻ സർക്കാർ തലത്തിലും പദ്ധതി രൂപീകരണത്തി നായി വകുപ്പ് തലത്തിലും നടത്തുന്ന സമര സമ്മർദ്ദ പ്രതിഷേധ പരിപാ ടികളാണ് സപ്ലൈ റിഡക്ഷൻ. ലഹരിക്കടിമപ്പെട്ടവരെ ചികിത്സിച്ച് പുനര ധിവസിപ്പിക്കുകയാണ് റിസ്ക് റിഡക്ഷൻ. ഇടവക, ഫൊറോന, രൂപത റീജിയൻ സംസ്ഥാന തലങ്ങളിൽ കേരളത്തിലെ 30 കത്തോലിക്കാ രൂപ തകളിലും ഇന്ന് സമിതി സജീവമായി പ്രവർത്തിക്കുന്നു.

ലഹരി മോചനപ്രവർത്തനങ്ങൾക്ക് കേരള കത്തോലിക്കാസഭ യുടെ മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു. ലഹരി വിരുദ്ധ പോരാട്ടം സഭയുടെ പ്രധാന അജണ്ടയാക്കുവാനും, സഭയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ മദ്യപർ വരാതിരിക്കുവാനും ശ്രദ്ധിക്കണം. സഭാസ്ഥാപനങ്ങൾ മദ്യവ്യാപാരത്തിന് നൽകുകയോ, ഇത്തരക്കാരിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുകയോ അരുത്. മതബോധന പാഠാവലി, സന്യസ്ത പരിശീലനം, വിവാഹ ഒരുക്ക സെമിനാറുകൾ എന്നിവയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തണം.

എല്ലാ ഇടവകകളിലും യൂണിറ്റുകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവ തുടങ്ങുകയും, ആഘോഷങ്ങളിൽ മദ്യം ഒഴിവാക്കാൻ ഇടവക വികാരി മാർ നിർദ്ദേശിക്കുകയും വേണം. എല്ലാ സഭാസ്ഥാപനങ്ങളുടെയും മുമ്പിൽ ലഹരിവിരുദ്ധ സന്ദേശം അടങ്ങിയ ബോർഡുകൾ സ്ഥാപി ക്കുകയും, മാധ്യമങ്ങളിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ നൽകുക യും ചെയ്യുക. യുവജനങ്ങളെയും കുട്ടികളെയും ലഹരിക്കെതിരെ സജ്ജമാക്കുകയും സർഗ്ഗാത്മകമായി അവരിലെ കഴിവുകൾ പ്രയോജ നപ്പെടുത്തുകയും ചെയ്യുക. മദ്യ-മയക്കുമരുന്ന് ഉപയോഗവും ആസ ക്തിയും തിൻമയാണെന്നും അത് ഉപയോഗിക്കുകയോ വിപണനം നട ത്തുകയോ ചെയ്യരുതെന്നും നിഷ്കർഷിക്കുന്നു.

മനുഷ്യനെ വലിയ നാശത്തിലേക്ക് തള്ളിവിടുന്ന ലഹരിക്കെ തിരെ ഒരു പടപ്പുറപ്പാടിന്റെ സമയമാണിത്; സഭയുടെ എല്ലാ സംവിധാ നങ്ങളും പ്രവർത്തനങ്ങളും അതിനായി ഉപയോഗിച്ചാൽ കൂട്ടായ പ്രവർത്തനത്തിലൂടെ ഈ സമൂഹത്തെ വളരുന്ന തലമുറയെ ഒരു പരി ധിവരെ നമുക്ക് രക്ഷിച്ചെടുക്കാനാകും. അതിവേഗം നാശത്തിലേക്ക് പാഞ്ഞടുക്കുന്നവരെ പിൻതിരിപ്പിക്കുക ഏറ്റവും വലിയ പരോപ കാരമാണ്. സഹോദരന്റെ അന്തകനാകാതെ കാവൽക്കാരനാകാനുള്ള വിളിയുടെ തുടർച്ചയാണ്. രോഗാതുരവും മരണാസന്നവുമായ ഈ സാമൂഹ്യതിന്മയെ അവഗണിച്ചുകൊണ്ട് മുന്നോട്ട് പോകാൻ നമുക്കാ വില്ല. കേരളസഭയുടെ ലഹരി മോചന പ്രവർത്തനങ്ങളിൽ പങ്കാളിക ളാകുവാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

പൈതൃകാശംസകളോടെ,

**ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)
**ബിഷപ്പ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)
**ബിഷപ്പ് ഡോ. റെമിജിയോസ് ഇഞ്ചനാനിയിൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)

---

**NB:- ഈ ഇടയലേഖനം 2013 ജനുവരി മാസം 27-ന് ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായി ക്കേണ്ടതാണ്.**

**നമ്മുടെ രൂപതയിൽ ജനുവരി 27-ാം തീയതി രൂപതാവിദ്യാ ഭ്യാസ നിധിയിലേയ്ക്കുള്ള പൊതുപിരിവ് ആയതിനാൽ ഫെബ്രുവരി മാസം 3-ാം തീയതി ഞായറാഴ്ച മദ്യവിരുദ്ധ പ്രവർത്ത നങ്ങൾക്കായി സ്തോത്രക്കാഴ്ച എടുത്ത് നൽകേണ്ടതാണ്.**

# കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ആഗോളദിനം

## 2013 ജനുവരി 13 ഞായർ

## ബെനഡിക്ട് 16–ാമൻ മാർപാപ്പായുടെ സന്ദേശം

## കുടിയേറ്റങ്ങൾ: വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തീർത്ഥാടനം

**പ്രിയ സഹോദരീസഹോദരന്മാരേ,**

രണ്ടാം വത്തിക്കാൻ കൗൺസിൽ *ഗാവുദിയും ഏത്ത് സ്പെസ്* (സന്തോഷവും പ്രത്യാശയും) എന്ന അജപാലനപ്രമാണരേഖയിൽ "സഭ മനുഷ്യവംശത്തോടൊത്ത് മുന്നേറുന്നു" (നമ്പർ 40) വെന്ന് അനുസ്മരിച്ചു. അതുകൊണ്ട് "ഇക്കാലത്തെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരുടെയും പീഡിതരുടെയും സന്തോഷവും പ്രത്യാശയും സങ്കടവും തീവ്രവേദനയും ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. കലർപ്പില്ലാത്ത മനുഷ്യത്വത്തോടുകൂടിയ സകലതും വാസ്തവത്തിൽ അവരുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട്" (ഗാവുദിയും എത്ത് സ്പെസ്, 1).

ദൈവദാസനായ പോൾ ആറാമൻ *പോപ്പുളോരും പ്രൊഗ്രെസ്യോ (ജനതകളുടെ പുരോഗതി)* എന്ന ചാക്രികലേഖനത്തിൽ സഭയെ "മനുഷ്യത്വത്തിന്റെ വിദഗ്ധ" (നമ്പർ 13) എന്നു വിളിച്ചപ്പോൾ ആ വാക്കുകൾ പ്രതിധ്വനിപ്പിക്കുകയായിരുന്നു. ജോൺപോൾ രണ്ടാമൻ മാർപാപ്പാ *ചെന്തേസീമൂസ് അന്നൂസ്* (നൂറാംവർഷം) എന്ന ചാക്രികലേഖനത്തിൽ "സഭ തന്റെ ദൗത്യം നിറവേറ്റാൻ സഞ്ചരിക്കേണ്ട പ്രാഥമികമാർഗം, ക്രിസ്തുതന്നെ കാണിച്ചുതന്ന മാർഗം" (നമ്പർ 53), മനുഷ്യവ്യക്തിയാണെന്നു പ്രസ്താവിച്ചപ്പോഴും അങ്ങനെ തന്നെ ചെയ്യുകയായിരുന്നു.

എന്റെ മുൻഗാമികളുടെ കാലടികൾ പിന്തുടർന്നുകൊണ്ട് *കാരിത്താസ് ഇൻ വേരിത്താത്തെ* (സത്യത്തിൽ സ്നേഹം) എന്ന ചാക്രികലേഖനത്തിൽ ഞാൻ ഇങ്ങനെ ഊന്നിപ്പറയാൻ ശ്രമിച്ചു: "മുഴുവൻ സഭയും തന്റെ മുഴുവൻ അസ്തിത്വത്തിലും പ്രവർത്തനത്തിലും – പ്രഘോഷിക്കുമ്പോഴും ആഘോഷിക്കുമ്പോഴും ജീവകാരുണ്യപ്രവൃത്തികൾ ചെയ്യുമ്പോഴും – സമഗ്രമാനുഷിക വികസനത്തെ പരിപോഷിപ്പിക്കുന്നതിൽ ഏർപ്പെടുകയാണ്" (നമ്പർ 11).

വിവിധ കാരണങ്ങളാൽ കുടിയേറ്റം അനുഭവിച്ചറിഞ്ഞ ദശലക്ഷക്കണക്കിനു സ്ത്രീപുരുഷന്മാരെക്കുറിച്ചും ഞാൻ ചിന്തിക്കുകയായിരുന്നു. കുടിയേറ്റം, അതിൽ ഉൾപ്പെടുന്നവരുടെ യഥാർത്ഥസംഖ്യ, അത് ഉയർത്തുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായ പ്രശ്നങ്ങൾ, രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്രസമൂഹത്തിനുമെതിരേ അത് ഉയർത്തുന്ന വെല്ലുവിളി എന്നിവമൂലം വാസ്തവത്തിൽ വിസ്മയിപ്പിക്കുന്ന ഒരു പ്രതിഭാസമായിരിക്കുന്നു" (സത്യത്തിൽ സ്നേഹം, 62). എന്തെന്നാൽ "ഓരോ കുടിയേറ്റക്കാരനും മനുഷ്യവ്യക്തിയാണ്. അതുകൊണ്ട് തന്നെ ഓരോ വ്യക്തിയും ഓരോ സാഹചര്യത്തിലും ആദരിക്കേണ്ടവയും അന്യാധീനപ്പെടുത്താനാവാത്തവയുമായ മൗലികാവകാശങ്ങളുടെ ഉടമയുമാണ്" (സത്യത്തിൽ സ്നേഹം 62).

ഇക്കാരണത്താൽ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും വേണ്ടിയുള്ള 2013-ലെ ലോകദിനത്തിൽ "കുടിയേറ്റങ്ങൾ: വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തീർത്ഥാടനം" എന്ന പ്രമേയം പരിചിന്തനം ചെയ്യാൻ ഞാൻ തീരുമാനിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ 50-ാം വാർഷികം, *എക്സുൾ ഫമീലിയ* (ബഹിഷ്കൃതകുടുംബം) എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻ പുറപ്പെടുവിച്ചതിന്റെ 60-ാം വാർഷികം, നവസുവിശേഷവത്കരണത്തിനുള്ള വെല്ലുവിളി ആവേശത്തോടെ സ്വീകരിച്ച് ആഗോളസഭ വിശ്വാസവർഷം ആഘോഷിക്കുന്ന സന്ദർഭം എന്നിവയോടു അനുബന്ധിച്ച്, ഇപ്രകാരം ചിന്തിക്കാൻ ഞാൻ ആഗ്രഹിച്ചു.

അനേകം കുടിയേറ്റക്കാരുടെ ഹൃദയങ്ങളിൽ ശരണവും പ്രത്യാശയും അവിഭാജ്യമായി നിലകൊള്ളുന്നു. മെച്ചപ്പെട്ട ജീവിതമുണ്ടായിരിക്കണമെന്ന് തീവ്രമായി ആഗ്രഹിക്കുന്ന അവർ വാഗ്ദാനങ്ങൾ നല്കാതിരിക്കുന്ന ഭാവിയുടെ "നിരാശ" പരിത്യജിക്കാൻ കൂടെക്കൂടെ പരിശ്രമിക്കുന്നുണ്ട്. ദൈവം തന്റെ മക്കളെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന അഗാധമായ വിശ്വാസം അവരിൽ പലരെയും അവരുടെ യാത്രയിൽ താങ്ങിനിറുത്തുന്നു. ഈ സുനിശ്ചിതത്വമാണ് പിഴുതെറിയലിന്റെയും വേർപെടുത്തലിന്റെയും വേദനയെ ലഘുകരിക്കുകയും കൂടുതൽ സഹനീയമാക്കുകയും ചെയ്യുന്നത്. കാലക്രമേണ മാതൃരാജ്യത്തേക്ക് തിരിച്ചു ചെല്ലാനാവുമെന്ന പ്രത്യാശയും അത് അവർക്ക് പ്രദാനം ചെയ്യുന്നു. കുടിയേറ്റക്കാർ

മിക്കപ്പോഴും കൈവശം വച്ചിരിക്കുന്നവയുടെ കൂട്ടത്തിൽ വിശ്വാസവും പ്രത്യാശയുമുണ്ടായിരിക്കും. അവർ ഒരു വസ്തുത അറിയുന്നു. അതായത്, "അവ മൂലം നമ്മുടെ വർത്തമാനകാലത്തെ നമുക്കു നേരിടാൻ കഴിയും. വർത്തമാനകാലം ക്ലേശം നിറഞ്ഞതാണെങ്കിലും അത് ഒരു ലക്ഷ്യത്തിലേക്കു നയിക്കുന്നുവെങ്കിൽ, ആ ലക്ഷ്യത്തെ ക്കുറിച്ചു നമുക്ക് ഉറപ്പുണ്ടെങ്കിൽ, അതിലേക്കുള്ള യാത്രയ്ക്ക് വേണ്ടിവരുന്ന അധ്വാനത്തെ നീതീകരിക്കാൻ തക്കവിധം ആ ലക്ഷ്യം വലുതാണെങ്കിൽ അതു സ്വീകരിക്കാനും അതനുസരിച്ച് ജീവിക്കാനും നമുക്കു കഴിയും" (പ്രത്യാശയിൽ രക്ഷ, 1).

കുടിയേറ്റത്തിന്റെ വിപുലമായ മേഖലയിൽ സഭ വിവിധരീതികളിൽ തന്റെ മാതൃസഹജമായ താത്പര്യം വ്യക്തമാക്കുന്നു. ഒരു വശത്ത്, മിക്കപ്പോഴും വേദനാജനകവും ദുരന്തപരവുമായ സാഹചര്യങ്ങളിലേക്ക് നയിക്കുന്നവയും കുടിയേറ്റത്തിലുള്ളവയുമായ കടുത്ത ദാരിദ്ര്യം, യാതന എന്നിവയ്ക്ക് സഭ സാക്ഷ്യം വഹിക്കുന്നു. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഇടവകപരവും രൂപതാപരവുമായ സംഘടനകളുടെയും ഉദാരമായ സഹായത്തോടെ, സന്മനസ്സുള്ള സകലരുടെയും സഹകരണത്തോടെ, അടിയന്തിരാ വശ്യങ്ങൾ നേരിടാൻ ലക്ഷ്യം വയ്ക്കുന്ന കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യാൻ ഇതു സഭയെ പ്രചോദിപ്പിക്കുന്നു.

കുടിയേറ്റങ്ങൾ നല്കുന്ന ഭാവാത്മകവശങ്ങളെയും സാധ്യതകളെയും വിഭവങ്ങളെയും ഉയർത്തിക്കാണിക്കാനും സഭ പരിശ്രമിക്കുന്നുണ്ട്. ഈ പ്രവർത്തനരീതിക്ക് അനുസൃതമായി കുടിയേറ്റക്കാരുടെയും ആശ്രയം തേടുന്നവരുടെയും അഭയാർത്ഥിക ളുടെയും പൂർണമായ ഉദ്ഗ്രഥനത്തെ സഹായിക്കാനും താങ്ങി നിറുത്താനുമുള്ള കർമ്മപരിപാടികളും സ്വാഗതകേന്ദ്രങ്ങളും സ്ഥാപിച്ചുകഴിഞ്ഞു. ഓരോ വ്യക്തിയുടെയും ജീവിതത്തിനു മൗലികമായിട്ടുള്ള മതാത്മകമാനത്തെ അവഗണിക്കാതെതന്നെ അവരെ പുതിയൊരു സാമൂഹിക-സാംസ്കാരിക സാഹചര്യത്തോടു സമന്വയിപ്പിക്കാനാണ് അങ്ങനെ ചെയ്തിരിക്കുന്നത്.

യഥാർത്ഥത്തിൽ ക്രിസ്തു ഭരമേല്പിച്ച ദൗത്യത്തിന്റെ ശക്തിയാൽ, ഈ മാനത്തിനാണ് സഭ സവിശേഷ ശ്രദ്ധയും പരിചരണവും നല്കേണ്ടത്. ഇതാണ് സഭയുടെ ഏറ്റവും പ്രധാനപ്പെട്ടതും സവിശേഷവുമായ കർത്തവ്യം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നുചേരുന്ന ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം മതാത്മക മാനത്തോടുള്ള ശ്രദ്ധയിൽ എക്യുമെനിക്കൽ സംവാദവും പുതിയ സമൂഹങ്ങളുടെ പരിശീലനവും ഉൾപ്പെടുന്നുണ്ട്. അതേ സമയം കത്തോലിക്കാ വിശ്വാസികളെ സംബന്ധിച്ചിടത്തോളം മറ്റു പലതിന്റെയും കൂട്ടത്തിൽ പ്രാദേശിക സഭാത്മകസമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായ പങ്കുചേരലിനെ പോഷിപ്പിക്കുന്നതിന് പുതിയ അജപാലനവ്യവസ്ഥിതി ക്രോഡീകരിക്കുകയെന്നതും വിവിധ റീത്തുകളോടുള്ള ആദരം പ്രദർശിപ്പിക്കുകയെന്നതും അതിൽ ഉൾപ്പെടുന്നു.

"ലോകത്തിന്റെ ഏകരക്ഷകനായ കർത്താവിലേക്കുള്ള യഥാർത്ഥവും നവീകൃതവുമായ മാനസാന്തരത്തിലേക്ക്" (വിശ്വാസത്തിന്റെ വാതിൽ, 6) വഴി തുറക്കുന്ന ആധ്യാത്മിക സംസർഗ ത്തോടൊപ്പം പോകുന്ന ഒന്നാണ് മാനുഷിക സമുദ്ധാരണം. സുസ്ഥിരവും വിശ്വസനീയവുമായ പ്രത്യാശയിലേക്കുള്ള വഴി തുറക്കുന്ന ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലേക്കു ജനങ്ങളെ നയിക്കുമ്പോൾ അമൂല്യമായ ഒരു സമ്മാനമാണ് സഭ എപ്പോഴും നല്കുന്നത്.

കുടിയേറ്റക്കാരെയും അഭയാർത്ഥികളെയും പരിഗണിക്കുന്ന സ്ഥലങ്ങളിൽ സഭയും അതിന്റെ വിവിധ ഏജൻസികളും ജീവകാരുണ്യപരമായ സേവനങ്ങൾ മാത്രം കാഴ്ചവയ്ക്കുന്ന നിലപാട് ഒഴിവാക്കണം. സമൂഹത്തിൽ യഥാർത്ഥമായ ഉദ്ഗ്രഥനം വളർത്താനുംകൂടി വിളിക്കപ്പെട്ടവരാണവർ. ആ സമൂഹത്തിൽ എല്ലാവരും സജീവപ്രവർത്തകരും മറ്റുള്ളവരുടെ ക്ഷേമത്തിന് ഉത്തരവാദികളുമായിരിക്കണം. സർഗാത്മക സംഭാവന ഉദാരതയോടെ നല്കികൊണ്ട് ഒരേ അവകാശങ്ങളും കടമകളും ശരിയായി പങ്കുവയ്ക്കുന്നവരുമായിരിക്കണം.

കുടിയേറ്റക്കാർ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ബോധമുള്ളവരാണ്. അത് ജീവിതത്തിൽ മെച്ചപ്പെട്ട അവസരങ്ങൾ അന്വേഷിക്കാൻ അവരെ പ്രചോദിപ്പിക്കുകയും അതിൽ താങ്ങിനിറുത്തുകയും ചെയ്യുന്നുണ്ട്. എന്നാലും തങ്ങളുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ സ്ഥിതി മെച്ചപ്പെടുത്താൻ മാത്രമല്ല അവർ പരിശ്രമിക്കുന്നത്. കുടിയേറ്റത്തിന്റെ അനുഭവം മിക്കപ്പോഴും ഭയത്തിലാണ് തുടങ്ങുന്നതെന്നത് സത്യമാണ് – പ്രത്യേകിച്ച്, മതപീഡനവും അക്രമവും അതിന്റെ കാരണമായിരി ക്കുമ്പോൾ, ഒരുവിധത്തിൽ നിലനില്പിനുള്ള ഉറപ്പു നല്കിയിരിക്കുന്ന

കുടുംബവും വസ്തുവകകളും പരിത്യജിക്കേണ്ടിവന്നതുമൂലമുള്ള ആഘാതത്തിൽ അതു തുടങ്ങുമ്പോൾ അപ്രകാരമായിരിക്കും. എന്നാലും സഹനവും വലിയ നഷ്ടങ്ങളും ചിലപ്പോൾ അനിശ്ചിതഭാവിയുടെ മുമ്പിലുണ്ടാകുന്ന ലക്ഷ്യബോധ നഷ്ടവും പുതിയൊരു രാജ്യത്ത് ശരണത്തോടും ധീരതയോടും കൂടി ഒരു പുതിയ ജീവിതം പടുത്തുയർത്താൻ കഴിയുമെന്ന സ്വപ്നത്തെ നശിപ്പിക്കുന്നില്ല. സ്വീകരണവും ദൃഢൈക്യവും സഹായവും കണ്ടെത്തുമെന്ന് കുടിയേറ്റക്കാർ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ട്. മറ്റുള്ളവർ അനുഭവിച്ച നിരാശയും ദുരന്തവും സഹതാപത്തോടെ കാണുന്ന ആളുകളെ കണ്ടുമുട്ടുമെന്ന് അവർ വിശ്വസിക്കുന്നു. മറ്റുള്ളവർക്ക് പ്രദാനംചെയ്യാൻ കുടിയേറ്റക്കാർക്കു കഴിയുന്ന വിഭവങ്ങളെ അംഗീകരിക്കുന്ന, ആവശ്യത്തിൽ പെട്ടവരോടും പ്രതികൂലസാഹചര്യത്തിലുള്ളവരോടും മാനുഷികമായും ഭൗതികമായും പങ്കുവയ്ക്കാൻ സന്മനസ്സുള്ള, ആളുകളെ കണ്ടുമുട്ടുമെന്ന് അവർ വിശ്വസിക്കുന്നുണ്ട്. "നമുക്ക് ഉപകാരം ചെയ്യുന്ന മാനുഷിക ദൃഢൈക്യമെന്ന യാഥാർത്ഥ്യം ഒരു കടമകൂടി നമ്മെ ഏല്പിക്കുന്നുണ്ട്" (*സത്യത്തിൽ സ്നേഹം,* 43) എന്ന വസ്തുത ഗ്രഹിക്കുകയെന്നത് സുപ്രധാന കാര്യമാണ്.

കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും തങ്ങളുടെ പ്രയാസങ്ങളോടൊപ്പം സ്വാഗതം ചെയ്യുന്ന പുതിയ ബന്ധങ്ങൾ അനുഭവിക്കാൻ കഴിയും. ആ ബന്ധങ്ങൾ അവരെ അവരുടെ പുതിയ രാജ്യങ്ങളെ തങ്ങളുടെ തൊഴിൽപരമായ വൈദഗ്ധ്യംകൊണ്ടും സാമൂഹിക-സാംസ്കാരിക പൈതൃകം കൊണ്ടും മിക്കപ്പോഴും വിശ്വാസ സാക്ഷ്യംകൊണ്ടും സമ്പന്നമാക്കാൻ സാധിക്കുന്നവരാക്കും. പൗരാണിക ക്രൈസ്തവ പാരമ്പര്യമുള്ള സമൂഹങ്ങളിലേക്ക് പുതിയ ഊർജ്ജവും ജീവനും പകരാൻ വിശ്വാസ സാക്ഷ്യത്തിനു കഴിയും. ക്രിസ്തുവിനെ കണ്ടുമുട്ടാനും സഭയെ അറിയാനും മറ്റുള്ളവരെ ക്ഷണിക്കാൻ അതിനു കഴിയും.

കുടിയേറ്റം നിയന്ത്രിക്കാൻ ഓരോ രാജ്യത്തിനും തീർച്ചയായും അവകാശമുണ്ട്. പൊതുനന്മയുടെ പൊതുവായ ആവശ്യങ്ങളനുസരിച്ച് നയങ്ങൾ ക്രോഡീകരിക്കാനും അവകാശമുണ്ട്. അവയെല്ലാം ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വത്തോടുള്ള ബഹുമാനം കാത്തുസൂക്ഷിക്കുന്നതായിരിക്കണമെന്നേയുള്ളൂ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "*സന്തോഷവും പ്രത്യാശയും*" എന്ന കോൺസ്റ്റിറ്റ്യൂഷന്റെ 65-ാം ഖണ്ഡികയിൽ ഓർമ്മിപ്പിക്കുന്നതുപോലെ, കുടിയേറാൻ വ്യക്തികൾക്കുള്ള അവകാശം മൗലികാവകാശങ്ങളിൽ ഒന്നായി

എണ്ണപ്പെട്ടിരിക്കുന്നു. വ്യക്തികൾക്ക് തങ്ങളുടെ കഴിവുകളും ആഗ്രഹങ്ങളും പദ്ധതികളും സാക്ഷാത്കരിക്കാൻ ഉത്തമയായ സ്ഥലമെന്നു കരുതുന്ന എവിടെയും താമസിക്കാൻ അത് അനുവദിക്കുന്നുണ്ട്.

എന്നാൽ ഇന്നത്തെ സാമൂഹിക രാഷ്ട്രീയ സാഹചര്യത്തിൽ കുടിയേറാനുള്ള അവകാശത്തിനു മുമ്പേതന്നെ കുടിയേറ്റം നടത്താതിരിക്കാനുള്ള അവകാശം - അതായത് മാതൃരാജ്യത്തു തന്നെ നിവസിക്കാനുള്ള അവകാശം - ഉറപ്പാക്കേണ്ടതുമുണ്ട്. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ പ്രസ്താവിച്ചതുപോലെ "സ്വന്തം രാജ്യത്തു ജീവിക്കുകയെന്നത് ഒരു മൗലിക മനുഷ്യാവകാശമാണ്. എന്നാൽ കുടിയേറ്റം നടത്താൻ ആളുകളെ നിർബന്ധിക്കുന്ന ഘടകങ്ങളെ സ്ഥിരമായി നിയന്ത്രണവിധേയമാക്കിയാലേ ഈ അവകാശങ്ങൾ കാര്യക്ഷമമാകുകയുള്ളൂ" *(കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും അജപാലന ശുശ്രൂഷയെ സംബന്ധിച്ച നാലാമത്തെ ആഗോള സമ്മേളനത്തിലെ അഭിസംബോധന, ഖണ്ഡിക 9).*

ഇന്ന് വാസ്തവത്തിൽ സാമ്പത്തിക അസ്ഥിരത, അവശ്യവസ്തുക്കളുടെ ദൗർലഭ്യം, പ്രകൃതിപരമായ ദുരന്തങ്ങൾ, യുദ്ധങ്ങളും സാമൂഹികാസ്വസ്ഥതയും എന്നിവയുടെ ഫലമാണ് അനേകം കുടിയേറ്റങ്ങളെന്ന് നമുക്കു കാണാം. അപ്പോൾ ശരണവും വിശ്വാസവും പ്രത്യാശയും നിറഞ്ഞ ഒരു തീർത്ഥാടനത്തിനു പകരം കുടിയേറ്റം നിലനില്പിനുവേണ്ടി നടത്തുന്ന ഒരഗ്നിപരീക്ഷയായി മാറുന്നു. അവിടെ സ്ത്രീപുരുഷന്മാർ കുടിയേറാനുള്ള തീരുമാനത്തിന്റെ ഉത്തരവാദിത്വമുള്ള പ്രവർത്തകരെന്നതിനെക്കാൾ ബലിയാടുകളാവുകയാണ്. അതിന്റെ ഫലമായി ചില കുടിയേറ്റക്കാർ തൃപ്തികരമായ സാമൂഹികപദവിയും അന്തസ്സുള്ള ജീവിതനിലവാരവും നേടുമ്പോൾ മറ്റുള്ള അനേകർ പാർശ്വവത്കരിക്കപ്പെട്ടവരും മിക്കപ്പോഴും ചൂഷണവിധേയരും മൗലികാവകാശങ്ങൾ അപഹരിക്കപ്പെട്ടവരുമായിത്തീരുകയാണ്. അല്ലെങ്കിൽ അവർ ആതിഥേയ സമൂഹത്തിന് ദ്രോഹകരമായ പെരുമാറ്റരീതികളിൽ ഏർപ്പെടുന്നവരാകുകയാണ്.

ഉദ്ഗ്രഥനപ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ് അവകാശങ്ങളും കടമകളും കുടിയേറിയവരുടെ മഹത്ത്വീകൃതമായ അസ്തിത്വത്തിലുള്ള ശ്രദ്ധയും താത്പര്യവും. തങ്ങൾ ഇപ്പോൾ ഏതു സമൂഹത്തിലെ അംഗങ്ങളായിരിക്കുന്നുവോ ആ സമൂഹം നല്കുന്ന മൂല്യങ്ങളെ ശ്രദ്ധിക്കുകയെന്നതും അത് ആവശ്യപ്പെടുന്ന കാര്യമാണ്.

ഇതിനെ സംബന്ധിച്ചിടത്തോളം നിയമവിരുദ്ധമായ കുടിയേറ്റമെന്ന പ്രശ്നം നാം അവഗണിക്കരുത്. ഈ പ്രശ്നം, മനുഷ്യരെ പ്രത്യേകിച്ച് സ്ത്രീകളെയും കുട്ടികളെയും കള്ളക്കടത്തിന് ഇരകളാക്കുകയും അവരെ ചൂഷണവിധേയരാക്കുകയും ചെയ്യുന്നതിന്റെ രൂപത്തിലാകുമ്പോൾ കൂടുതൽ അടിയന്തിര സ്വഭാവമുള്ള തായിത്തീരുന്നു. ഇത്തരം കുറ്റകൃത്യങ്ങളെ വ്യക്തമായി ശപിച്ചുതള്ളുകയും കുറ്റക്കാർക്കെതിരേ നിയമനടപടികൾ നടപ്പാക്കുകയും വേണം. അതേസമയം ക്രമാനുസൃതമായ ഒരു കുടിയേറ്റനയം ഉണ്ടായിരിക്കുകയും വേണം. അതാകട്ടെ, വായുപോലും കടക്കാത്ത അതിർത്തിക്കുള്ളിൽ അവസാനിക്കാ ത്തതായിരിക്കണം. നിയമവിരുദ്ധ കുടിയേറ്റക്കാർക്കെതിരേ സ്വീകരിക്കുന്ന കടുത്ത നിബന്ധനകളും പുതിയ കുടിയേറ്റങ്ങളെ നിരുത്സാഹപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള നടപടികളുടെ സ്വീകരണവും വഴി അത്തരം മനുഷ്യക്കടത്തിന്റെ രൂപങ്ങൾക്ക് ഇരയാവുകയെന്ന അപകടത്തിൽ നിന്ന് അനേകം കുടിയേറ്റക്കാരെ മാറ്റി നിറുത്താ നെങ്കിലും കഴിയും.

കുടിയേറ്റക്കാർ വിട്ടുപോകുന്ന രാഷ്ട്രങ്ങളുടെ വികസനത്തിന് വ്യവസ്ഥാപിതവും ബഹുപക്ഷീയവുമായ ഇടപെടലുകൾ, മനുഷ്യക്കടത്ത് ഉന്മൂലനം ചെയ്യാനുള്ള കാര്യക്ഷമമായ എതിർ നടപടികൾ, നിയമാനുസൃതപ്രവേശനത്തെ നിയന്ത്രിക്കുന്ന സമഗ്രപദ്ധതികൾ എന്നിവ അത്യന്താപേക്ഷിതമാണ്. രാഷ്ട്രീയാഭയ മെന്നതിലുപരി മാനുഷികസംരക്ഷണം ആവശ്യമായിരിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ പരിഗണിക്കാൻ കൂടുതൽ വർധിച്ച തുറവുണ്ടാകുകയും വേണം.

സമുചിതമായ നിയമനിർമ്മാണത്തിനു പുറമേ മനസ്സുകളെയും മനസ്സാക്ഷികളെയും രൂപപ്പെടുത്താനുള്ള ക്ഷമാപൂർവകവും സുസ്ഥിരവുമായ പരിശ്രമവും ആവശ്യമാണ്. ഇക്കാര്യങ്ങളിലെല്ലാം മനുഷ്യവ്യക്തിയുടെ സമഗ്രവിമോചനത്തിനു സ്വയം സമർപ്പിച്ച സഭാപരമായ സ്ഥാപനങ്ങളും മറ്റുസ്ഥാപനങ്ങളും പരസ്പര ധാരണയും സഹകരണവും ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുകയെന്നത് സുപ്രധാന കാര്യമാണ്. ക്രൈസ്തവവീക്ഷണത്തിൽ, "സമ്പൂർണമനുഷ്യനായ ക്രിസ്തുവിനെ അനുഗമിക്കുന്ന ഏതു വ്യക്തിയും ഉത്തമ മനുഷ്യനാകും" *(സന്തോഷവും പ്രത്യാശയും,* 41) എന്ന് അറിഞ്ഞുകൊണ്ട് സുവിശേഷത്തോടു പുലർത്തുന്ന വിശ്വസ്തതയിൽ നിന്ന് സാമൂഹികവും മാനുഷികതാപരമായ സമർപ്പണം അതിന്റെ ശക്തി ആർജിക്കുന്നു.

കുടിയേറ്റക്കാരായിരിക്കുന്ന പ്രിയ സഹോദരീസഹോദരന്മാരേ, എപ്പോഴും നിങ്ങളുടെ അരുകിലായിരിക്കുന്ന കർത്താവിൽ ശരണവും പ്രത്യാശയും നവീകരിക്കാൻ ഈ ലോകദിനം നിങ്ങളെ സഹായിക്കട്ടെ. നിങ്ങളുടെ കുടിയേറ്റമാകുന്ന തീർത്ഥാടനത്തിൽ അവിടുത്തെ കണ്ടുമുട്ടാനും നിങ്ങൾ സ്വീകരിക്കുന്ന കാരുണ്യപ്രവൃത്തികളിൽ അവിടുത്തെ മുഖം ദർശിക്കാനും ഓരോ സന്ദർഭവും പ്രയോജനപ്പെടുത്തുവിൻ. സന്തോഷിക്കുവിൻ, എന്തെന്നാൽ കർത്താവ് സമീപസ്ഥനാണ്. അവിടുത്തോടൊപ്പമായിരുന്നുകൊണ്ട് തടസ്സങ്ങളും പ്രയാസങ്ങളും കീഴടക്കാൻ നിങ്ങൾക്കു സാധിക്കും. അനേകർ നിങ്ങൾക്കു സമ്മാനിക്കുന്ന തുറവിന്റെയും സ്വീകരണത്തിന്റെയും അനുഭവങ്ങൾ നിധികളായി ശേഖരിച്ചുകൊണ്ട് നിങ്ങൾക്ക് അതു സാധ്യമാകും. എന്തെന്നാൽ ''ചരിത്രമെന്ന സമുദ്രത്തിലെ സഞ്ചാരംപോലെയാണു ജീവിതം. അത് മിക്കപ്പോഴും ഇരുൾനിറഞ്ഞതും കൊടുങ്കാറ്റുള്ളതുമാണ്. വഴി കാണിക്കുന്ന നക്ഷത്രങ്ങൾക്കായി നോക്കിക്കാത്തിരിക്കുന്ന ഒരു യാത്രയാണത്. നല്ല ജീവിതം നയിച്ചവരാണ് നമ്മുടെ ജീവിതയാത്രയിലെ യഥാർത്ഥ നക്ഷത്രങ്ങളായിരിക്കുന്നത്. അവർ പ്രത്യാശയുടെ വിളക്കുകളാണ്. തീർച്ചയായും യേശുക്രിസ്തു ആണ് യഥാർത്ഥപ്രകാശം. ചരിത്രത്തിന്റെ നിഴലുകൾക്കു മുകളിൽ ഉദിച്ചുയർന്ന സൂര്യൻ അവിടുന്നാണ്. എന്നാൽ അവിടുത്തെ പ്രാപിക്കാൻ നമ്മുടെയരുകിൽ വെളിച്ചമുണ്ടായിരിക്കണം. അവിടുത്തെ പ്രകാശത്തിൽ പ്രശോഭിക്കുന്നവരും അങ്ങനെ നമ്മുടെ മാർഗത്തിൽ നമ്മെ നയിക്കുന്നവരും നല്കുന്ന വെളിച്ചം തന്നെ'' (*പ്രത്യാശയിൽ രക്ഷ, 49).*

യഥാർത്ഥ പ്രത്യാശയുടെയും സമാശ്വാസത്തിന്റെയും അടയാളമായിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിനു നിങ്ങളെ ഓരോരുത്തരെയും ഞാൻ ഭരമേല്പിക്കുന്നു. നമ്മുടെ വഴികാട്ടിയായ നക്ഷത്രമാണവൾ. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും അവൾ മാതൃസഹജമായ സാന്നിധ്യത്തോടെ നമ്മുടെയടുത്തു നിലകൊള്ളുന്നുണ്ട്.

എല്ലാവർക്കും എന്റെ അപ്പസ്തോലികാശീർവാദം വാത്സല്യത്തോടെ നല്കുന്നു.

വത്തിക്കാനിൽ നിന്ന് 12 ഒക്ടോബർ 2012,

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

# A Notification on Vassula Rydén

Ref: 2591/K-5/KCBC/OL/DS 26th November 2012

Your Eminence/Grace/Excellency,

Cordial Greetings from the Secretariat of the KCBC!

I am writing this letter as directed by the President of the KCBC to request you to give immediate directions to the concerned persons, not to call Vassula Rydén a controversial Christian mystic living in switzerland who claimed to receive messages from Jesus Christ and Blessed Virgin Mary. We came to know that some of the Catholic retreat centres in Kerala and some of our parishes had already invited her for preaching.

In 1995, the Congregation for the Doctrine of Faith (CDF) published a notification on the writings of Rydén, saying her communications should not be considered supernatural, and calling all Catholic bishops to prevent Rydén's ideas from being spread in their dioceses. In 2007, Cardinal William Laveda, former president of the CDF, confirmed that the 1995 Notification was still in effect; he recommended that Catholics should not join prayer groups organized by Rydén.

May I humbly request you to inform our priests and religious regarding the said matter and take necessary and urgent steps prevent her preaching our parishes and retreat centres. Kindly note the notification from the CDF below.

Thanking you in anticipation,

Fr. Stephen Alathara
Deputy Secretary General & Spokesperson, KCBC
Director, POC

**NOTIFICATION ON VASSULA RYDEN (6 October 1995)**

Congregation for the Doctrine of the Faith

Many bishops, priests, religious and lay people have sought an authoritative judgement from this Congregation on the activity of Mrs. Vassula Ryden, a Greek Orthodox residing in Switzerland, who in speech and in writing is spreading in Catholic circles throughout the world messages attributed to alleged heavenly revelations.

A calm, attentive examination of the entire question, undertaken by this Congregation in order to "test the spirits to see whether they are of God" (cf. 1 Jn 4:1), has brought out-in addition to positive aspects - a number of basic elements that must be considered negative in the light of Catholic doctrine.

In addition to pointing out the suspect nature of the ways in which these alleged revelations have occurred, it is necessary to underscore several doctrinal errors they contain.

Among other things, ambiguous language is used in speaking of the Persons of the Holy Trinity, to the point of confusing the specific names and functions of the Divine Persons. These alleged revelations predict an imminent period when the Antichrist will prevail in the Church. In millenarian style, it is prophesied that God is going to make a final glorious intervention which will initiate on earth, even before Christ's definitive coming, an era of peace and universal prosperity. Furthermore, the proximate arrival is foretold of a Church which would be a kind of pan-Christian community, contrary to Catholic doctrine.

The fact that the aforementioned errors no longer appear in Ryden's later writings is a sign that the alleged "heavenly messages" are merely the result of private meditations.

Moreover, by habitually sharing in the sacraments of the Catholic Church even though she is Greek Orthodox, Mrs. Ryden is causing considerable surprise in various circles of the Catholic Church. She appears to be putting herself above all ecclesiastical jurisdiction and every canonical norm, and in effect, is creating an ecumenical disorder that irritates many authorities, ministers and faithful of her own Church, as she puts herself outside the ecclesiastical discipline of the latter.

Given the negative effect of Vassula Ryden's activities, despite some positive aspects, this Congregation requests the intervention of the Bishops so that their faithful may be suitably informed and that no opportunity may be provided in their Dioceses for the dissemination of her ideas. Lastly, the Congregation invites all the faithful not to regard Mrs. Vassula Ryden's writings and speeches as supernatural and to preserve the purity of the faith that the Lord has entrusted to the Church.

Vatican City, 6 October 1995.

**ക്രൈസ്തവ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ 2013-ലെ സഭൈക്യവാരത്തിനായി തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥന**

ഓരോ സാഹചര്യത്തിനും അനുസൃതമായ മാറ്റങ്ങളോടെ ഓരോ സഭയും തനിച്ചോ വിവിധസഭകൾ ഒന്നിച്ചോ സഭൈക്യവാര പ്രാർത്ഥന നടത്താൻ പരിശ്രമിക്കണം. ക്രൈസ്തവജീവിതം ഒരു തീർത്ഥാടനമാണെന്നും അതിൽ സഭകളുടെ കൂട്ടായ്മ എപ്രകാരം പ്രയോജനപ്രദമാകുന്നുവെന്നും ഈ വർഷത്തെ പ്രാർത്ഥനയും ചിന്തകളും നമ്മെ ഓർമിപ്പിക്കുന്നു.

സഭൈക്യവാരപ്രാർത്ഥന മാത്രമായി നടത്തുമ്പോൾ താഴെപ്പറയുന്ന ക്രമം പാലിക്കാവുന്നതാണ്.

1. **പ്രാരംഭഗാനം**
2. **സ്തുതിപ്പ്, പ്രാർത്ഥനകൾ** – ഇതിൽ സ്വർഗസ്ഥനായ പിതാവേ, സ്വയം പ്രേരിത പ്രാർത്ഥനകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.
3. **ആമുഖം** – പൊതുവായ ആമുഖവും ഓരോ ദിവസത്തെയും പ്രത്യേക ചിന്ത ഉൾക്കൊള്ളുന്ന ആമുഖവും ചേർത്ത് പ്രാർത്ഥനയുടെ അന്തരീക്ഷത്തിലേക്ക് സമൂഹത്തെ നയിക്കണം.
4. **വായനകൾ** – ഓരോ ദിവസത്തെയും വായനകൾക്കിടയ്ക്ക് ആവശ്യമായ ഗാനങ്ങൾ, നിശബ്ദത, പ്രതിവചനങ്ങൾ എന്നിവ ചേർക്കാവുന്നതാണ്.
5. **വചനവ്യാഖ്യാനം** – ഓരോ ദിവസത്തെയും വചനങ്ങളുടെ വ്യാഖ്യാനത്തിന് നല്കിയിരിക്കുന്ന വിചിന്തനം പ്രയോജനപ്പെടുത്താവുന്നതാണ്.
6. **പൊതുപ്രാർത്ഥന** – സഹായകരമാകുന്ന പൊതുപ്രാർത്ഥനകളും സാഹചര്യത്തിനിണങ്ങിയ മറ്റുപ്രാർത്ഥനകളും സമൂഹത്തിന്റെ സ്വയം പ്രേരിതപ്രാർത്ഥനകളും ഉൾപ്പെടുത്താവുന്നതാണ്.
7. **സമാപനം** – കർതൃപ്രാർത്ഥനയും ആശീർവാദവും.
8. **സമാപനഗാനം**

വിശുദ്ധ കുർബാനയോടും മറ്റുപ്രാർത്ഥനകളോടും ചേർത്ത് തന്നിരിക്കുന്ന പ്രാർത്ഥനയിലെ ഉചിതമായ ഭാഗങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്**
ചെയർമാൻ,
കെസിബിസി കമ്മീഷൻ ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം

---

**സഭൈക്യവാരം – 18-25 ജനുവരി 2013**

**പൊതു ആമുഖം**

എന്താണ് കർത്താവ് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്? (cfr മിക്ക 6:6-8)

*കർത്താവിന്റെ മുമ്പിൽ ഞാൻ എന്തു കാഴ്ചയാണ് കൊണ്ടുവരേണ്ടത്? അത്യുന്നതനായ ദൈവത്തിന്റെ മുമ്പിൽ ഞാൻ എങ്ങനെയാണ് കുമ്പിടേണ്ടത്? ദഹനബലിക്ക് ഒരു വയസ്സുള്ള കാളക്കിടാവുമായിട്ടാണോ ഞാൻ വരേണ്ടത്? ആയിരക്കണക്കിനു മുട്ടാടുകളിലും പതിനായിരക്കണക്കിന് എണ്ണപ്പുഴകളിലും അവിടുന്ന് സംപ്രീതനാകുമോ? എന്റെ അതിക്രമങ്ങൾക്കു പരിഹാരമായി എന്റെ ആദ്യജാതനെ ഞാൻ നല്കണമോ? ആത്മാവിന്റെ പാപത്തിനു പകരം*

*ശരീരത്തിന്റെ ഫലം കാഴ്ചവയ്ക്കണമോ? മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്?*

ഈ വർഷത്തെ സഭൈക്യവാര ചിന്തകൾക്ക് പശ്ചാത്തലമായി നിർദേശിക്കപ്പെട്ടിരിക്കുന്ന ബൈബിൾ ഭാഗമാണ് മേലുദ്ധരിക്കപ്പെട്ടിരിക്കുന്നത്. നീതിക്കും സമത്വത്തിനും സമാധാനത്തിനും വേണ്ടിയുള്ള ദൈവജനത്തിന്റെ അടങ്ങാത്ത രോദനങ്ങൾക്ക് വേദന നിറഞ്ഞ അന്വേഷണമായിരുന്നു മിക്കാ 6:6-8. മിക്കാ പ്രവാചകൻ അന്നത്തെ മത-സാമൂഹിക സംവിധാനങ്ങളെ ഓർമ്മിപ്പിച്ചു: ശരിയായ ദൈവാരാധന വ്യക്തിപരമായ വിശുദ്ധിയും സാമൂഹിക നീതിക്കുവേണ്ടിയുള്ള നിരന്തരമായ പരിശ്രമങ്ങളും ആണ്. 'നീതി പ്രവർത്തിക്കുക; കരുണകാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക (cfr 6:8) അതാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്.

ക്രിസ്തുവിന്റെ അനുയായികളായിരിക്കുകയെന്നാൽ അത് നീതിയുടെയും കരുണയുടെയും വിനയത്തിന്റെയും വഴികളിലൂടെ യുള്ള പ്രയാണമാണ്. ത്രിയേകദൈവത്തിങ്കലേക്കുള്ള ഈ പ്രയാണത്തിൽ യേശുശിഷ്യർ തങ്ങളുടെ വൈവിധ്യങ്ങളിലും ഏകഹൃദയരാകുന്നു. ഈ പ്രയാണം പരസ്പര സംഭാഷണത്തിലുള്ള പ്രയാണമാണ് (ഒന്നാം ദിവസം), മുറിയപ്പെട്ടവരോടൊപ്പമുള്ള പ്രയാണമാണ് (രണ്ടാം ദിവസം). സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണമാണ് (മൂന്നാം ദിവസം), സൃഷ്ടപ്രകൃതിയോടു ചേർന്നുള്ള പ്രയാണമാണ് (നാലാംദിവസം), യേശുസൗഹൃദത്തിലുള്ള പ്രയാണമാണ് (അഞ്ചാം ദിവസം), അതിർവരമ്പുകളെ തരണം ചെയ്തുകൊണ്ടുള്ള പ്രയാണമാണ് (ആറാം ദിവസം), സാഹോദര്യ ത്തിലുള്ള പ്രയാണമാണ് (ഏഴാം ദിവസം), ആഘോഷപരമായ പ്രയാണമാണ് (എട്ടാം ദിവസം).

**കാറോസൂസാ - പൊതു പ്രാർത്ഥനകൾ (എല്ലാദിവസവും ചൊല്ലേണ്ടത്)**

1. ത്രിയേകദൈവമേ, സഭകളുടെ ഐക്യത്തിനായി ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ നടത്തുന്ന പരിശ്രമങ്ങളെ അങ്ങയുടെ മുമ്പിൽ ഞങ്ങൾ അനുസ്മരിക്കുന്നു. പരിശുദ്ധാത്മാവിനെ അയച്ച് ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഭിന്നതകളെയും മുൻവിധികളെയും അതിജീവിക്കാനും പരസ്പര സംഭാഷണങ്ങളിലൂടെയും സംവാദങ്ങളിലൂടെയും യേശുവിൽ സാഹോദര്യവും ഐക്യവും കണ്ടെത്താനും സഭകളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

മറുപടി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ...

2. ത്രിയേക ദൈവമേ, അൾത്താരയിൽ മുറിയപ്പെടുന്ന യേശുശരീരത്തിൽ ഒരുമയിൽ പങ്കുചേരാൻ ഇന്നും സഭകൾക്ക് സാധിക്കുന്നില്ലായെന്ന് എളിമയോടെ ഞങ്ങൾ തിരിച്ചറിയുന്നു. ഭിന്നതകൾ മറന്ന് ക്രിസ്തുവിന്റെ അനുയായികൾ ഒരേ മേശയിൽ നിന്ന് ദിവ്യകാരുണ്യം പങ്കിടുന്ന ദിനം വേഗം സംജാതമാകട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ത്രിയേക ദൈവമേ, സ്വാതന്ത്ര്യത്തിലേക്കും സമത്വത്തിലേക്കും ലോകജനതയെ നയിക്കണമേ. ഭാരതത്തിലെ ദളിത് ക്രിസ്ത്യൻ സമൂഹവും അതുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അസമത്വവും വിവേചനങ്ങളും അനുഭവിക്കുന്ന മറ്റെല്ലാ ജനസമൂഹങ്ങളെയും സമൂഹത്തിന്റെയും രാഷ്ട്ര

ത്തിന്റെയും മുഖ്യധാരയിലേക്ക് നയിക്കാൻ ക്രൈസ്തവസമൂഹങ്ങളുടെ ഐക്യം കാരണമാകട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ത്രിയേക ദൈവമേ, ഈ ഭൂമിയിൽ ഞങ്ങൾ തീർത്ഥാടകരെന്ന് തിരിച്ചറിയുന്നു. സൃഷ്ടപ്രപഞ്ചത്തെ സ്നേഹിക്കാനും പരിപാലിക്കാനും ഞങ്ങളെ സഹായിക്കണമേ. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവകമായ വിതരണത്തിലും ഭൂരഹിതരുടെയും പാവങ്ങളുടെയും ഉന്നമനത്തിനും വേണ്ടി അധ്വാനിക്കാൻ ക്രിസ്തീയ സഭകളുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ത്രിയേക ദൈവമേ, യേശുസൗഹൃദത്തിൽ ഞങ്ങളെ വളർത്തണമേ. വൈവിധ്യങ്ങൾ മറന്ന് എല്ലാ മനുഷ്യരും യേശുവിൽ സൗഹൃദം പങ്കിടാൻ സാധിക്കട്ടെയെന്നും സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവർ സഭാകൂട്ടായ്മയിൽ അവരുടെ ആത്മവിശ്വാസം വീണ്ടെടുക്കാൻ ഇടയാകട്ടെയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

6. ത്രിയേക ദൈവമേ, മനുഷ്യനിർമ്മിതമായ അതിർവരമ്പുകൾക്കും വേലിക്കെട്ടുകൾക്കും അതീതമായി ചിന്തിക്കാനും അങ്ങയുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മഹത്ത്വം തിരിച്ചറിയാനും ഞങ്ങളുടെ ഹൃദയങ്ങളെ ഒരുക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

7. ത്രിയേക ദൈവമേ, പാവങ്ങളുടെ പക്ഷം ചേരാനും ലോകത്തിൽ അങ്ങയുടെ കാരുണ്യത്തിന്റെയും കരുതലിന്റെയും മുഖമാകാനും സഭകളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

8. ത്രിയേക ദൈവമേ, പ്രത്യാശ കൈവിടാതെ ആത്മാവിൽ ആനന്ദിക്കാനും ആത്മവിശ്വാസത്തോടെ ഐക്യത്തിനായുള്ള പരിശ്രമങ്ങൾ തുടരാനും വിവിധ ക്രൈസ്തവ സഭകളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

---

## ഒന്നാം ദിവസം-പരസ്പര സംഭാഷണത്തിലുള്ള പ്രയാണം

**ആമുഖം**

ക്രൈസ്തവസഭകളുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാദിന ങ്ങളിൽ ഒന്നാം ദിനത്തിൽ നാം വിചിന്തനം ചെയ്യുന്നത് തടസ്സങ്ങളെ അതിജീവിക്കുന്നതിൽ പരസ്പര സംവാദത്തിനും സംഭാഷണത്തിനു മുള്ള പ്രാധാന്യത്തെക്കുറിച്ചാണ്. എക്യുമെനിക്കൽ സംവാദത്തിൽ മാത്രമല്ല, ലോകജനതയുടെ സമഗ്രവിമോചനത്തിനുവേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങളിലും പരസ്പര സംഭാഷണവും ശ്രവണവും അനിവാര്യ ഘടകങ്ങളാണ്. ഇപ്രകാരമുള്ള സംഭാഷണത്തിലൂടെ ക്രിസ്തുവിനെ കൂടുതൽ അടുത്തറിയാൻ നമുക്കു സാധിക്കുന്നു.

**ദൈവവചനങ്ങൾ**

ഉത്പ 11:1-9, സങ്കീ 34:11-18, അപ്പ 2:1-12

എമ്മാവൂസിലേക്കുള്ള വഴിയെ ഉത്ഥിതനായ യേശുവിനോടൊത്തുള്ള സംഭാഷണം.

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയപൂർവ്വം ചരിക്കുകയെന്നാൽ സഹോദരങ്ങളോടും ദൈവത്തോടുമൊപ്പം പരസ്പര സംഭാഷണത്തിലൂടെയും ശ്രദ്ധാപൂർവമുള്ള ശ്രവണത്തിലൂടെയും പ്രയാണം ചെയ്യുക

എന്നാണ്. എമ്മാവൂസിലേക്കുള്ള വഴിയിൽ ശിഷ്യന്മാരുടെ ജീവിതത്തെ മാറ്റിമറിച്ചത് യാത്രാമധ്യേ അവർക്കു ലഭിച്ച ഒരു സൗഹൃദ സംഭാഷണമാണ്. നഷ്ടബോധത്തിന്റെയും പ്രത്യാശയില്ലായ്മയുടെയും സാഹചര്യങ്ങളിലൂടെയായിരുന്നു അതുവരെ അവരുടെ യാത്ര. യേശു അവരോടൊപ്പം ചേർന്നു. തന്റെ ഗുരുസ്ഥാനത്തെ അവഗണിച്ച് അവരോടൊപ്പം നടന്നു. ഉത്ഥിതനായ യേശുവിനെ നാം കണ്ടുമുട്ടുന്നതും തിരിച്ചറിയുന്നതും എപ്പോഴാണ്? നമ്മുടെ പരസ്പര സംഭാഷണങ്ങളിൽ അവിടുന്നു കൂട്ടുചേരുമ്പോഴും അവിടുത്തെ സൗഹൃദത്തിൽ വ്യാപരിക്കാനും അവിടുത്തെ ഭാഷണം കേൾക്കാനും നാം തീവ്രമായി ആഗ്രഹിക്കുമ്പോഴും തന്നെ. അവന്റെ മൊഴികൾ നമ്മുടെ "ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നു"വെന്ന് നാം തിരിച്ചറിയണം. നമ്മുടെ ചിതറിയ ചിന്തകൾക്കിടയിലും അഭിപ്രായ ങ്ങൾക്കിടയിലും തെറ്റിദ്ധാരണ കൾക്കിടയിലും പോലും യേശുവിനോടും നാം പരസ്പരവുമുള്ള സംഭാഷണങ്ങൾ നമ്മെ കൂടുതൽ അറിവിലേക്കും ഹൃദയൈക്യത്തിലേക്കും നയിക്കുന്നു.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

ഉത്ഥിതനായ യേശുനാഥാ, അങ്ങയിലുള്ള ഐക്യത്തെപ്രതി സ്നേഹസംവാദത്തിനായി ഞങ്ങളെ ഒരുമിച്ചു ചേർത്തതിനെയോർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയുടെ സ്നേഹഭാഷണ ത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കേണമേ. അങ്ങനെ ഞങ്ങൾ പരസ്പരം അറിയാനും ആദരിക്കാനും ഐക്യത്തിൽ ചരിക്കാനും ഇടയാവട്ടെ. ലോകത്തിൽ കരുണയുടെയും കരുതലിന്റെയും പ്രവാചകരാകാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഞങ്ങളെ ശക്തിപ്പെടുത്തണമേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ജീവിക്കുന്ന ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കണമേ. ആമേൻ

---

## രണ്ടാം ദിവസം-മുറിയപ്പെട്ടവനോടൊപ്പമുള്ള പ്രയാണം

**ആമുഖം**

ക്രൂശിതനായ ക്രിസ്തുവും ലോകത്തിലെ "മുറിയപ്പെട്ട ജനതകളും" തമ്മിലുള്ള സാമ്യങ്ങൾ തിരിച്ചറിയുന്നത് ക്രിസ്ത്യാനികൾ തമ്മിലുള്ള ബന്ധങ്ങളെ കുടുതൽ ദൃഢമാക്കുന്നുണ്ട്. ഇന്ത്യയിലെ ദളിത് ക്രൈസ്തവരുടെ സാഹചര്യങ്ങൾ ഉദാഹരണം. മുറിയപ്പെടുന്ന ക്രിസ്തുവിന്റെ ശരീരവും (വിശുദ്ധ കുർബാന) ഇപ്രകാരം "മുറിയപ്പെടുന്ന ജനതകൾക്ക്" നീതി ലഭിക്കുന്നതിനുവേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങളും രണ്ടാം ദിവസം വിചിന്തന വിധേയമാകുന്നു.

**ദൈവവചനങ്ങൾ**

എസ 37:1-14 സങ്കീ 22:1-8 ഹെബ്രെ 13:12-16

യേശു തന്റെ സഹനങ്ങൾക്ക് മുന്നോടിയായി അപ്പം മുറിക്കുന്നു

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയത്തിൽ ചരിക്കുകയെന്നാൽ നമ്മുടേതായ സുഖസൗകര്യങ്ങളിൽ നിന്നും പുറത്തുവന്ന് മറ്റുള്ളവരോട്, പ്രത്യേകിച്ച് വേദനിക്കുന്നവരോട് ഒപ്പം നില്ക്കുക എന്നതാണ്. മുറിയപ്പെടുന്ന ജനവിഭാഗങ്ങളുടെ പക്ഷം ചേർന്ന് കുരിശിന്റെ വഴികളിലൂടെ സഞ്ചരിക്കാൻ വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. കുരിശിന്മേൽ മുറിയപ്പെട്ട ക്രിസ്തുവിന്റെ ശരീരം "നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെട്ട" ശരീരമാണ്. നമുക്കുവേണ്ടി കുരിശിന്മേൽ മുറിയപ്പെട്ട ക്രിസ്തുവിന്റെ സഹനങ്ങളുടെ

മൂന്നാസ്വാദനമായിരുന്നു അവിടുത്തെ അന്ത്യത്താഴം. ഇന്നും ഈ ബലിയർപ്പണം ദിവ്യകാരുണ്യമായി ബലിവേദികളിൽ പൂർത്തിയാക്കപ്പെടുന്നു. ഈ ദിവ്യകൂദാശ പങ്കിടാനാവാതെ വിവിധ ക്രൈസ്തവസഭകൾ ഇന്നും ഭിന്നിച്ചാണ് നില്ക്കുന്നത്. നമ്മുടെ പരിശ്രമങ്ങൾ പുരോഗമിക്കേണ്ടിയിരിക്കുന്നു. വേദനിക്കുന്നവരോടും മാറ്റി നിറുത്തപ്പെട്ടവരോടും മുറിയപ്പെടുന്നവരോടുമുള്ള പങ്കുചേരൽ കൂദാശാപരമായ ഐക്യത്തിന് വഴി തെളിക്കട്ടെ. ദിവ്യകാരുണ്യ കൂദാശ ജീവിതബന്ധിയാവട്ടെ.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ, മനുഷ്യമനസുകളിലെ ഭിന്നിപ്പുകൾ ഇല്ലായ്മ ചെയ്യുവാനായി അങ്ങയുടെ പ്രിയപുത്രൻ കുരിശിൽ മരിച്ചു. ഞങ്ങളുടെയിടയിൽ ഇനിയും നിലനില്ക്കുന്ന ഭിന്നിപ്പുകൾ വീണ്ടും വീണ്ടും അവനെ ക്രൂശിലേറ്റുന്നുവെന്ന് ഞങ്ങളറിയുന്നു. അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഞങ്ങളുടെ കുറവുകളെയും മുറിവുകളെയും പരിഹരിക്കുകയും വേദനിക്കുന്നവർക്കും നീതി നിഷേധിക്കപ്പെടുന്നവർക്കും വേണ്ടി നിലകൊള്ളുന്നവരായി ഞങ്ങളെ ഒന്നിപ്പിക്കുകയും ചെയ്യണമേ. ഒരേ അപ്പത്തിൽ നിന്നു ഭക്ഷിക്കുകയും ഒരേ പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യുന്ന ശിഷ്യഗണമായി ക്രൈസ്തവ സമൂഹങ്ങൾ ഐക്യപ്പെടുന്ന ദിനം വേഗം സംജാതമാകുവാനിടയാക്കണമേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ജീവിക്കുന്ന ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കണമേ. ആമേൻ.

---

## മൂന്നാം ദിവസം-സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണം

**ആമുഖം**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുന്നവർ തങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തുന്ന പരിശ്രമങ്ങൾ ഇന്ന് നാം വിചിന്തനവിഷയമാക്കുന്നു. ജനതകളെ തമ്മിൽ വേർതിരിക്കുന്ന സംവിധാനങ്ങളുടെയും സാഹചര്യങ്ങളുടെയും ഉന്മൂലനം ആത്മാവിലുള്ള ജീവിതപൂർണതയ്ക്ക് അനിവാര്യമാണെന്ന് ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ പഠിപ്പിക്കുന്നു.

**ദൈവവചനങ്ങൾ**

പുറ 1:15-22 സങ്കീ 17:1-6 2കോറി 3:17-18

യോഹ 4:4-26 യേശുവിനോടുള്ള സംഭാഷണം സമറിയാക്കാരി സ്ത്രീയെ കൂടുതൽ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു.

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയത്തിൽ ചരിക്കുകയെന്നാൽ അവൻ നമുക്കായി തുറക്കുന്ന സ്വാതന്ത്ര്യത്തിന്റെ ചക്രവാളങ്ങളിലേക്ക് നടന്നടുക്കുക എന്നതാണ്. സമറിയാക്കാരി സ്ത്രീയുമായുള്ള യേശുവിന്റെ സംവാദം ആ സ്ത്രീയെ നീതിരഹിതമായ വിവേചനങ്ങളുടെയും മുൻവിധികളുടെയും ചങ്ങലക്കെട്ടുകളിൽ നിന്നും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് പടിപടിയായി നയിക്കുന്നു. അന്നുവരെ സമറിയാക്കാരെയും യഹൂദരെയും തമ്മിൽ ഭിന്നിപ്പിച്ചിരുന്ന "ആരാധനയർപ്പിക്കേണ്ട സ്ഥലം" എന്ന തർക്കം "സത്യത്തിലും ആത്മാവിലും ആരാധിക്കുക" എന്ന പരിഹാരത്തിന് വഴിമാറുന്നു. സമറിയാക്കാരി തന്റെ വ്യക്തിജീവിതത്തിലും വിശ്വാസജീവിതത്തിലും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നവളായി തിരികെ നടന്നു. ക്രിസ്തുവിൽ സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്ന നാം കൂടുതൽ ഐക്യത്തിലേക്ക്

ക്ഷണിക്കപ്പെട്ടിരിക്കുന്നു. മുൻവിധികളിൽ നിന്നും വേർതിരിവുകളിൽ നിന്നും നമ്മെ മോചിപ്പിച്ച് സ്നേഹത്താൽ ഒരുമിപ്പിക്കുന്നവയാണ് യേശുവിന്റെ പ്രബോധനങ്ങൾ.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

രക്ഷകനായ ദൈവമേ, സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി ദാഹിക്കുന്നവരെ പ്രത്യാശയും ബലവും നല്കി അനുഗ്രഹിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.അങ്ങയുടെ പ്രീയപുത്രനായ യേശു ക്രിസ്തു യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കു ഞങ്ങളെ നയിക്കുന്നുവെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങളുടെ മേൽ അയയ്ക്കണമേ. അങ്ങനെ ഞങ്ങൾ സത്യത്താൽ സ്വതന്ത്രരാക്കപ്പെട്ട് ഏകസ്വരത്തിൽ അങ്ങേക്ക് സ്തുതി പാടട്ടെ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ജീവിക്കുന്ന ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കേണമെ. ആമേൻ.

## നാലാം ദിവസം-സൃഷ്ടപ്രകൃതിയോടു ചേർന്നുള്ള പ്രയാണം.

**ആമുഖം**

ദൈവത്തിന്റെ കരവേലയായ ഈ സൃഷ്ടപ്രപഞ്ചത്തിൽ നമ്മുടെ സ്ഥാനത്തെക്കുറിച്ചുള്ള ശരിയായ തിരിച്ചറിവ് നമുക്കിടയിലും പ്രകൃതിയോടുമുള്ള പരസ്പരാശ്രയബോധത്തിലേക്കും അതുവഴി കുടുതൽ ഐക്യത്തിലേക്കും നമ്മെ നയിക്കുന്നു. പരിസ്ഥിതിസംരക്ഷണവും ഭൂവിഭവങ്ങളുടെ നീതിപൂർവകമായ വിതരണവും ക്രിസ്തുശിഷ്യരെ കൂട്ടായ പരിശ്രമങ്ങളിലേക്ക് നയിക്കുന്നു.

**ദൈവവചനങ്ങൾ**

ലേവ്യ 25:8-17 സങ്കീ 65:5b-13 2റോമ 8:18-25

യോഹ 9:1-11 യേശുവിന്റെ രോഗശാന്തികൾ, മണ്ണ്, ചെളി, വെള്ളം

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയത്തിൽ ചരിക്കുകയെന്നാൽ അവിടുത്തെ കരവേലയായ സൃഷ്ടപ്രപഞ്ചത്തിന്റെ ഭാഗമാണ് നാമെന്നും നമുക്കുള്ളതെല്ലാം സ്രഷ്ടാവായ ദൈവത്തിൽ നിന്ന് ദാനമായി നാം സ്വീകരിക്കുന്നവയാണെന്നുമുള്ള തിരിച്ചറിവാണ്. പരിസ്ഥിതിയുടെ സംരക്ഷണവും സൃഷ്ടവസ്തുക്കളുടെമേലുള്ള മനുഷ്യന്റെ ഉത്തരവാദിത്വപൂർണമായ സമീപനവും ഇന്നിന്റെ അനിവാര്യ ശ്രദ്ധകളാണ്. ദൈവം മനുഷ്യനായി മണ്ണിൽ വസിച്ചുവെന്ന സത്യം ക്രിസ്ത്യാനിയുടെ അടിസ്ഥാന വിശ്വാസമാണ്. യേശു മണ്ണിനെ സ്നേഹിച്ചു, അധ്വാനിച്ചു, രോഗശാന്തികൾ നല്കിയപ്പോൾ പോലും പ്രകൃതിവസ്തുക്കളെ അവൻ ഉപകരണങ്ങളാക്കി. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവകമായ വിതരണം പരിസ്ഥിതി സംരക്ഷണത്തിന്റെയും സന്തുലിത ജീവിതക്രമത്തിന്റെയും ഭാഗം തന്നെയാണ്. "പ്രകൃതി" ക്രിസ്ത്യാനിയെ ഒരു കുടക്കീഴിൽ ഒരുമിപ്പിക്കുന്നു.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

ജീവന്റെ ദൈവമേ, സൃഷ്ടപ്രകൃതിയെ സംരക്ഷിക്കുകയും അതിൽ അധ്വാനിക്കുകയും ചെയ്യുന്നവരെയോർത്ത് അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഞങ്ങളുടെ മനസിനെ ജ്വലിപ്പിക്കണമേ. അങ്ങനെ ഞങ്ങൾ പ്രകൃതിയുടെ ഉത്തരവാദിത്വമുള്ള മക്കളാണെന്നും ഞങ്ങളനുഭവിക്കുന്ന നന്മകൾ അങ്ങയുടെ ദാനങ്ങളാണെന്നും

തിരിച്ചറിയട്ടെ. മാനവസമൂഹത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കാനും വേദനിക്കുന്നവർക്ക് സമാശ്വാസമാകാനും ക്രൈസ്തവസമൂഹങ്ങളുടെ കൂട്ടായ പരിശ്രമങ്ങൾക്ക് സാധിക്കട്ടെ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ജീവിക്കുന്ന ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കണമേ. ആമേൻ

---

### അഞ്ചാം ദിവസം-യേശു സൗഹൃദത്തിലുള്ള പ്രയാണം

**ആമുഖം**

മനുഷ്യരുടെയിടയിലെ സ്നേഹസൗഹൃദങ്ങൾ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ മാതൃകകൾ തന്നെയാണ്. നാം യേശുവിൽ സ്നേഹിതരും സഹോദരങ്ങളുമാണെന്ന തിരിച്ചറിവ് യേശുവിന്റെ അനുയായികളായ നമുക്കിടയിലെ ബന്ധങ്ങൾക്ക് ഒരു പുതിയ മാനം നല്കുന്നു.

**ദൈവവചനങ്ങൾ**

ഉത്തമ 1:5-8 സങ്കീ 139:1-6 3യോഹ 2-8

യോഹ 15:12-17 ഞാൻ നിങ്ങളെ സ്നേഹിതരെന്നു വിളിക്കുന്നു.

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയത്തിൽ ചരിക്കുകയെന്നാൽ ഏകനായിരിക്കുക എന്നതല്ല. ദൈവത്തിന്റെ സാന്നിധ്യം തന്നെയായ നമ്മുടെ സ്നേഹിതരോടൊത്തു പ്രയാണം ചെയ്യുക എന്നതാണ്. "എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതരെന്നു വിളിച്ചിരിക്കുന്നു". യേശുവിന്റെ സൗഹൃദം കുടുംബബന്ധങ്ങൾക്കും സാമുദായിക ബന്ധങ്ങൾക്കും ഉപരിയായുള്ളതാണ്. അത് ദൈവത്തിന് നമ്മോടുള്ള നിലനില്ക്കുന്നതും അഗാധവുമായ സ്നേഹത്തെക്കുറിച്ച് നമ്മോടു സംസാരിക്കുന്നു. ഇന്ത്യയിലെ ദളിത് ക്രൈസ്തവരെ നമ്മുടെ സ്നേഹിതരും സഹോദരങ്ങളുമായി കാണുന്നതിൽ നാം പിറകോട്ടു പോകുന്നുവോ? നാമും യേശുവിന്റെ സ്നേഹിതരുടെ സ്നേഹിതരായിരിക്കണം.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

യേശുനാഥാ, അനാദിമുതൽ തന്നെ നീ നിന്റെ സൗഹൃദം നല്കി ഞങ്ങളെ സ്നേഹിച്ചു. നിന്റെ സ്നേഹം ഏവരെയും പ്രത്യേകിച്ച്, ജാതി, വർണ, വർഗ വിവേചനങ്ങളാൽ വേദനിക്കുന്നവരെ ആലിംഗനം ചെയ്യുന്നു. നിന്റെ സ്നേഹത്താൽ ഞങ്ങളെ ജ്വലിപ്പിക്കണമേ. എന്തെന്നാൽ, എല്ലാ മനുഷ്യരെയും ദൈവമക്കളെപ്പോലെ സ്നേഹിക്കാനും സ്വീകരിക്കാനും ഞങ്ങളും പഠിക്കട്ടെ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കണമേ. ആമേൻ

---

### ആറാം ദിവസം

### അതിർവരമ്പുകളെ തരണം ചെയ്തുകൊണ്ടുള്ള പ്രയാണം.

**ആമുഖം**

മനുഷ്യനിർമ്മിതമായ "വേലിക്കെട്ടുകൾ" ദൈവമക്കളെ തമ്മിൽ വേർതിരിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. അവയെ അതിജീവിക്കുന്നവരാകണം ക്രിസ്ത്യാനികൾ. വിശുദ്ധ പൗലോസ് പറയുന്നു: "ക്രിസ്തുവിനോട് ഐക്യപ്പെടാൻ വേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ

സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്" (ഗല 3:27-28)

**ദൈവവചനങ്ങൾ**

റൂത്ത് 4:13-18 സങ്കീ 113 എഫേ 2:13-16

മത്താ 15:21-28 യേശുവും കാനാൻകാരി സ്ത്രീയും

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയത്തിൽ ചരിക്കുകയെന്നാൽ ദൈവമക്കളെ തമ്മിൽ വേർതിരിക്കുന്ന മനുഷ്യനിർമ്മിതമായ അതിർവരമ്പുകൾക്ക് അപ്പുറത്തേക്ക് നടക്കുകയെന്നതാണ്. യേശുക്രിസ്തുവിൽ പഴയകാല വേലിക്കെട്ടുകളും അവയുടെ ആധുനിക മുഖങ്ങളുമെല്ലാം ഏന്നേക്കുമായി തകർക്കപ്പെട്ടു. അവന്റെ കുരിശ് പുതിയൊരു മനുഷ്യകുലത്തിന് ജന്മമേകി. ഭാരതത്തിലെ വിവിധങ്ങളായ മതവിശ്വാസങ്ങളുടെ സാന്നിധ്യം രാഷ്ട്രത്തിനും ജനതയ്ക്കും നന്മയ്ക്കു കാരണമാകണം. മതസൗഹാർദവും മതാന്തര സംവാദവും വിവിധ മതവിഭാഗങ്ങളുടെയും സമുദായങ്ങളുടെയും കൂടിവരവിനും പൊതുസമൂഹത്തിന്റെ നന്മയ്ക്കായുള്ള കൂട്ടായ പരിശ്രമങ്ങൾക്കും സഹായകമാകണം. ക്രിസ്ത്യൻ സമൂഹങ്ങളുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്രകാരമുള്ള മാതാന്തരസൗഹൃദങ്ങൾക്ക് പശ്ചാത്തലമാകട്ടെ.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

സ്നേഹപിതാവായ ദൈവമേ, ഞങ്ങൾ മെനയുന്ന അത്യാഗ്രഹത്തിന്റെയും മുൻവിധികളുടെയും താൻപോരിമയുടെതുമായ വേലിക്കെട്ടുകളെയും അതിർവരമ്പുകളെയുമോർത്ത് ഞങ്ങൾ അങ്ങയോടു മാപ്പപേക്ഷിക്കുന്നു. അവ സമൂഹങ്ങളെയും വിശ്വാസങ്ങളെയും തമ്മിൽ അകറ്റുന്നുവെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ. അങ്ങനെ ഞങ്ങൾ വിവേകത്തോടും വിശുദ്ധിയോടും കൂടി ഞങ്ങളിൽ നിന്നും വ്യത്യസ്തരായവരെ അംഗീകരിക്കാനും അങ്ങയുടെ സ്നേഹപ്രമാണങ്ങൾക്ക് സാക്ഷ്യം വഹിക്കാനും പഠിക്കട്ടെ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ജീവിക്കുന്ന ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കണമേ. ആമേൻ

---

## ഏഴാം ദിവസം - സാഹോദര്യത്തിലുള്ള പ്രയാണം

**ആമുഖം**

നീതിക്കും സമാധാനത്തിനും വേണ്ടി അധ്വാനിക്കുന്നവരോടുള്ള സാഹോദര്യം ഇന്നേ ദിവസം ഞങ്ങൾ ചിന്താവിഷയമാക്കുന്നു. അത് ക്രൈസ്തവസമൂഹത്തിന്റെ പൊതുസ്വഭാവവും ദൗത്യവുമാണ്. വേദനിക്കുന്നവരുടെയും നീതി നിഷേധിക്കുന്നവരുടെയും ആശ്രയമാണ് (ആശ്രയമാകണം) ക്രിസ്തുവിന്റെ സഭ.

**ദൈവവചനങ്ങൾ**

സംഖ്യ 27:1-11 സങ്കീ 15 അപ്പ 2:43-47

ലൂക്കാ 10:25-37 നല്ല സമറിയാക്കാരൻ

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയത്തിൽ ചരിക്കുകയെന്നാൽ നീതിക്കും സമാധാനത്തിനും വേണ്ടി ദാഹിക്കുന്നവരോടൊത്തുള്ള പ്രയാണമാണ്. നല്ല സമറിയാക്കാരന്റെ ഉപമ മനുഷ്യസ്നേഹത്തെപ്പറ്റി മാനവചരിത്രത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഏറ്റവും മനോഹരമായ ചിത്രമാണ്. പാവപ്പെട്ടവരോടും

പതിതരോടുമുള്ള മാതൃഭാവം ക്രിസ്തീയസഭകളെ ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കുന്നു. നീതിക്കും കാരുണ്യത്തിനും വേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങൾ ക്രിസ്ത്യാനികളുടെ ഐക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുക തന്നെ ചെയ്യും.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

ത്രിയേകദൈവമേ, അങ്ങയുടെ അസ്തിത്വം തന്നെ ഞങ്ങൾക്ക് പരാശ്രയബോധവും സാഹോദര്യവും സ്നേഹബന്ധങ്ങളുടെ ഇഴയടുപ്പവും പറഞ്ഞുതരുന്നു. മറ്റുള്ളവരുടെ വേദനകൾക്കു പരിഹാരം കാണുവാനായി കഠിനാധ്വാനം ചെയ്യുന്ന നിസ്വാർത്ഥമതികളെ ഓർത്ത് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഭിന്നതകൾ മറന്ന് സമൂഹത്തിൽ ഉപേക്ഷിക്കപ്പെട്ടവരുടെയും വേദനയനുഭവിക്കുന്നവരുടെയും കണ്ണീരൊപ്പുവാനും അങ്ങനെ നിന്റെ അലിവിന്റെയും കരുതലിന്റെയും മുഖം ലോകത്തിന് കാണിച്ചുകൊടുക്കുവാനും ഞങ്ങളെ പഠിപ്പിക്കണമെ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ജീവിക്കുന്ന ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കേണമെ. ആമേൻ

---

## എട്ടാം ദിവസം- ആഘോഷകരമായ പ്രയാണം

**ആമുഖം**

വിജയകരമായ ഒരു പര്യവസാനമല്ല നാം ആഘോഷിക്കുന്നത്. മറിച്ച്, ദൈവത്തിലുള്ള പ്രത്യാശ നമ്മെ സന്തോഷചിത്തരാക്കുന്നു. ഈ പ്രാർത്ഥനാദിനങ്ങൾ നമ്മുടെ പ്രതീക്ഷയാണ് കുറിച്ചത്. ദൈവം നിശ്ചയിക്കുന്ന സമയത്തും മാർഗങ്ങളിലൂടെയും നാം പൂർണ ഐക്യത്തിലേക്ക് നടന്നടുക്കും. അത് നമ്മുടെ തുടരുന്ന പ്രാർത്ഥനയാണ്.

**ദൈവവചനങ്ങൾ**

ഹബ 3:17-19 സങ്കീ 100 ഫിലി 4:4-9

മറിയത്തിന്റെ സ്തോത്രഗീതം

**വിചിന്തനം**

ദൈവത്തോടൊത്ത് വിനയത്തിൽ ചരിക്കുകയെന്നാൽ ആഹ്ളാദചിത്തരായിരിക്കുക എന്നുകൂടി അർത്ഥമുണ്ട്. പ്രതീക്ഷയും ആഹ്ളാദവും ക്രിസ്തുശിഷ്യന്റെ ഹൃദയത്തെ കീഴടക്കുന്നു. ദൈവത്തിന്റെ വിശ്വസ്തതയിലുള്ള പ്രത്യാശയാണത്. ഈ പ്രത്യാശ നമ്മെ കർമ്മനിരതരാക്കുന്നു. കൂടുതൽ തുറവോടെ, കൂടുതൽ സൗഹൃദത്തോടെ, കൂടുതൽ കരുണയോടെ കൂടുതൽ കരുതലോടെ മനുഷ്യനന്മയ്ക്കായി അധ്വാനിക്കാനും സഭകളുടെ ഐക്യത്തിനായി പ്രാർത്ഥിക്കാനുമുള്ള ആഹ്വാനവുമായി ഈ പുണ്യദിനങ്ങൾ പൂർത്തിയാകുന്നു.

**പൊതു പ്രാർത്ഥനകൾ - സമാപനപ്രാർത്ഥന**

കൃപാപൂർണനായ ദൈവമേ, അങ്ങയുടെ ആത്മാവിനാൽ ഞങ്ങളുടെ സഭകളെയും സമൂഹങ്ങളെയും വിശുദ്ധീകരിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ സന്തോഷത്താൽ നിറയ്ക്കണമേ. അങ്ങനെ ഞങ്ങൾ പ്രത്യാശയുള്ളവരും ലോകത്തിൽ നിന്റെ സാക്ഷികളുമാവട്ടെ. വിവിധ സഭാസമൂഹങ്ങളായ ഞങ്ങൾ ഏകസ്വരത്തിൽ അങ്ങയെ സ്തുതിക്കാനും ആരാധിക്കാനും ഇടയാകട്ടെ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ജീവിക്കുന്ന ദൈവമേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ നയിക്കണമേ. ആമേൻ

# രൂപതാകച്ചേരി വാർത്തകൾ

**സീറോമലബാർ മിഷൻ ഞായർ : ജനുവരി 6**

സീറോമലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരേയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റിവച്ചിരിക്കുന്ന ദിനമാണല്ലോ സീറോമലബാർ മിഷൻ ഞായർ. ഈ വർഷം ജനുവരി 6 നാണ് സീറോമലബാർ മിഷൻ ഞായർ ആചരിക്കുന്നത്. അന്നേദിവസം മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി പ്രത്യേകം സ്തോത്രക്കാഴ്ച എടുക്കുകയും ആ തുക രൂപതാ കേന്ദ്രത്തിലെത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**മദ്യവിരുദ്ധഞായർ : ജനുവരി 27**

മനുഷ്യന്റെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും രോഗഗ്രസ്ഥമാക്കുന്ന മദ്യത്തിന്റെ ഉപയോഗവും ദുരന്തഫലങ്ങളും ഏറെ വർദ്ധിച്ചു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ മദ്യവിരുദ്ധപ്രവർത്തനങ്ങൾ ഏറെ പ്രസക്തമാണ്. ജനുവരി 27-ന് കേരളസഭ മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന വേളയിൽ നമുക്കേരോരുത്തർക്കും നമ്മളാൽ കഴിയുന്ന വിധത്തിൽ മദ്യവിരുദ്ധപ്രവർത്തനങ്ങളിൽ അണിചേരാം. അന്നേദിവസം നമ്മുടെ രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുവാനായി പ്രത്യേകം സ്തോത്രക്കാഴ്ച എടുക്കുവാനും അത് രൂപതാ കേന്ദ്രത്തിലെത്തിക്കുവാനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനെയും സഹപ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു. അവരുടെ തീക്ഷ്ണതയേറിയതും ത്യാഗനിർഭരവുമായ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് അനുമോദനങ്ങളും വിജയാശംസകളും. രൂപതാവിദ്യാഭ്യാസ നിധിയിലേയ്ക്കുള്ള പൊതുപിരിവ് 27 ഞായറാഴ്ച ആയതിനാൽ ഫെബ്രുവരി 3-ാം തീയതി ഞായറാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി സ്തോത്രക്കാഴ്ച എടുത്ത് നൽകേണ്ടതാണ്.

**സ്നേഹസ്മരണ**

ജനുവരി 29-ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് കോട്ടേപ്പറമ്പിലച്ചന്റെ ചരമവാർഷിക ദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**അഭിനന്ദനങ്ങൾ**

റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും മതബോധനത്തിൽ പ്രശംസനീയമാംവിധം ലൈഷ്യൻഷിയേറ്റ് കരസ്ഥമാക്കിയ ബഹു. റോയി വട്ടക്കാട്ട് അച്ചന് അഭിനന്ദനങ്ങൾ. രൂപതാ വിശ്വാസ കാര്യാലയത്തിൽ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന റോയി അച്ചന് പുതിയ പ്രവർത്തനമേഖലയിൽ വിജയാശംസകൾ!!!

## Appointment

Rev. Fr. Roy Vattakatt - Assistant Director, Department of Catechism, Pastoral Centre<br>Mob : 9995533218

**വൈദികസെനറ്റ് (Presbyteral Council)**

2013 ഫെബ്രുവരി 19 ചൊവ്വാഴ്ച രാവിലെ 10.30 ന് ബിഷപ്സ് ഹൗസിൽ വച്ച് വൈദിക സെനറ്റ് യോഗം (Presbyteral Council) ചേരുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുമുഖേന അറിയിക്കുന്നതാണ്.

**രൂപതാ കൺവെൻഷൻ**

2013 ഏപ്രിൽ 15 മുതൽ 18 വരെ മാനന്തവാടി രൂപതാ കൺവെൻഷൻ ദ്വാരക സിയോനിൽ വച്ച് താവളം സെഹിയോൻ ധ്യാന കേന്ദ്രത്തിലെ ബഹു. സേവ്യർഖാൻ അച്ചന്റെ നേതൃത്വത്തിൽ നടത്തുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

നിലവിലുണ്ടായിരുന്ന ഫൊറോന കൗൺസിലുകളുടെയും രൂപതാ പാസ്റ്ററൽ കൗൺസിലിന്റേയും കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പുതിയ കൗൺസിലുകൾ രൂപപ്പെടുത്തുവാൻ വേണ്ട നടപടി ക്രമങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള കത്തുകൾ എല്ലാ ബഹുമാനപ്പെട്ട വികാരി അച്ചന്മാർക്കും അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ പ്രസ്തുത കത്ത് ലഭിച്ചിട്ടില്ല എങ്കിൽ അതാത് ഫൊറോനാവികാരിമാരുമായോ രൂപതാകച്ചേരിയുമായോ ബന്ധപ്പെടുക.

**പുതിയ അഡ്രസ്സ്**

Rev. Fr. Abraham Nellickal
Kath. Pfarramt St. Michael
Robert Koch Strasse -62
Amberg- 92224, Germany
Tel. 0049-962182383

Rev. Fr. Sebastian Kandeth
Dompfaffstr. 19
86830 Schwabmünchen
Germany
Tel: 0049-08232-9950037
Fax: 0049-08232-9974082

Rev. Fr. Mathew Plathottam
Vianney Bhavan
Nalloornadu P.O. Dwaraka.
Mananthavady – 670 645
Tel. 9605077503

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. നമ്മുടെ രൂപതയിൽ എന്നുമുതലാണ് പുതിയ ക്രമമനുസരിച്ച് മാമ്മോദീസയോടൊപ്പം സ്ഥൈര്യലേപനവും ഒരുമിച്ചു കൊടുത്തു തുടങ്ങിയത് എന്നുള്ള അന്വേഷണം വിവിധ ഇടവകയിൽ നിന്നും ഇടയ്ക്കിടെ വരാറുണ്ട്. 2005 ഫെബ്രുവരി 1-ാം തീയതി മുതലാണ് മാനന്തവാടി രൂപതയിൽ ജ്ഞാനസ്നാനത്തോടൊപ്പം സ്ഥൈര്യലേപനവും നൽകിത്തുടങ്ങിയത്. (കൂടുതൽ വിശദാംശങ്ങൾക്ക് 2005 ജനുവരി മാസത്തെ ബുള്ളറ്റിനിൽ അഭിവന്ദ്യ പിതാവിന്റെ സർക്കുലർ ലെറ്റർ കാണുക. പേജ് 1-5)
2. വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനായി വ്യക്തിപരമായി സംഭാവന നൽകുന്നവർ മൈനർ സെമിനാരി റെക്ടറെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഡ്രസ്സ് : ഫാ. തോമസ് കച്ചിറയിൽ, മൗണ്ട് മേരി കോളേജ്, പി.ബി. നമ്പർ 1, മാനന്തവാടി-670 645, ഫോൺ: 9446892434. ഇടവകയിൽ നിന്നും വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനായി പൊതുപിരിവായി സ്വീകരിക്കുന്ന സംഭാവന ബിഷപ്സ് ഹൗസിൽ ഏല്പിക്കേണ്ടതാണ്.

3. വിദേശത്ത് ജോലി ചെയ്യുന്ന ചിലരെങ്കിലും വിവാഹത്തിനൊരുക്കമായ ഒരു ദിവസത്തെ കോഴ്സ് കൂടി അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് വരുന്നുണ്ട്. സീറോമലബാർ സഭ ഔദ്യോഗികമായി അംഗീകരിച്ച കോഴ്സുകൾ നടക്കുന്ന സെന്ററുകളുടെ ലിസ്റ്റ് ഒക്ടോബർ മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരുന്നു. ആ സെന്ററുകളിലല്ലാതെ നടത്തുന്ന കോഴ്സുകൾക്ക് അംഗീകാരമില്ലായെന്നും ഒരു ദിവസത്തെ കോഴ്സ് കൂടി വരുന്നവർ രൂപതയിൽ നടക്കുന്ന കോഴ്സിൽ സംബന്ധിക്കാതെ വിവാഹത്തിന് അനുവാദം നൽകുന്നതല്ലായെന്നും ബഹു. വികാരിയച്ചന്മാർ ഇടവകയിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിനന്ദനങ്ങൾ**

കർമ്മലീത്താ സന്യാസിനി സഭയുടെ മാനന്തവാടി സേക്രട്ട് ഹാർട്ട് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട റവ.സി. ജീസ സി.എം.സി.യ്ക്കും പ്രൊവിൻഷ്യൽ ടീമിനും, ഫ്രാൻസിസ്കൻ ക്ലാരസഭയുടെ സെന്റ് മേരീസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട റവ.സി. സ്റ്റെഫാനി എഫ്.സി.സി.യ്ക്കും പ്രൊവിൻഷ്യൽ ടീമിനും, തിരുഹൃദയ സഭയുടെ മാനന്തവാടി നിർമ്മല പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട റവ.സി. മേഴ്സിറ്റ ചാലിൽ എസ്.എച്ച്. നും പ്രൊവിൻഷ്യൽ ടീമിനും, ദിവ്യകാരുണ്യ ആരാധനസഭയുടെ മാനന്തവാടി മേരിമാതാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട റവ.സി. എത്സ പൈകട എസ്.എ.ബി.എസ്. നും പ്രൊവിൻഷ്യൽ ടീമിനും മാനന്തവാടി രൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

## Newly Elected Provincial Team

### CMC

*Provincial Superior* : Rev. Sr. Jeesa CMC

*Provincial Councillors* : Rev. Sr. Mary James CMC
Asst. Provincial (Department : Renewal)
Rev. Sr. Lilliose CMC
(Department : Education)
Rev. Sr. Janty Maria CMC
(Department : Faith Formation, Publication & Mass Media )

Rev. Sr. Shalet Mable CMC
(Department: Social Work, Healing Ministry)

| | | |
|---|---|---|
| Finance Officer | : | Rev. Sr. Salvin Maria CMC |
| Prov. Secretary | : | Rev. Sr. Deena Rose CMC |

**SH**

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Mercitta Chalil SH |
| Provincial Councillors | : | Rev. Sr. Ancy Paul Arackal SH (Vicar. Provincial, Education) |
| | : | Rev. Sr. Anice Abraham Punarthamkunnel SH (Charitative Activities) |
| | : | Rev. Sr. Gracy Mathew Kuzhiveliparambil SH (Evangelization) |
| | : | Rev. Sr. Jessy Paul Thekkumala SH (Social Welfare Activities) |
| Provincial Auditor | : | Rev. Sr. Anitta Moorkattilputhenpura S H |
| Provincial Procurator | : | Rev. Sr. Therese John Maliackal S H |

**FCC**

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Stephina FCC |
| Asst. Prov. Superior | : | Rev. Sr. Jincy FCC |
| Councillors | : | Rev. Sr. Jemma FCC |
| | : | Rev. Sr. Mary Jose FCC |
| | : | Rev. Sr. Pavana FCC |
| Prov. Treasurer | : | Rev. Sr. Linda Rose FCC |
| Prov. Secretary | : | Rev. Sr. Tessin FCC |

**SABS**

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Elsa Paikada SABS |
| Asst. Prov. Superior | : | Rev. Sr. Ann Mary Ariappillil SABS |
| Councillors | : | Rev. Sr. Elizabeth Vazhamplackal SABS |
| | : | Rev. Sr. Retty Jose Cheriambanattu SABS |
| | : | Rev. Sr. Mercy Job Chakkimangalath SABS |
| Finance Officer | : | Rev. Sr. Philo Maria Kummankottil SABS |
| Prov. Secretary | : | Rev. Sr. Sherine Karimbanakuzhy SABS |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## വിശ്വാസവർഷ പഠന സംഗമങ്ങൾ

നവംബർ 27–ന് വൈദികർക്കായി വിശ്വാസപഠനശിബിരം സംഘ ടിപ്പിച്ചു. ബഹു. ജോസഫ് പാംബ്ലാനി അച്ചൻ രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭയുടെ വിശ്വാസസത്യങ്ങൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ നയിച്ചു.

കുടുംബ പ്രേഷിതരംഗത്തെ രൂപതാ കൗൺസിൽ ഭാരവാഹി കൾക്കായി വിശ്വാസവർഷ പഠന ക്ലാസുകൾ സംഘടിപ്പിച്ചു. വിശ്വാസ പരിശീലനവേദിയിലെ മണിമൂളി, മാനന്തവാടി ഫൊറോനയിലെ അധ്യാ പകർക്കായി ഡിസംബർ 16–ന് പഠനശിബിരം നടത്തി. എസ്.കെ.ഡി. സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന് ഡിസംബർ 18–ന് വിശ്വാസ പഠന ക്ലാസ് സംഘടിപ്പിച്ചു.

## വിശ്വാസവർഷ പഠനം, പരിശീലനം

ബഹു. ജോസഫ് പാംബ്ലാനി അച്ചന്റെ “വിശ്വാസവും, വ്യാഖ്യാ നവും” എന്ന പുസ്തകം പഠനത്തിനും പരിശീലനത്തിനും ഉപയുക്ത മാണ്.

## വിശ്വാസവർഷ റിപ്പോർട്ട്

താഴെ ചേർത്തിരിക്കുന്ന ഇടവകകളിൽ നിന്നും വിശ്വാസവർഷ റിപ്പോർട്ട് ലഭിച്ചു. തരാനുള്ള ഇടവകകൾ എത്രയും പെട്ടെന്ന് റിപ്പോർട്ട് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1. Chulliod, 2. Kadalmad, 3. Kallumukku, 4. Meenangadi, 5. Moolankavu, 6. Pazhoor, 7. Thomattuchal, 8. Vadakkanda, 9. Adackathode, 10. Kelakam, 11. kalpara, 12. Deepthigiri, 13. Dwaraka, 14. Kallody, 15. Kunjhom, 16. Makkiyad, 17. Niravilpuzha, 18. Puthiyidamkunnu, 19. Thonichal, 20. Edapettey, 21. Lakkidi, 22. Puzhamudi, 23. Vazhavatta, 24. Elappeedika, 25. Mananthavady (T), 26. Poroor, 27. Puthiyidom, 28. Thalapuzha, 29. Thavinjal, 30. Manimooly, 31. Narivalamunda, 32. Njarappadam, 33. Adikolly, 34. Marakavu, 35. Marakkadav, 36. Seethamount, 37. Kalluvayal, 38. Paralikunnu, 39. Nilambur, 40. Edayoorkunnu, 41. Padamala, 42. Thrissilery, 43. Kurumbala, 44. Manjoora, 45. Puthuserykkadav.

## കർമ്മരംഗത്ത്

ഇടവക തിരുനാളുകളിൽ “സ്നേഹത്തിൽ പ്രവർത്തന നിരത മാകുന്ന വിശ്വാസം” എന്ന തിരുവചനവാക്യം പ്രയോഗത്തിൽ വരു ത്തുക.

**ഫാ. ബെന്നി മുതിരക്കാലായിൽ** വിശ്വാസവർഷാചരണകമ്മിറ്റി കൺവീനർ

# മതബോധനരംഗം

**സ്നേഹപൂർവ്വം സ്വാഗതം**

ബഹു. റോയി വട്ടകാട്ട് അച്ചൻ മതബോധനശാസ്ത്രത്തിൽ ഉപരിപഠനം നടത്തി, രൂപതാ മതബോധനകേന്ദ്രത്തിൽ നവംബർ 26 മുതൽ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്നു. അച്ചന് സ്നേഹോഷ്മളമായ സ്വാഗതം ആശംസിക്കുന്നു. റോയി അച്ചന്റെ ഫോൺ നമ്പർ: 9995533218.

**ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം**

മുൻകൂട്ടി അറിയിച്ചതുപോലെ ജനുവരി 12 ന് ശനിയാഴ്ച രാവിലെ 10.00 മണിമുതൽ ഉച്ചകഴിഞ്ഞ് 2.00 മണിവരെ ബഹു. വികാരി യച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. കൃത്യസമയത്ത് എല്ലാവരും എത്തി ച്ചേരുമല്ലോ.

**ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം**

ജനുവരി 12 ന് ശനിയാഴ്ച പ്രധാനാധ്യാപകസമ്മേളനത്തിനു ശേഷം ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം ഉണ്ടായിരിക്കും. സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ.

**HCC, (+1, +2) പരീക്ഷ ഫെബ്രുവരി 17 ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC, (+1, +2) പരീക്ഷകൾ ഫെബ്രുവരി 17 ന് ഞായറാഴ്ച രാവിലെ 10.00 മണിമുതൽ 1.00 മണിവരെ നടത്തുന്നതാണ്. HM, PP സമ്മേളനത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ നിന്നും പരീക്ഷ എഴു തുവാൻ യോഗ്യരായ കുട്ടികളുടെ ഹാൾടിക്കറ്റ് പ്രധാനാധ്യാപകർ വാങ്ങേണ്ടതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, ഫൊറോന ഡയറക്ടറും, ഫൊറോന ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന - ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന - കൊട്ടിയൂർ
3. നീലഗിരി റീജിയൻ - അരുൾനിലയം
4. കല്ലോടി ഫൊറോന - കല്ലോടി, ദ്വാരക, മക്കിയാട്

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേള നത്തിൽ അറിയിക്കും)

5. കല്പ്പറ്റ ഫൊറോന - കല്പ്പറ്റ
6. മാനന്തവാടി ഫൊറോന - മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന - മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന - നടവയൽ, ചുണ്ടക്കര

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേളന ത്തിൽ അറിയിക്കും)

10. നിലമ്പൂർ ഫൊറോന - നിലമ്പൂർ
11. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി
12. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1) പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഫൊറോന ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.

2) പരീക്ഷാ സമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കേണ്ടതാണ്.

3) പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല. അതുപോലെതന്നെ പരീക്ഷാസമയം തീരുന്നതിന് അരമണിക്കൂർ മുമ്പ് ഹാളിന് പുറത്തു പോകാൻ അനുവദിക്കേണ്ടതില്ല.

4) പരീക്ഷ കഴിഞ്ഞ്, ഫൊറോനാ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണിത്തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കണം.

5) പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.

6) പരീക്ഷ എഴുതുവാനുള്ള Answer Book, Additional Sheet, തുടങ്ങിയവ

യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

## HDC പരീക്ഷകൾ

HDC എഴുത്തുപരീക്ഷ ഫെബ്രുവരി 9-ാം തീയതി രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിൽ നടത്തുന്നതാണ്. മണിമൂളിയിൽ ക്ലാസ് കൂടിയവർക്ക് പരീക്ഷയും അവിടെവച്ചായിരിക്കും. HDC വാചാപരീക്ഷ ഫെബ്രുവരി 24, മാർച്ച് 2, 3 തീയതികളിൽ ദ്വാരകയിൽ നടത്തുന്നു.

## DCC

DCC കോഴ്സ് പഠിക്കുന്ന വ്യത്യസ്ത ബാച്ചുകളിൽപ്പെട്ട കുട്ടികളുടെ Contact ക്ലാസും, പരീക്ഷയും ഡിസംബർ 8, 9, 15 തീയതികളിലായി നടന്നു. പങ്കെടുത്തവരെയും, പ്രോത്സാഹിപ്പിച്ചവരെയും അഭിനന്ദിക്കുന്നു.

## വിശ്വാസവർഷ സെമിനാറുകൾ

മണിമൂളി, മാനന്തവാടി ഫൊറോനകളിലെ അധ്യാപകസംഗമം വിശ്വാസവർഷ പഠനാർത്ഥം ഡിസംബർ 16-ന് നടത്തി. ഫൊറോന ഡയറക്ടർമാർക്ക് പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

മരകാവ്, മുള്ളൻകൊല്ലി എന്നീ ഇടവകകളിൽ വിശ്വാസവർഷ സംബന്ധമായ ക്ലാസുകൾക്ക് നേതൃത്വം നൽകിയ ശ്രീ. തോമസ് ഏറണാട്ട് സാറിനും നന്ദി.

## ഫൊറോന വാർത്തകൾ - നിലമ്പൂർ ഫൊറോന

നിലമ്പൂർ മേഖലാ മതാധ്യാപക സംഗമം 18-11-2012 ഞായറാഴ്ച രാവിലെ 9 മണിമുതൽ 4 മണിവരെ നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോനാ ദൈവാലയത്തിൽ വച്ച് നടന്നു. ക്ലാസുകൾ നയിച്ചത് ശ്രീ. ജോസ് പള്ളത്ത് സാർ ആയിരുന്നു. സംഗമത്തിൽ 134 അധ്യാപകർ പങ്കെടുത്തു. 3.00 p.m. ന് നടന്ന പൊതുസമ്മേളനത്തിൽ മേഖലാ ഡയറക്ടർ റവ. ഫാ. ജിൽസൺ കോക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. മുഖ്യ അതിഥിയായി മണിമൂളി മേഖലാ ഡയറക്ടർ റവ.ഫാ. ജെസ്റ്റിൻ മൂന്നാനായിൽ ആശംസകൾ അർപ്പിച്ചു. ഫൊറോനാവികാരി റവ.ഫാ. പോൾ കൂട്ടാല ആശംസ അർപ്പിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മതബോധന രംഗത്ത് 15 വർഷം പൂർത്തിയാക്കിയ 7 അധ്യാപകരെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. മേഖലാടിസ്ഥാനത്തിൽ നടത്തിയ നമസ്കാര പരീക്ഷയിൽ മുഴുവൻ മാർക്ക് നേടിയ 46 കുട്ടികൾക്കും സമ്മാനങ്ങൾ നൽകി. മേഖലാ പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ കടുകുംമാക്കൽ സ്വാഗതവും സെക്രട്ടറി എബി പൊൻപാറയ്ക്കൽ നന്ദിയും രേഖപ്പെടുത്തി. രൂപതാഗാനത്തോടെ പരിപാടികൾ അവസാനിച്ചു.

**ഫാ. ബെന്നി മുതിരക്കാലായിൽ** - മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസിൽ 2012–ൽ ഏറ്റവും കൂടുതൽ മാർക്ക് നേടി സമ്മാനാർഹരായ മാതൃസംഘാംഗങ്ങൾ**

**C - Group**

1. സ്മിത പുരക്കൽ – കാവുംമന്ദം
2. ബിന്ദു ചെങ്ങനാമറ്റം – ആലാറ്റിൽ
3. ജോയ്സി തലാപ്പള്ളിൽ – ചുള്ളിയാന

**D - Group**

1. ജിൻസി മുണ്ടമറ്റം – തേൾപ്പാറ
2. സിൽവി കയത്തുംകര – അമ്പായത്തോട്
3. ടെസ്സി പാലനിൽക്കുംതൊട്ടി – വാഴവറ്റ

**E - Group**

1. ചിന്നമ്മ പാലാത്ത് – ഇടിവണ്ണ
2. ഗ്രേസി വലിയമറ്റം – ചുങ്കക്കുന്ന്
3. അൽഫോൻസ ക്രിസ്റ്റി – ഒലിവുമല

**കുടുംബം**

മാത്യു മൂലക്കരയിൽ & ഫാമിലി – ചെന്നലോട്

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

"Happy New Year"

റോമാക്കാരുടെ ദേവൻമാരിൽ ഒരാളായിരുന്നു ജാനൂസ്. ഈ ദേവന്റെ പേരിൽ നിന്നാണ് ആദ്യത്തെ മാസത്തിന് ജനുവരി എന്ന പേരു ലഭിച്ചത്. ജാനൂസ് ദേവന് രണ്ട് തലകൾ ഉണ്ടായിരുന്നു. ഒന്ന് മുന്നിലേയ്ക്കും മറ്റൊന്ന് പിന്നിലേയ്ക്കും തിരിഞ്ഞിരിക്കുന്നു. തൽഫലമായി മുന്നിലേക്കും പിന്നിലേക്കും ഒരേസമയം നോക്കുവാൻ ജാനൂസിനു കഴിയുമായിരുന്നു. ഓരോ പുതുവർഷാരംഭവും ഒരേ സമയം മുന്നിലേക്കും പിന്നിലേക്കും നോക്കേണ്ട സമയമാണ്.

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും ഒരു വർഷമാണ് കടന്നുപോകുന്നത്. സംസ്ഥാന തലത്തിൽ മികച്ച രൂപതയായി നമ്മൾ തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന കലോത്സവത്തിൽ നമ്മൾ വീണ്ടും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ബത്തേരി മേഖല സംസ്ഥാനത്തെ മികച്ച മൂന്നാമത്തെ മേഖലയായി തിരഞ്ഞെടുക്കപ്പെട്ടു. രൂപത, മേഖല ഭാരവാഹികളെ അഭിനന്ദിക്കുകയാണ്. സ്നേഹം നിറഞ്ഞ അച്ചൻമാരെയും ജോ.ഡയറക്ടർ സിസ്റ്റേഴ്സിനെയും ശാഖാ ഭാരവാഹികളെയും നന്ദിപൂർവ്വം ഓർക്കുന്നു. നിങ്ങളുടെ വലിയ സഹകരണവും, പ്രോത്സാഹനവുമാണ് ഈ മികച്ച നേട്ടങ്ങൾക്ക് പിന്നിൽ എന്ന വ്യക്തമായ ബോധ്യം മനസിലുണ്ട്. പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

പുതിയ വർഷത്തിലേയ്ക്ക് ദൈവം നമ്മെ കൊണ്ടുവന്നത് ദൈവത്തിന് നമ്മെക്കുറിച്ച് എന്തോ പദ്ധതിയുള്ളതുകൊണ്ടാണ്. കഴിഞ്ഞ വർഷത്തിൽ സംഭവിച്ച കുറവുകൾക്ക് മാപ്പ് ചോദിച്ച്, നമ്മെ സ്നേഹിക്കുന്ന ദൈവപിതാവിന്റെ കരം പിടിച്ച് ധൈര്യമായി പുതിയവർഷം നമുക്ക് ആരംഭിക്കാം. സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ തീക്ഷ്ണതയുള്ളവരാകാം. ഏവർക്കും ഒരിക്കൽക്കൂടി പുതുവത്സരാശംസകൾ.

ഒത്തിരി സ്നേഹത്തോടെ, **സോണിയച്ചൻ**

**വാർഷികവും സിമ്പോസിയവും**

രൂപതാ വാർഷികവും സിമ്പോസിയവും ജനുവരി 26-ന് മാനന്തവാടി സെന്റ് പാട്രിക് സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. ഓൾ ഇന്ത്യ കിഡ്നി ഫൗണ്ടേഷൻ ചെയർമാൻ റവ.ഫാ. ഡേവിസ് ചിറമേൽ മുഖ്യ അതിഥി ആയിരിക്കും. രാവിലെ 9 മണിക്ക് റാലിയോടുകൂടി വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിയ്ക്കും. ഒരു ശാഖയിൽ നിന്നും 15 അംഗങ്ങൾ എങ്കിലും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപത കൊളാഷ് മത്സരം ജനുവരി 26 ന്**

ചെറുപുഷ്പ മിഷൻലീഗ് വാർഷികാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന കൊളാഷ് മത്സരവും പ്രദർശനവും ജനുവരി 26-ന് സെന്റ് പാട്രിക് സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കാം. വിജയികൾക്ക് I, II, III ക്യാഷ് അവാർഡ് നൽകുന്നതാണ്. വിഷയം: ലഹരിക്കെതിരെ.

**നിബന്ധനകൾ**

1. കൊളാഷിന് നിശ്ചിത ആകൃതി ഉണ്ടായിരിക്കേണ്ടതാണ്.
2. വിഷയത്തെക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങൾ, പത്രക്കുറിപ്പുകൾ ഇതര മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഒട്ടിച്ചുച്ചേർക്കുക.
3. കൊളാഷിന് പേര് നൽകാവുന്നതാണ്.
4. ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മാത്രമെ അനുവദിക്കുകയുള്ളു.
5. കൊളാഷ് നേരത്തെ തയ്യാറാക്കി ജനുവരി 26-ന് രാവിലെ 9.30 ന് മുമ്പ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.
6. ഒരു വിഷയത്തിന്റെ കഥാപരമായ അവതരണം കൂടി പരിഗണിക്കേണ്ടതാണ്. വെറും പത്രവാർത്തകൾ ഒട്ടിച്ചുചേർത്തതല്ല കൊളാഷ്.
7. രണ്ട് സാധാരണ ചാർട്ട് പേപ്പറിന്റെ വലിപ്പത്തിൽ കൂടാൻ പാടില്ല.
8. വിഷയം മനോഹരമായി ചിത്രീകരിക്കണം.

**അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

പ്രവർത്തന വർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ഡിസംബർ 8 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു.

രൂപത പ്രസിഡന്റ് രംജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ സ്വാഗതമാശംസിച്ചു. രൂപതാ സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിച്ചു. കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരുന്ന പ്രവർത്തനങ്ങളെകുറിച്ച് ആലോചിക്കുകയും ചെയ്തു.

**വിശ്വാസവർഷ സെമിനാർ**

ഡിസംബർ 8–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കായി സെമിനാർ നടത്തി. ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ സെമിനാർ നയിച്ചു. എല്ലാ മേഖലകളിൽ നിന്നും ഭാരവാഹികൾ സെമിനാറിൽ പങ്കെടുത്തു.

**അനുമോദനങ്ങൾ**

രൂപതാ മതബോധനത്തിന്റെ അസി. ഡയറക്ടറായി പുതുതായി ചാർജ്ജെടുത്തിരിക്കുന്ന റോയി വട്ടക്കാട്ട് അച്ചന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ എല്ലാവിധ ആശംസ കളും ഭാവുകങ്ങളും നേരുന്നു.

കെ.സി.വൈ.എം. സംസ്ഥാനതല മത്സരത്തിൽ വ്യക്തിഗത ചാമ്പ്യനായ ശ്രീ. ബിജു ചിറ്റേടത്തിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

**പ്രേഷിതവർഷ സമാപനം**

ഡൽഹിയിൽ വെച്ച് നടന്ന പ്രേഷിതവർഷ സമാപന സമ്മേളന ത്തിൽ സംഘടനയെ പ്രതിനിധീകരിച്ച് സി. ലിസ അലക്സ് എസ്. കെ.ഡി., ശ്രീ. ജോൺസൺ ചിറായിൽ, ബിനു മാങ്കൂട്ടത്തിൽ എന്നിവർ പങ്കെടുത്തു.

**മിഷൻവോയ്സ് ടെലികിസ് ഫോൺ ഇൻ പ്രോഗ്രാം വിജയികൾ**

ജെസി ചെറുവള്ളിക്കുടിയിൽ – മുതിരേരി, പ്രിയ ചെറുവള്ളി ക്കുടിയിൽ – മുതിരേരി, പ്രിൻസ് ചെറുവള്ളിക്കുടിയിൽ – മുതിരേരി, ലിറ്റി തങ്കച്ചൻ പുതിയവീട്ടിൽ – തെനേരി.

വിജയം കരസ്ഥമാക്കിയവർക്ക് എല്ലാവിധ ആശംസകളും നേരുന്നു. മത്സര വിജയികൾക്ക് ജനുവരി 26–ന് വാർഷികത്തിൽ സമ്മാ നങ്ങൾ നൽകുന്നതാണ്.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

വിഹിതങ്ങൾ ഇനിയും ഏൽപ്പിക്കാത്ത ശാഖകൾ എത്രയും വേഗം മിഷൻലീഗ് ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സംസ്ഥാന കലാസാഹിത്യ മത്സര വിജയികൾക്കുള്ള സമ്മാന വിതരണം**

ഇപ്രാവശ്യം സംസ്ഥാന കലാസാഹിത്യ മത്സര വിജയികൾക്കാ യുള്ള സമ്മാനങ്ങൾ വാർഷികത്തിന് വിതരണം ചെയ്യുന്നതായിരിക്കും. സമ്മാനാർഹരായ അംഗങ്ങൾ വാർഷികത്തിന് എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

അപ്പപ്പാറ-200, നെയ്ക്കുപ്പ-100, ചൂരൽമല-100, പുതിയിടം-500, കണിയാരം-2500, ചുള്ളിയോട്-800, പുഴമുടി-500, കൽപ്പറ്റ-3000, റൂബി നഗർ-500, പാതിരിപ്പാടം-500, വൈത്തിരി-400, പൂളപ്പാടം-500, അർവൻകാട്-1000, കേളകം-1000, തെനേരി-4200, കല്ലോടി-3000, കൊളവയൽ-250, കല്ലുമുക്ക്-50, ആടിക്കൊല്ലി-1500, ഒലിവുമല-100, തവിഞ്ഞാൽ-1000, തലപ്പുഴ-500, തൃശ്ശിലേരി-500, മംഗളം-300, പുതുശേരി-200, കേണിച്ചിറ-300, കോട്ടത്തറ-500, കരിമാനി-500, മാർട്ടിൻനഗർ -250, അമ്പലവയൽ-1000, പാലാങ്കര-1430, വിമലഗിരി-250, ദ്വാരക-3000, നെല്ലിയോടി-750, ഏലപ്പീടിക-600, വാളവയൽ-200

**പലതുള്ളി തന്ന ശാഖകൾ**

ചുള്ളിയോട്-150, കൊളവയൽ-250, ഒലിവുമല-150, പുതുശ്ശേരി -100, കേണിച്ചിറ-200, കോട്ടത്തറ-1600, അമ്പലവയൽ-300, പാലാങ്കര -200, വാകേരി-100.

**കാണിക്കതന്ന ശാഖകൾ**

ചുള്ളിയോട്-150, ഒലിവുമല-100, പുതുശ്ശേരി-150, ദ്വാരക-300, നെല്ലിയോടി-200, വാകേരി-200.

**മേഖലാവാർത്തകൾ**

**മണിമൂളി**

അൾത്താരബാല സംഗമം, ബൈബിൾ വാക്യപഠനമത്സരം എന്നിവ നടത്തി. മിഷൻമാസാചരണത്തിൽ ബെസ്റ്റ് ശാഖകളെ തിരഞ്ഞെടുത്തു. മുണ്ടേരി, പാതിരിപ്പാടം, നരിവാലമുണ്ട 1, 2, 3 സ്ഥാനം കരസ്ഥമാക്കി.

**പുൽപ്പള്ളി**

അൾത്താരബാല സംഗമം നടത്തി.

**നടവയൽ**

ക്രിസ്തുരാജന്റെ തിരുനാൾ വളരെ ആഘോഷപൂർവ്വം കൊണ്ടാടി. മേഖലാതല ഹരിതഭൂമി പച്ചക്കറിത്തോട്ട മത്സര വിജയികളെ കണ്ടെത്തി. I. അരിഞ്ചേർമല, II.വാളവയൽ, III.നടവയൽ.

**മാനന്തവാടി**

ഏയ്ഞ്ചൽമീറ്റ് നടത്തി. ബൈബിൾവാക്യ പഠനമത്സരം നടത്തി. തിരുബാലസഖ്യ കുട്ടികൾക്കായി ചിത്രരചനാ മത്സരം നടത്തി.

**ഗൂഡല്ലൂർ**

കൈയ്യെഴുത്ത് മാസിക മത്സരം നടത്തി. ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിച്ചു.

**തരിയോട്**

വചനധാര കുറുമണി ശാഖയിൽ നടത്തി. ചെയിൻ റോസറി ചെന്നലോട് ശാഖയിൽ നടത്തി. ഹരിതഭൂമി മേഖലയിൽ നിന്നും കുറുമ്പാല ശാഖ തിരഞ്ഞെടുക്കപ്പെട്ടു.

**ശാഖാവാർത്തകൾ**

*വഞ്ഞോട്* - വിശ്വാസ വർഷത്തോടനുബന്ധിച്ച് കഥ, കവിത, ബൈബിൾക്വിസ് എന്നീ മത്സരങ്ങൾ നടത്തി.

*ജൂഡ്സ്മൗണ്ട്* - അർദ്ധദിന സെമിനാർ നടത്തി. മാധ്യമങ്ങൾ സമൂഹത്തിൽ വിതയ്ക്കുന്ന തിന്മകൾ ഫാ. റോയി ഒ. എസ്. ബി. ക്ലാസ് നയിച്ചു.

*വാകേരി* - വചനം തിരുവചനം ആരംഭിച്ചു. അർദ്ധദിന സെമിനാർ നടത്തി.

*അമ്പായത്തോട്* - അർദ്ധദിന സെമിനാർ നടത്തി. സ്റ്റിജി സ്കറിയ സാർ നേതൃത്വം നൽകി.

*കണിയാരം* - മിഷൻ റാലി നടത്തി.

*ആലാറ്റിൽ* - ശിശുദിനം ആഘോഷിച്ചു. രോഗീസന്ദർശനം നടത്തി.

*കുന്നലാടി* - ബെക്കി അഗതിമന്ദിരം സന്ദർശിച്ചു.

*വിളമ്പുകണ്ടം* - കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

*ഇരുളം* - ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

*കോട്ടത്തറ* - യുവജന സെമിനാറിൽ സീനിയേഴ്സ് പങ്കെടുത്തു.

*മുള്ളൻകൊല്ലി* - ലഹരിവിരുദ്ധ സെമിനാർ നടത്തി. ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു.

*ചുള്ളിയോട്* - ഏയ്ഞ്ചൽമീറ്റിൽ പങ്കെടുത്തു.

*അമരക്കുനി* - സി.എം.എൽ. സീനിയേഴ്സ് സെമിനാറിൽ പങ്കെടുത്തു. മിഷൻ വോയ്സ് ടെലിക്വിസ് ഫോൺ ഇൻ പ്രോഗ്രാമിൽ പങ്കെടുത്തു.

*ചുങ്കക്കുന്ന്* - മിഷൻലീഗ് അംഗങ്ങളുടെ മാതാപിതാക്കളുടെ മീറ്റിംഗ് നടത്തി. ഭവനസന്ദർശനം നടത്തി.

*ശാന്തിഗിരി* - വിശ്വാസോത്സവം നടത്തി. സിമിത്തേരി സന്ദർശനം നടത്തി.

*കല്ലോടി* - ഏകദിനധ്യാനം നടത്തി. അൾത്താരബാല സംഗമം നടത്തി.

*ബത്തേരി* - വൈത്തിരി സബ്ജയിൽ സന്ദർശനം നടത്തി. ഭവനനിർമ്മാണ സഹായമായി 20,000 രൂപ നൽകി.

*റൂബിനഗർ* - സിമിത്തേരി സന്ദർശനം നടത്തി. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു.

*ഞാറപ്പാടം* - ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു. സൺഡെ സ്റ്റാറിനെ തിരഞ്ഞെടുത്തു.

*പേരിയ* - രോഗീസന്ദർശനം, സിമിത്തേരി സന്ദർശനം എന്നിവ നടത്തി.

*പട്ടാണികൂപ്പ്* - കരോൾഗാന മത്സരത്തിൽ പങ്കെടുത്തു.

*വെള്ളൂന്നി* - വികാരിയച്ചന്റെ നേതൃത്വത്തിൽ നടവയൽ ഓസ്സാനാഭവൻ, വാഴവറ്റ ജ്യോതിനിവാസ് എന്നീ അഗതി മന്ദിരങ്ങൾ സന്ദർശിച്ചു. 1000 രൂപ സഹായം നൽകി.

*പയ്യമ്പിള്ളി* - മിഷൻമാസ പ്രവർത്തനങ്ങളിൽ മികവ് കാട്ടിയ കൊച്ചു മിഷനറിമാരെ ആദരിച്ചു.

*ബെക്കി* – ബൈബിൾവാക്യ പഠന മത്സരം നടത്തി. ശിശുദിനം ആഘോഷിച്ചു.

*കുറുമണി* – വചനവൃക്ഷം ഉണ്ടാക്കി, ദൈവവിളി സെമിനാർ നടത്തി. ബിജു അച്ചൻ ക്ലാസ്സെടുത്തു.

*ഇടിവണ്ണ* – പൂളപ്പാടത്ത് വെച്ച് നടന്ന ബൈബിൾ ക്വിസ് മത്സരത്തിൽ ശാഖയിൽ നിന്നും സാലി മണംകോലിയും ഐഡ വേമ്പേനി എന്നിവർ പങ്കെടുത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

*കുറുമ്പാല* – ആരാധന നടത്തി.

*ചാരിറ്റി* – ബൈബിൾ വാക്യപഠന മത്സരം നടത്തി. അര മണിക്കൂർ ബൈബിൾ വായന നടത്തി.

*ഒലിവുമല* – തിരുബാലസഖ്യ കുട്ടികളുടെ മത്സരം നടത്തി.

*കാവുംമന്ദം* – പ്രസംഗ പരിശീലനം നടത്തി.

*പൂളപ്പാടം* – എഫാത്ത, കൈത്തിരി, പച്ചമരത്തണലിൽ എന്നിവ സംഘടിപ്പിച്ചു. ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

*പാലാങ്കര* – അര മണിക്കൂർ ആരാധന നടത്തി. ബൈബിൾവാക്യ പഠന മത്സരം നടത്തി.

*പുതുശ്ശേരി* – അൾത്താരബാലസംഗമം നടത്തി.

*മുണ്ടേരി* – ബൈബിൾവാക്യ പഠന മത്സരം നടത്തി.

*വൈത്തിരി* – റോഡ് നിയമങ്ങളെക്കുറിച്ച് വൈത്തിരി സർക്കിൾ ഇൻസ്പെക്ടർ സെമിനാർ നടത്തി. വയനാട് കടുവ സങ്കേതമായി പ്രഖ്യാപിക്കുന്നതിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത കൽപ്പറ്റയിൽ വെച്ച് നടത്തിയ ധർണ്ണയിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.

*അരുൾനിലയം* – ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു.

*ദ്വാരക* – മാറ്റൊലിയിൽ പ്രോഗ്രാം അവതരിപ്പിച്ചു. ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു.

*നരിവാലമുണ്ട* – അൾത്താരബാല സംഗമം നടത്തി. ബൈബിൾവാക്യ പഠന മത്സരം നടത്തി.

*കൊട്ടിയൂർ* – വിശ്വാസവർഷത്തിൽ സമ്പൂർണ്ണ ബൈബിൾ വായിച്ചുതീർത്ത 5–ാം ക്ലാസ് വിദ്യാർത്ഥികളായ 4 കുഞ്ഞുമിഷനറിമാരെ സമ്മാനങ്ങൾ നൽകി ആദരിച്ചു.

*മംഗളം* – രോഗീസഹായം 500 രൂപ നൽകി. കോളനി സന്ദർശനം നടത്തി.

*ആടിക്കൊല്ലി* – പ്രസംഗ പരിശീലനം നടത്തി. ബൈബിൾവിതരണം നടത്തി. അഞ്ജു കൂട്ടുങ്കലും ധനുമരിയയും സംസ്ഥാനതലത്തിൽ വിജയികളായി.

*കൽപ്ര* – ആരാധന നടത്തി.

*കരിമ്പിൽ* – ശുചിത്വവാരം ആചരിച്ചു. വി. ഡോൺ ബോസ്കോയുടെ ജീവചരിത്രം പ്രദർശനം നടത്തി. വിശ്വാസറാലിനടത്തി.

*നെയ്ക്കുപ്പ* – ക്രിസ്റ്റീൻ ധ്യാനത്തിൽ ശാഖയിൽ നിന്നും 10 കുട്ടികൾ പങ്കെടുത്തു.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ** – സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

യേശുവിൽ സ്നേഹിതരേ,

മാനന്തവാടി രൂപതാ കെ.സി.വൈ.എം. ന്റെ പുതിയ പ്രവർത്തന വർഷം ആരംഭിക്കുകയാണ്. 2013 വർഷത്തേയ്ക്ക് യൂണിറ്റ് മേഖലാ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രത്യേകമായ അനുമോദനങ്ങൾ. കഴിഞ്ഞവർഷം കെ.സി.വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾക്കും കെ.സി.വൈ.എം. പ്രവർത്തകർക്കും ബഹു. വൈദീകർ, സിസ്റ്റേഴ്സ്, എല്ലാ ഉപകാരികൾക്കും പ്രത്യേകമായ നന്ദി അർപ്പിക്കുന്നു.

പുതിയ വർഷത്തിൽ ദൈവമായിരിക്കട്ടെ നമ്മുടെ ശക്തിദുർഗ്ഗം. കർത്താവ് എന്റെ ഇടയനാകുന്നു എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല എന്ന സങ്കീർത്തനവചനം യുവതയുടെ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമായി തീരണം എന്നാൽ മാത്രമേ നമുക്ക് പ്രവാചകനെപോലെ "അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും, ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം" (ഹബകുക്ക് 3:17-19) എന്ന് പറയാൻ സാധിക്കുകയുള്ളൂ. അപ്പോൾ "ഞാൻ ഇരുട്ടിലിരുന്നാലും കർത്താവ് എന്റെ വെളിച്ചമായിരിക്കും" (മിക്കാ 7:8). എല്ലാവർക്കും പുതുവർഷാശംസകൾ നേർന്നുകൊണ്ട്,

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

നന്ദിയോടെ,

കെ. സി.വൈ.എം. ന്റെ ഒരു പ്രവർത്തനവർഷംകൂടി കഴിയുന്നു. കഴിഞ്ഞ ഒരു വർഷക്കാലം വയനാടിന്റെ ഹൃദയമിടിപ്പായി മാറാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനത്തോടെ പറയാൻ നമുക്ക്

കഴിയും. കഴിഞ്ഞ നാളുകളിൽ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ സേവനം ചെയ്ത ശ്രീ. ബിനോയി പാനികുളത്തിനും, സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്കും നന്ദി പറയുകയാണ്. പ്രസ്ഥാനത്തിനുവേണ്ടി സമയവും സാഹചര്യവും കഴിവുകളുമെല്ലാം ഇവർ ചിലവഴിക്കുകയായിരുന്നു. രൂപതാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിച്ച ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, പ്രസിഡന്റ് ബിനോയി പാനികുളം, വൈസ് പ്രസിഡന്റ് ഫ്രൻസി മണ്ണിശ്ശേരി, ജന. സെക്രട്ടറി ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ, സെക്രട്ടറിമാരായ ജെസ്റ്റിൻ ചെഞ്ചട്ടേൽ, ശ്രുതി നെടുംങ്ങാട്ടുകുടിയിൽ, ട്രഷറർ ബിബിൻ ചെമ്പക്കര, കോ-ഓർഡിനേറ്റർ എബിൻ മുട്ടപ്പള്ളി ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി. എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി. ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല വീഴുമ്പോൾ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയും പ്രോത്സാഹനവും നൽകി സഹകരിച്ച അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ്, ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, രൂപതയിലെ മുഴുവൻ വൈദികർ, ആനിമേറ്റേഴ്സ്, മേഖല ഡയറക്ടറച്ചൻമാർ, മേഖല ആനിമേറ്റർമാർ, മേഖലാ യൂണിറ്റ് ഭാരവാഹികൾ പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങൾ എല്ലാവർക്കും ഒരായിരം നന്ദി. ഒപ്പം പ്രസ്ഥാനത്തിലെ മുൻകാല ഭാരവാഹികളേയും തിങ്കിംഗ് സെൽ അംഗങ്ങളേയും നന്ദിയോടെ സ്മരിക്കട്ടെ. പുതുവർഷത്തിൽ കൂടുതൽ കരുത്തോടെ പ്രസ്ഥാനത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ നമുക്കാകട്ടെയെന്ന് ആശംസിക്കുന്നു.

**സംസ്ഥാന കലോത്സവം - ഉത്സവ്**

ചേർത്തലയിൽ വച്ച് ഡിസംബർ 7, 8, 9 തീയതികളിലായി നടന്ന സംസ്ഥാന കലോത്സവത്തിൽ മാനന്തവാടി രൂപത നാലാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ കലാകാരന്മാരെയും അഭിനന്ദിക്കുകയും രൂപത സമിതിയുടെ പേരിൽ നന്ദി അർപ്പിക്കുകയും ചെയ്യുന്നു. അവരെ സജ്ജരാക്കിയ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും പങ്കെടുത്തവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**അനുമോദനങ്ങൾ**

സംസ്ഥാന കലോത്സവത്തിൽ പ്രതിഭാപട്ടം അലങ്കരിച്ചത് മാനന്തവാടി രൂപതയുടെ ശ്രീ. ബിജു ചിറ്റേടത്ത് ആണ്. 30 രൂപതകളിൽ നിന്നും ആയിരക്കണക്കിന് മത്സരാർത്ഥികളിൽ നിന്നും ഒന്നാമതെത്തുക എന്നത് ഏറെ വിശേഷപ്പെട്ട ഒരു കാര്യമാണ്. ബിജുവിന് രൂപതയുടെ എല്ലാ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**കലോത്സവ വിജയികൾ**

| | | |
|---|---|---|
| കവിതാരചന | - | ജിൻസി ഉറുമ്പിൽ, III<sup>rd</sup> With A Grade |
| ഉപന്യാസം | - | ബിജു ചിറ്റേടത്ത്, B Grade |
| | | ബിബിൻ ചെമ്പക്കര, B Grade |
| നോട്ടീസ് രചന | - | ആന്റണി മങ്കടപ്ര, I<sup>st</sup> With A Grade |
| | | ബിജു ചിറ്റേടത്ത്, III<sup>rd</sup> With A Grade |
| പോസ്റ്റർ | - | ഷിനോജ് ചെട്ട്യാശ്ശേരി, B Grade |
| കഥാരചന | - | നീതു ആശാരിപ്പറമ്പിൽ, B Grade |
| പത്രവാർത്ത | - | ആന്റണി മങ്കടപ്ര, C Grade |
| | | ശാലു തൈപ്പറമ്പിൽ, C Grade |
| കൊളാഷ് | - | ഷെറിൻ നടയ്ക്കൽ, B Grade |
| മുദ്രാവാക്യം | - | ബിജു ചിറ്റേടത്ത്, A Grade |
| | | ബിബിൻ ചെമ്പക്കര, B Grade |
| കാർട്ടൂൺ | - | അരുൺ കുറിയിടത്ത്, C Grade |
| ലളിതഗാനം | - | ജിൻസി ഉറുമ്പിൽ, B Grade |
| | | നീതു ആശാരിപ്പറമ്പിൽ, C Grade |
| പ്രസംഗം | - | വിപിൻ കുത്തുകല്ലുങ്കൽ, III<sup>rd</sup> with A Grade |
| മോണോആക്ട് | - | അഞ്ജലി പുത്തൻപുരയ്ക്കൽ, C Grade |
| നാടോടിനൃത്തം | - | ബാബു കുഴികണ്ണിയിൽ, II<sup>nd</sup> with A Grade |
| | - | ശിൽപ കളത്തിൽ, A Grade |
| മിമിക്രി | - | വിത്സൺ തച്ചൂർ, I<sup>st</sup> with A Grade |
| കഥാ പ്രസംഗം | - | ശാലു തൈപ്പറമ്പിൽ, A Grade |
| മൈം | - | ബിജോ പൂവത്തോലിക്കുഴി & പാർട്ടി II<sup>nd</sup> with A Grade |
| സംഘഗാനം | - | അഞ്ജലി പുലിക്കുന്നേൽ & പാർട്ടി, C Grade |
| പരിചമുട്ടുകളി | - | സജു വയലിൽ & പാർട്ടി, I<sup>st</sup> with A Grade |
| തെരുവുനാടകം | - | ആന്റോ അമ്പലത്തറ & പാർട്ടി, B Grade |

**അഭിവന്ദ്യ പിതാവിന് നന്ദി**

300 You Cat സബ്സിഡി നിരക്കിൽ 140 രൂപയ്ക്ക് നൽകാൻ സഹായിച്ച അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന് പ്രത്യേകം നന്ദി.

യുവജനമതബോധന ഗ്രന്ഥ-പ്രചരണാർത്ഥം 20 കോപ്പിയിൽ കൂടുതൽ You Cat order ചെയ്തവർക്ക് 180 രൂപ നിരക്കിൽ വിതരണം ചെയ്തിരുന്നു. ഇപ്രകാരം വാങ്ങിയവർക്ക് അഭിവന്ദ്യപിതാവിന്റെ താൽപര്യ പ്രകാരം 140 രൂപ നിരക്കിൽ You Cat നൽകി വരുന്നു.

**ആശംസകൾ**

രൂപത മതബോധന കേന്ദ്രത്തിന്റെ അസി. ഡയറക്ടറായി ചാർജ്ജെടുത്തിരിക്കുന്ന ബഹു. റോയി വട്ടക്കാട്ടച്ചന് കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

**യൂണിറ്റ് വാർത്തകൾ - പടമല യൂണിറ്റ്**

മേഖലാ കലാമത്സരത്തിൽ പടമല യൂണിറ്റ് രണ്ടാം സ്ഥാനം

നേടി. ഇടവകയിൽ നടത്തിയ അഖണ്ഡ ജപമാലയിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തു.

**അമരക്കുനി യൂണിറ്റ്**

കൽപ്പറ്റയിൽ വച്ചു നടന്ന കലക്ട്രേറ്റ് മാർച്ചിലും ധർണ്ണയിലും യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. യൂണിറ്റിൽ വച്ചു നടത്തിയ യുവജനസെമിനാറിൽ 56 യുവജനങ്ങൾ പങ്കെടുത്തു.

**ഇടിവണ്ണ യൂണിറ്റ്**

യുവജനങ്ങൾ സെമിത്തേരി വൃത്തിയാക്കി. പള്ളിപ്പറമ്പിലെ കാടു വെട്ടി വൃത്തിയാക്കി. ഭവനസന്ദർശനവും രോഗീസന്ദർശനവും നടത്തി. ക്രിസ്മസ് നക്ഷത്രം നിർമ്മിച്ച് ദേവാലയമുഖവാരത്തിൽ തൂക്കി. സെമിത്തേരി നിർമ്മാണത്തിൽ സഹായിച്ചു.

**ആലാറ്റിൽ യൂണിറ്റ്**

യുവജനങ്ങൾക്കായി വിൻസെന്റ് ഡി പോൾ നടത്തിയ മേഖലാ -രൂപതാതല ചിത്രരചനമത്സരത്തിൽ യൂണിറ്റിലെ നിഖിൽ ജോളി വടക്കേക്കര ഒന്നാം സ്ഥാനം നേടി. 'വിശ്വാസജീവിതവും യുവജനങ്ങളും' എന്ന വിഷയത്തെക്കുറിച്ച് അർദ്ധദിനസെമിനാർ നടത്തി.

**പാൽച്ചുരം യൂണിറ്റ്**

രൂപത Pearl – കലാമത്സരത്തിൽ യൂണിറ്റിലെ യുവജനങ്ങൾ പരിചമുട്ടുകളിയിൽ Ist ഉം ബൈബിൾ ക്വിസിന് IInd ഉം സ്ഥാനങ്ങൾ കരസ്ഥമാക്കി. യുവജനങ്ങൾ പ്രാർത്ഥനാകൂട്ടായ്മ നടത്തി. ഫണ്ട് ശേഖരണാർത്ഥം വീടുകളിൽ നിന്നും പഴയസാധനങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തി. രോഗീസന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കി. കെ.സി.വൈ.എം. സംസ്ഥാന മത്സരത്തിനായി പോകുന്ന യുവജനങ്ങൾക്കായി ആരാധന നടത്തി. മത്സരത്തിൽ പാൽച്ചുരം യൂണിറ്റ് പരിചമുട്ടുകളിയിൽ Ist & A grade കരസ്ഥമാക്കി. വിജയികളായവർക്ക് ബഹു. ഡെന്നീസച്ചനും ഇടവകാജനങ്ങളും അനുമോദനങ്ങളർപ്പിച്ചു.

**വൈത്തിരി യൂണിറ്റ്**

സെമിത്തേരി സന്ദർശിച്ച് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു. വയനാട് രക്ഷായാത്രയിൽ യൂണിറ്റിൽ നിന്നും 12 യുവജനങ്ങൾ പങ്കെടുത്തു. ട്രാഫിക് നിയമങ്ങളെക്കുറിച്ച് വൈത്തിരി സി.ഐ. സുനിൽ സാർ നടത്തിയ ക്ലാസിൽ യുവജനങ്ങൾ എല്ലാവരും പങ്കെടുത്തു. താലൂക്കാശുപത്രിയിലെ രോഗികൾക്ക് ഭക്ഷണം പാകം ചെയ്ത് കൊടുത്തു.

**പുതിയിടം യൂണിറ്റ്**

വിശ്വാസവർഷത്തോടനുബന്ധിച്ച് വിശ്വാസകലണ്ടർ പുറത്തിറക്കി. കരോൾഗാനപരിശീലനം നടത്തി. ഇടവക ഡിറക്ടറിയുടെ പ്രവർത്തനം ആരംഭിച്ചു. യുവജനങ്ങളിൽ കായികക്ഷമത വളർത്തുക എന്ന ലക്ഷ്യത്തോടെ ക്രിക്കറ്റ്, വോളിബോൾ കളികൾ നടത്തി വരുന്നു.

**കല്ലോടി യൂണിറ്റ്**

വിശ്വാസവർഷാചരണത്തോടനുബന്ധിച്ചുള്ള റാലിയിലും മറ്റു പ്രവർത്തനങ്ങളിലും യുവജനങ്ങൾ സജീവമായി പങ്കെടുത്തു. യൂണിറ്റ് അംഗങ്ങൾക്കായി സംഘടിപ്പിച്ച സാഹിത്യശിൽപശാലയിൽ ശ്രീ. ജോസ് പള്ളത്ത് ക്ലാസുകൾക്ക് നേതൃത്വം നൽകി. മേഖലാ കലാ-സാഹിത്യ മത്സരത്തിൽ കല്ലോടി യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. കെ. സി.വൈ.എം. വയനാട് രക്ഷായാത്രയിൽ യൂണിറ്റിൽ നിന്നും 12 അംഗങ്ങൾ പങ്കെടുത്തു. ഇടവകജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വേളാങ്കണ്ണി തീർത്ഥാടനം സംഘടിപ്പിച്ചു.

**ചൂരൽമല യൂണിറ്റ്**

കെ.സി.വൈ.എം. മേഖലാസാഹിത്യ മത്സരത്തിൽ യൂണിറ്റ് അംഗങ്ങൾ സമ്മാനാർഹരായി. സെമിത്തേരി സന്ദർശിച്ച് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുത്ത് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**കുറുമണി യൂണിറ്റ്**

കെ.സി.വൈ.എം. മേഖലാ-രൂപത കലാമത്സരത്തിൽ ചവിട്ടുനാടകത്തിൽ കുറുമണി യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. വീടുകൾതോറും കയറി ആളുകളെ കൺവെൻഷന് ക്ഷണിച്ചു.

**വാഴവറ്റ യൂണിറ്റ്**

സെമിത്തേരി സന്ദർശിച്ച് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു. സമരിറ്റൻ ഭവൻ സന്ദർശിച്ച് ഇടവകയിൽ നിന്നും ശേഖരിച്ച പച്ചക്കറിസാധനങ്ങൾ നൽകുകയും സൗഹൃദസംഭാഷണം നടത്തുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. രൂപതകലാമത്സരത്തിൽ ക്വിസ്സിന് ഒന്നാം സ്ഥാനം നേടിയ ബെറ്റ്സി മാണിശ്ശേരി, ടിൽന മാണിശ്ശേരി എന്നിവരെ അനുമോദിച്ചു. ഫണ്ട് സ്വരൂപിക്കുന്നതിനായി സി.എഫ്.എൽ ബൾബ് വിതരണം ചെയ്തു.

**അമരക്കുനി KCYM യൂണിറ്റ് ആരംഭിച്ചു**

നവംബർ 10 ന് ഇടവകയിൽ നടത്തിയ യുവജനസെമിനാറിൽ വച്ച് കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെയും മേഖലാഡയറക്ടർ റവ.ഫാ.റോബിൻ പടിഞ്ഞാറയിലിന്റെയും സാന്നിദ്ധ്യത്തിൽ അമരക്കുനി ഇടവകയിൽ കെ.സി.വൈ. എം. യൂണിറ്റിന് ആരംഭം കുറിച്ചു. യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ എല്ലാ യുവജനങ്ങളെയും സമർപ്പിച്ച് ദിവ്യബലിയർപ്പിക്കുകയും ക്ലാസെടുക്കുകയും ചെയ്തു. ഏവർക്കും പുതുവത്സര ആശംസകൾ നേർന്നുകൊണ്ട്

**ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ** - രൂപതാജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| MONTH | DATE | Starting Time | Closing Time | VENUE |
|---|---|---|---|---|
| January | 08-11 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 24-27 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| February | 03-06 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 17-20 | 9.30 pm | 2.00 pm | Pastoral Centre, Dwaraka |
| March | 03-06 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 15-18 | 4.30 am | 4.00 pm | Manimooly |
| | 22-25 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| April | 11-14 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 25-28 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| May | 07-10 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 19-22 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| June | 14-17 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| July | 12-15 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| August | 04-07 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 16-19 | 4.30 pm | 4.00 pm | Manimooly |
| | 30- Sept. 02 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| September | 22-25 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| October | 06-09 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 18-21 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| November | 03-06 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 15-18 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 29-Dec. 02 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| December | 13-16 | 4.30 am | 4.00 pm | Manimooly |
| | 28-31 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 07 മുതൽ 10 വരെ നടന്ന കോഴ്സിൽ 98 പേർ പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

ജനുവരി 08–11 - ദ്വാരക പാസ്റ്ററൽ സെന്റർ

ജനുവരി 24–27 - ദ്വാരക പാസ്റ്ററൽ സെന്റർ

## ആശംസകൾ അഭിനന്ദനങ്ങൾ

ആരാധനാ സന്യാസിനീസമൂഹത്തിന്റെ മാനന്തവാടി പ്രൊവിൻഷ്യൽ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. എൽസ പൈകട SABS ന് മാനന്തവാടി രൂപത കുടുംബപ്രേഷിതത്വത്തിന്റെ നന്ദിയും, അഭിനന്ദനങ്ങളും, പ്രാർത്ഥനാശംസകളും. പയ്യമ്പള്ളി ഫൊറോനയിലെ കുടുംബപ്രേഷിതത്വത്തിന്റെ ആനിമേറ്റർ എന്ന നിലയിൽ കഴിഞ്ഞ വർഷങ്ങളിൽ സിസ്റ്റർ ചെയ്ത സേവനങ്ങൾ കൃതജ്ഞതയോടെ ഓർക്കുന്നു.

## കത്തോലിക്കാ മാതൃസംഘടന

രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് അച്ചന്റെ നേതൃത്വത്തിൽ ജനറൽ ബോഡിയും രൂപതാ ഇലക്ഷനും ഡിസംബർ 12 ന് ചേർന്നു. ഡിസംബർ 11 ന് എല്ലാ യൂണിറ്റ് ആനിമേറ്റേഴ്സിനുംവേണ്ടി നടത്തിയ സംഗമത്തിൽ ബഹു. സി. ജോൺസി (ഹോളി ഫാമിലി) 'ഇടവകയിൽ സന്ന്യസ്ഥർക്കുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. 12 ഫൊറോനയിൽ നിന്നും 400 ഓളം പേർ പങ്കെടുത്തു. "വിശ്വാസവർഷത്തിൽ അമ്മമാർക്കുള്ള പങ്ക്" എന്ന വിഷയത്തെകുറിച്ച് മതബോധന ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ ക്ലാസ്സ് നയിച്ചു. ശ്രീമതി കത്രിക്കുട്ടി നന്ദിയർപ്പിച്ചു. ശ്രീമതി മോളി കരിമ്പനാക്കുഴിയുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. സെക്രട്ടറി ശ്രീമതി ഫിലോ ചേലയ്ക്കൽ റിപ്പോർട്ടും, ട്രഷറർ ശ്രീമതി ഷൈനി എളപ്പുപാറ കണക്കും അവതരിപ്പിച്ചു. ബഹു. ഡെന്നീസച്ചൻ മാർഗ്ഗരേഖ, കലാസാഹിത്യമത്സരങ്ങൾ എന്നിവയെക്കുറിച്ച് സംസാരിച്ചു. തുടർന്നു ലോഗോസ് ക്വിസ് വിജയികൾക്ക് അസി. ഡയറക്ടർ ബഹു. ബിനു വടക്കേലച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. മീറ്റിംഗിൽ സംബന്ധിച്ച എല്ലാവർക്കും ആനിമേറ്റർ സി. റ്റെസീന നന്ദിയർപ്പിച്ചു.

ബെസ്റ്റ് ഫൊറോന – മാനന്തവാടി
(മണിമൂളി/ കല്ലോടി)
ബെസ്റ്റ് യൂണിറ്റ് – തവിഞ്ഞാൽ
(തെനേരി/ കാവുംമന്ദം/ ദ്വാരക/ ചുങ്കക്കുന്ന്)

**ഹൃദയപൂർവ്വം നന്ദി**

മാനന്തവാടി രൂപത ഫാമിലി അപ്പോസ്റ്റലേറ്റിനോട് ചേർന്ന് കഴിഞ്ഞ 3 വർഷം പ്രവർത്തിച്ച ശ്രീമതി ഫിലോ ചേലയ്ക്കൽ, ശ്രീമതി ഗ്രേസി അൽഫോൻസാ, ശ്രീമതി ഷൈനി എളപ്പുപാറ, ശ്രീമതി ലിസി ദാസ്, ശ്രീമതി ലിസി റാത്തപ്പിള്ളി, ശ്രീമതി ആലീസ് ഉദിമൂട്ടിൽ എന്നിവർക്ക് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിലച്ചനും, ടീമും നന്ദിയർപ്പിച്ചു. പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ നന്മകളും നേരുന്നു.

**ഹൃദയപൂർവ്വം സ്വാഗതം**

**2013–15 – രൂപതാ എക്സിക്യൂട്ടീവ്**

പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി – പോരൂർ
വൈസ്പ്രസിഡണ്ട് ശ്രീമതി അന്നക്കുട്ടി ഇലഞ്ഞിമറ്റം – പയ്യമ്പള്ളി
സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണുകുളം – കേളകം
ജോ. സെക്രട്ടറി ശ്രീമതി സ്വപ്ന തയ്യനാട്ടുവെളിയിൽ – മാനന്തവാടി ടൗൺ
ട്രഷറർ ശ്രീമതി ഏലിയാമ്മ കുന്നത്ത് – കല്ലോടി
വിമൻസ് കമ്മീഷൻ – ശ്രീമതി ജിഷ പറയിടം – യവനാർകുളം

**കൗൺസിലേഴ്സ്**

1). ശ്രീമതി റോസമ്മ മാന്ദങ്കരി – തെനേരി, 2). ശ്രീമതി അന്നമ്മ കാവാലം – കുറുമ്പാല, 3). ശ്രീമതി സിബിയ കറുകപ്പള്ളിൽ – മണിമൂളി, 4). ശ്രീമതി വത്സമ്മ കൊല്ലംകുന്നേൽ – കുന്നലാടി, 5). ശ്രീമതി ഗ്രേസി ജോർജ്ജ് – ചോക്കാട്, 6). ശ്രീമതി ലില്ലി ഇടപ്പളവിൽ – കേണിച്ചിറ, 7). ശ്രീമതി ബീന ഓാമക്കര – ഇരുളം, 8). ശ്രീമതി ഫിലോമിന മുതുകുളം – മീനങ്ങാടി.

**Resource Persons**

1). സി. സബീന SABS
2). സി. ആലീസ് SKD

**ഓഡിറ്റർ**

1). സി. അനിലിറ്റ് SH

അടുത്ത 3 വർഷം മാനന്തവാടി രൂപത ഫാമിലി അപ്പോസ്റ്റലേറ്റിനോടു ചേർന്ന് പ്രവർത്തിക്കാൻ കടന്നുവന്നിരിക്കുന്ന എല്ലാവർക്കും കുടുംബപ്രേഷിതത്വത്തിലേക്ക് സ്വാഗതം. അടുത്ത രൂപതാ എക്സിക്യൂട്ടീവിന്റെയും ഫൊറോനതല വിമൻസ് കമ്മീഷൻ സെക്രട്ടറിമാരുടെയും സംയുക്തസംഗമം ജനുവരി 26 ന് 10 മണിക്ക്.

### പനംചിറ യൂണിറ്റ്

നവംബർ 24 ന് അമ്മമാർക്കായി വൺഡേ സെമിനാർ നടത്തി. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ റവ. ഫാ. പയസ് പുതുമന TOR (ബാംഗ്ലൂർ) ക്ലാസ്സുകൾ നയിച്ചു. യൂണിറ്റ് ആനിമേറ്റർ സി. മേരി കലയപ്പാറ സെമിനാറിന് നേതൃത്വം കൊടുത്തു.

### പുതിയ ഭാരവാഹികൾ

പ്രസിഡണ്ട് ശ്രീമതി റാണി മാങ്കുഴ, വൈസ്പ്രസിഡണ്ട് ശ്രീമതി ബിന്ദു പുത്തൻപുരയ്ക്കൽ, സെക്രട്ടറി ശ്രീമതി മിനി കക്കുഴി, ജോ.സെക്രട്ടറി ശ്രീമതി ബിന്ദു കണ്ടത്തിൽ, ട്രഷറർ ശ്രീമതി ജിജി മരോട്ടിക്കൽ.

### നെടുമ്പാല യൂണിറ്റ്

ഏതാനും അമ്മമാർ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. നവംബർ 07 ന് ആനിമേറ്ററുടെ നേതൃത്വത്തിൽ അംഗങ്ങൾ ഭവനസന്ദർശനം നടത്തി. രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരു അക്രൈസ്തവ സഹോദരന്റെ ചികിത്സയ്ക്കായി 500 രൂപ സംഭാവന നൽകി.

### ചൂരൽമല യൂണിറ്റ്

നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചയും അമ്മമാർ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. 17-ാം തീയതി 16 ഓളം അമ്മമാർ വാഴവറ്റയിലുള്ള വൃദ്ധസദനം സന്ദർശിച്ചു. ഭക്ഷണസാധനങ്ങളും 2500 രൂപയും സംഭാവനയായി നൽകി. അന്തേവാസികളോടൊപ്പം ജപമാല ചൊല്ലുകയും ചെയ്തു.

### വടപുറം യൂണിറ്റ്

രണ്ടാം ശനിയാഴ്ച മാസമീറ്റിംഗ് കൂടി. ഇടവകയിലെ കിടപ്പ് രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

### കൊട്ടിയൂർ ഫൊറോന

നവംബർ 13 ന് ഫൊറോന ജനറൽബോഡി യോഗം ബഹു. ജോസച്ചന്റെ നേതൃത്വത്തിൽ ചേർന്നു. റിപ്പോർട്ടും, കണക്കും അവതരിപ്പിച്ചു. ഫൊറോന വികാരി ബഹു. തോമസച്ചന്റെ നേതൃത്വത്തിൽ ഇലക്ഷൻ നടത്തി. 45 അമ്മമാർ പങ്കെടുത്തു. ഡിസംബർ 30 ന് ഫണ്ട്

ശേഖരണാർത്ഥം നടത്തിയ മെഗാബംബർ കൂപ്പണിന്റെ നറുക്കെടുപ്പും കരോൾഗാന മത്സരവും നടത്തുവാൻ തീരുമാനിച്ചു.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് ശ്രീമതി സൂസൻ ചെന്നക്കാട്ട് കുന്നേൽ - ചുങ്കക്കുന്ന്, വൈസ് പ്രസിഡന്റ് ശ്രീമതി മേരി നെടുമ്പാറയിൽ - കൊട്ടിയൂർ, സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണുകുളത്തിൽ - കേളകം, ജോ. സെക്രട്ടറി ശ്രീമതി ജയ്നി കൊച്ചുവെമ്പള്ളിൽ - പാൽച്ചുരം, ട്രഷറർ ശ്രീമതി ഷൈനി തൊങ്ങംകുളം - നെല്ലിയോടി, കൗൺസിലേഴ്സ് 1. ശ്രീമതി ഷൈനി കുരിശിങ്കൽ - ഒറ്റപ്ലാവ്, 2, ശ്രീമതി എൽസി കളപ്പുരയ്ക്കൽ, 3. ശ്രീമതി ലിസി ജോസഫ് ഈരയിൽ.

**വെള്ളൂന്നി യൂണിറ്റ്**

ഇടവകയിലെ കുടുംബങ്ങൾക്ക് വേണ്ടി അമ്മമാർ രണ്ട് ഗ്രൂപ്പായി തിരിഞ്ഞു പത്തു ഭവനങ്ങളിലായി ജപമാല ചൊല്ലി. സംഘടനയിലെ മരിച്ചുപോയ അംഗങ്ങൾക്കുവേണ്ടി കുർബാന ചൊല്ലി പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

നവംബർ 11 ന് സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി ഏകദിന സെമിനാർ നടത്തി. സി. ലീന തെരേസ് CHF, ആണ് ക്ലാസ്സ് നയിച്ചത്. ബഹു. തോമസ് മണക്കുന്നേലച്ചൻ അദ്ധ്യക്ഷനായിരുന്നു. ഹെഡ്മാസ്റ്റർ ശ്രീ. ജോൺ മഞ്ചുവള്ളിൽ സ്വാഗതം ആശംസിച്ചു. അസി. വികാരി റവ. ഫാ. ജിനോജ് പാലത്തടത്തിൽ സന്നിഹിതനായിരുന്നു. 800 പേർ പങ്കെടുത്തു. ശ്രീ. ലിജോ മങ്കുത്തേലിന്റെ നന്ദിയോടെ സെമിനാർ അവസാനിച്ചു.

**കരണി യൂണിറ്റ്**

കിടപ്പുരോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. നവംബർ 04 ന് ശ്രീ. ഷാജി ചന്ദനപറമ്പിലിന്റെ നേതൃത്വത്തിൽ “മാതാപിതാക്കളും കുട്ടികളും” എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. ഇടവക തിരുനാളിനോട് അനുബന്ധിച്ച് നവംബർ 17 ന് പള്ളിയും പരിസരവും വൃത്തിയാക്കി. പള്ളി അലങ്കാരത്തിലും തിരുനാൾ പ്രദക്ഷിണത്തിലും കലാപരിപാടിയിലും മാതാക്കളുടെ സാന്നിധ്യം ഉണ്ടായിരുന്നു.

**ഇടിവണ്ണ യൂണിറ്റ്**

നവംബർ 5 ന് ബഹു. ജിൽസനച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് ചേർന്നു. തീർത്ഥയാത്രയ്ക്കുള്ള ഒരുക്കങ്ങളെക്കുറിച്ച് ചർച്ച നടത്തി. നവംബർ 13 ന് വല്ലാർപാടത്തേയ്ക്ക് തീർത്ഥയാത്ര നടത്തി. 19 ന് നടന്ന ഫൊറോന എക്സിക്യൂട്ടീവിൽ ശ്രീമതി താജ്, ശ്രീമതി

സാലി ജോസ് എന്നിവർ പങ്കെടുത്തു. ഇടവകയിലെ ഒരു രോഗിക്ക് 5000 രൂപ ചികിത്സാസഹായം നൽകി.

## പടമല യൂണിറ്റ്

അമ്മമാർ ഇടവകയിലെ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ചെയിൻ റോസറി നടത്തി പ്രാർത്ഥിച്ചു. അൽഫോൻസാമ്മയുടെ കപ്പേള വൃത്തിയാക്കി. പള്ളിയുടെ പരിസരവും കുരിശിന്റെ വഴിയുടെ സ്ഥലങ്ങളും വൃത്തിയാക്കി. ഗവ. ആശുപത്രിയിൽ ഭക്ഷണം തയ്യാറാക്കി അമ്മമാരുടെ നേതൃത്വത്തിൽ രോഗികൾക്ക് വിതരണം ചെയ്തു. ബഹു. ബ്ര. ഫ്രാങ്കോ കുട്ടികളെ വളർത്തുന്നതിൽ അമ്മമാർക്കുള്ള പങ്ക് എന്ന വിഷയത്തെപ്പറ്റി ക്ലാസ് എടുത്തു. 125 അമ്മമാർ പങ്കെടുത്തു.

## തരിയോട് ഫൊറോന

ഡിസംബർ 02 ന് ചെന്നലോട് ഇടവകയിൽ വെച്ച് തരിയോട് ഫൊറോനയുടെ വാർഷികവും കരോൾഗാന മത്സരവും നടത്തി. ബഹു. പാലക്കിയച്ചൻ മുഖ്യസന്ദേശം നൽകി. ഫൊറോന പ്രസിഡണ്ട് ശ്രീമതി അന്നമ്മ കാവാലം അദ്ധ്യക്ഷത വഹിച്ചു. ഫൊറോന ആനിമേറ്റർ സി. ആൻസി ജോസ് FCC സ്വാഗതവും സി. ആൻസില ആശംസയും അർപ്പിച്ചു. കരോൾഗാന മത്സരത്തിൽ 1-ാം സ്ഥാനം കാവുംമന്ദവും, 2-ാം സ്ഥാനം ചെന്നലോടും, 3-ാം സ്ഥാനം പുതുശ്ശേരിക്കടവും കരസ്ഥമാക്കി. വിജയികൾക്ക് പാലക്കിയച്ചൻ സമ്മാനവിതരണം നടത്തി. 7 ഇടവകയിൽ നിന്നുമായി 60 പേർ പങ്കെടുത്തു. ഫൊറോന സെക്രട്ടറി ശ്രീമതി തങ്കമ്മ നന്ദി പറഞ്ഞു.

## ചെന്നലോട് യൂണിറ്റ്

ഒക്ടോബർ മാസത്തിൽ ചേർന്ന മീറ്റിംഗിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫൊറോനതലത്തിൽ ഡിസംബർ മാസത്തിൽ നടത്തിയ ചെയിൻ റോസറിയിൽ പങ്കെടുത്തു. ഡിസംബർ 2-ാം തീയതി ചെന്നലോട് ഇടവകയിൽ വെച്ച് നടത്തിയ ഫൊറോന കരോൾഗാന മത്സരത്തിൽ പങ്കെടുത്ത് രണ്ടാംസ്ഥാനത്തിന് അർഹരായി. മീഡിയാ കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിൽ ചെന്നലോട് ഇടവകയിൽ വെച്ച് നടത്തിയ കരോൾഗാന മത്സരത്തിൽ സജീവമായി പങ്കെടുത്തു.

## പോരൂർ യൂണിറ്റ്

ബഹു. ചാക്കോച്ചനച്ചന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 12, നവംബർ 16 ഈ തീയതികളിൽ എക്സിക്യൂട്ടീവ് ചേർന്നു. വിശ്വാസവർഷ

ത്തിൽ എന്തുചെയ്യുവാൻ സാധിക്കും എന്നതിനെക്കുറിച്ച് ഇടവക യിലെ എല്ലാ മാതാക്കൾക്കും വേണ്ടി സെമിനാർ നടത്തി. നവംബർ 30 ന് ഒ. പി. അബ്രാഹം (SWS) ആണ് സെമിനാർ നയിച്ചത്. ബഹു. ചാക്കോച്ചനച്ചൻ സ്വാഗതവും സെക്രട്ടറി ഷാന്റി വെട്ടിക്കൽ നന്ദിയും പറഞ്ഞു. വി. കുർബാനയ്ക്കും നൊവേനയ്ക്കും ശേഷം എല്ലാവരും പിരിഞ്ഞു പോയി.

**ദ്വാരക യൂണിറ്റ്**

ഭാരവാഹികൾ ദ്വാരക ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് 53 വിധവകളെ കണ്ടെത്തി. ഭവനങ്ങളിൽ രോഗികളായിട്ടുള്ളവരെ സന്ദർശി ക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

പുതിയ ഭാരവാഹികൾ:- ഡയറക്ടർ റവ. ഫാ. ജോയി തുരുത്തേൽ, ആനിമേറ്റർ സി. കുസുമം SH, പ്രസിഡണ്ട് ശ്രീമതി മേരി തായ്പ്പള്ള, വൈസ്പ്രസിഡണ്ട് ശ്രീമതി ഷിജി പള്ളിക്കൽ, സെക്രട്ടറി ശ്രീമതി ത്രേസ്യ വടക്കേക്കര, ജോ. സെക്രട്ടറി ശ്രീമതി ലിസി കദളിക്കാട്ടിൽ, ട്രഷറർ ശ്രീമതി ലിജി വരിക്കാംതൊട്ടിയിൽ കൗൺസിലേഴ്സ് 1. ശ്രീമതി ലാലി ആലിങ്കൽ, 2. ശ്രീമതി മോളി കിഴക്കേപറമ്പിൽ, 3. ശ്രീമതി ജെസി ഓലിക്കൽ.

**മരിയൻ സിംഗിൾസ്**

ഡിസംബർ 18- ന് ബഹു. ഡെന്നീസച്ചന്റെയും, ആനിമേറ്റർ സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. അടുത്ത മീറ്റിംഗ് ജനുവരി 15 ന് 10.00 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ് 30-11-12**

2012 നവംബർ 30 ഡിസംബറിലെ ആദ്യശനിയുടെ തലേദിവസം 56 ശുശ്രൂഷകർ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ സീയോൻ ചാപ്പലിൽ ഒരുമിച്ചുകൂടി. 10 മണിക്ക് കുരിശിന്റെ വഴി ശ്രീ. പൈലി തുറപ്പാട്ട് നയിച്ചു. തുടർന്ന് 2012 വർഷത്തിൽ ദൈവം നയിച്ച വഴികൾ, നൽകിയ കൃപകൾ എല്ലാം ഓർത്ത് ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ കൃതജ്ഞതാ മലരുകൾ അർപ്പിച്ചുകൊണ്ട് ആരാധന കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം നയിച്ചു. 12 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. അപ്പസ്തോലന്മാരെ കർത്താവ് വിളിച്ചതിന്റെ ലക്ഷ്യം അവരെ മനുഷ്യരെ പിടിക്കുന്നവനാക്കാനാണ്. ശുശ്രൂഷകരായ നമ്മുടെ വിളിയും ആത്മാക്കളെ രക്ഷിക്കാനാണ്. വിളിക്കപ്പെടുന്നവർ ശുശ്രൂഷയ്ക്ക് തടസമാകാവുന്ന എല്ലാ ഭൗതീക ബന്ധങ്ങളും ഉപേക്ഷിക്കണം. വൈകുന്നേരം 2 ന് ശുശ്രൂഷകർക്ക് സന്ദേശമായി കിട്ടിയ വചനം ഏശയ്യ 30: 20-21 അച്ചൻ വ്യാഖ്യാനിച്ചു തന്നു. കഷ്ടതയുടെ ക്ലേശത്തിന്റെ അനുഭവങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചാൽ ഗുരു നമ്മിൽ നിന്നും മറഞ്ഞിരിക്കുകയില്ല. തുടർന്ന് ബഹു.അച്ചൻ നിർദ്ദേശങ്ങൾ തന്നു. 3.15 ന് സോണൽ മീറ്റിംഗ് അവസാനിച്ചു. 6.30 വരെ ഒരുക്ക ശുശ്രൂഷകൾക്കും എൽഡറിംഗിനുമായി വിനിയോഗിച്ചു.

**ജാഗരണ പ്രാർത്ഥന**

6.30 ന് ജപമാല ശ്രീമതി മറിയാമ്മ മുപ്രാപ്പള്ളി നയിച്ചു. വൈകുന്നേരം 7 ന് ബഹു. ലാൽ പൈനുങ്കൽ അച്ചൻ വി.ബലി അർപ്പിച്ചു. കർത്താവിനോട് ചേർന്നു നിൽക്കാൻ കർത്താവിങ്കലേയ്ക്ക് നടന്നടുക്കാൻ നാം ജീവിതത്തിൽ അനുഷ്ഠിക്കേണ്ട കാര്യങ്ങളാണ് ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവ. അപ്പോൾ ജഡത്തിന്റേയും സമ്പത്തിന്റേയും സാത്താന്റേയും ബന്ധനങ്ങൾ അഴിയും. തായ്ത്തണ്ടായ ക്രിസ്തുവിനോട് ചേർന്നു നിൽക്കാൻ നമ്മെ സഹായിക്കുന്നത് പ്രാർത്ഥനയാണ്. വി.ബലിക്കുശേഷം അത്താഴം. തുടർന്ന് കുരിശിന്റെവഴി

നടത്തി. 12 മണി വരെ ജാഗരണപ്രാർത്ഥന. ബഹു. അഗസ്റ്റിൻ അച്ചനും സീയോൻ ടീമും ചേർന്ന് ആരാധന നയിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ 1-12-12**

പ്രഭാതത്തിൽ 6 മണിക്ക് ജപമാലയോടുകൂടി ഇന്നത്തെ ശുശ്രൂഷകൾക്ക് ആരംഭമിട്ടു. 8.30 ന് സ്റ്റേജിൽ ജപമാല, സപ്ര, സ്തുതിആരാധന എന്നിവ നടത്തി. 10.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വചനപ്രഘോഷണം നടത്തി. 12.20 ന് ബഹു. ജോണി പെരുമാട്ടിക്കുന്നേൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു വചനസന്ദേശം നൽകി. കുമ്പസാരത്തിനും കൗൺസിലിംഗിനും സൗകര്യമൊരുക്കി. അഭിഷേകപ്രാർത്ഥന, സൗഖ്യാരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നീ ശുശ്രൂഷകളിലൂടെ ദൈവമക്കൾ ഉണർവ്വും സൗഖ്യവും അഭിഷേകവും നേടി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി ശുശ്രൂഷകൾ**

കൗൺസിലിംഗ് - ജനങ്ങൾ വന്ന് കൗൺസിലിംഗ് നടത്തി സന്തോഷവും സമാധാനവും നേടി പോയി.

**ദമ്പതീകൂട്ടായ്മ** - രാവിലെ 10 ന് ജപമാലയോടുകൂടി കൂട്ടായ്മ ആരംഭിച്ചു. ശ്രീ. തോമസ് നല്ലൂർ നേതൃത്വം നൽകി. 11.15 ന് ശ്രീ. സണ്ണി പേര്യക്കോട്ടിൽ വിശ്വാസത്തെക്കുറിച്ച് ക്ലാസ് നയിച്ചു. തുടർന്ന് ബഹു ജോസഫ് നന്ദികാട്ടച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ആരാധനയ്ക്ക് സി. ആനി മാത്യു നേതൃത്വം നൽകി. 4 മണിക്ക് ശുശ്രൂഷ അവസാനിച്ചു. 29 ഓളം ദമ്പതികൾ കൂട്ടായ്മയിൽ പങ്കെടുത്തു.

**മൂന്നാംവെള്ളി 21-12-12** - ജാഗരണ പ്രാർത്ഥന - സീയോൻ ശുശ്രൂഷകരും സുവിശേഷ മുന്നണി പ്രവർത്തകരും ഒന്നു ചേർന്ന് 6 P.M - 5 A.M. വരെ ജാഗരണ പ്രാർത്ഥന നടത്തി.

**22-12-12 നാലാം ശനി സൗഖ്യദിനം** - രാവിലെ 10 മുതൽ ആരാധന, ജപമാല, കുമ്പസാരം, കൗൺസിലിംഗ്, സൗഖ്യാരാധന, വി. കുർബാന, വചനപ്രഘോഷണം എന്നീ ശുശ്രൂഷകളിലൂടെ ദൈവമക്കൾ മനസിനും, ശരീരത്തിനും, ആത്മാവിനും സൗഖ്യം നേടി പോയി. ബഹു. താന്നിയിൽ അച്ചൻ നേതൃത്വം നൽകി.

**സീയോൻ 2013 ജനുവരിയിൽ**

| | |
|---|---|
| 4 ആദ്യവെള്ളി | - സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 5 ആദ്യശനി | - ഏകദിനകൺവെൻഷൻ, കൗൺസിലിംഗ് |
| 12 രണ്ടാംശനി | - യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ, കൗൺസിലിംഗ് |
| 18 മൂന്നാംവെള്ളി | - ജാഗരണ പ്രാർത്ഥന, 6 P.M - 5 A.M |
| 26 നാലാംശനി | - സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ** - ഡയറക്ടർ സിയോൻ സി.ആർ.സി.

# വിൻസെൻ്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ,

എല്ലാവർക്കും പുതുവത്സരാശംസകൾ അർപ്പിക്കുന്നു. യേശുനാഥന്റെ തിരുപ്പിറവിക്കൊപ്പം, കടന്നുവരുന്ന പുതുവർഷത്തെ പുതിയ കാഴ്ചപ്പാടോടും, പ്രതീക്ഷകളോടും കൂടി നമുക്ക് എതിരേല്ക്കാം. വിശ്വാസവർഷമായി ആചരിക്കുന്ന ഈ പുതുവത്സരത്തിൽ നമുക്ക് വിശ്വാസത്തിൽ ആഴപ്പെടുവാൻ പരിശ്രമിക്കാം. മറ്റുള്ളവർക്ക് നന്മ ചെയ്ത് കടന്നുപോകുവാൻ ഒരു വർഷംകൂടി നമുക്ക് നൽകിയ നല്ല ദൈവത്തെ സ്തുതിക്കുകയും, നന്ദി പറയുകയും ചെയ്യാം. പുതുവർഷത്തിൽ മറ്റുള്ളവർക്ക് നന്മചെയ്ത് ജീവിക്കുവാനുള്ള ദൈവാനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

**സി.സി. ഭാരവാഹികളുടെ സന്ദർശനം**

5-12-12 ന് സിസിയുടെ ഔദ്യോഗിക ഭാരവാഹികളായ ബ്ര. തോമസ് മാങ്ങൻ, ജോണി പാറ്റാനി, അഗസ്റ്റിൻ കൊടിയംകുന്നേൽ തുടങ്ങിയവർ ബിഷപ്സ് ഹൗസിൽ വെച്ച് അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് സംഘടനയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും, ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. അടുത്ത സി.സി. വാർഷികത്തിന് 2013 മെയ് മാസത്തെ രണ്ടാംശനിയാഴ്ച പിതാവിനെ ക്ഷണിക്കുകയും വരാമെന്ന് സമ്മതിക്കുകയും ചെയ്തു.

**വിദേശ കത്തുകൾ**

ഡിസംബർ മാസത്തെ ബുള്ളറ്റിനിൽ നിർദ്ദേശിച്ചതനുസരിച്ച് എല്ലാവരും ടിൻകോൺഫറൻസുകൾക്ക് കത്തും, ക്രിസ്തുമസ് കാർഡും അയച്ചിട്ടുണ്ടെന്ന് കരുതട്ടെ. ഇനിയും കത്ത് അയയ്ക്കാത്ത കോൺഫറൻസുകൾക്ക് ഇനിമുതൽ ടിന്നിംഗ് ലഭിക്കുകയില്ല. എ.സി. പ്രസിഡണ്ടുമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കത്തിന്റെ കോപ്പികൾ സി.സി. ഓഫീസിൽ ഏൽപ്പിക്കുവാൻ മറക്കരുത്. ഇനിമുതൽ കത്തുകൾ അയയ്ക്കുമ്പോൾ ടിന്നിംഗ് പാസ്സായ അവസരത്തിൽ നിങ്ങൾക്ക് ലഭിച്ച SRN നമ്പർ കൂടി കത്തിൽ കാണിക്കണമെന്ന് നാഷണൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കോൺഫറൻസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ചെറു വിവരണവും കത്തിൽ ഉൾപ്പെടുത്തണം.

**ഏ.സി. തല സെമിനാറുകൾ**

1). കല്പറ്റ-ചുണ്ടക്കര ഏ.സി കളുടെ സംയുക്ത സെമിനാർ 2012 ഡിസംബർ 8 നു കല്പറ്റ സെന്റ് വിൻസെന്റ് പള്ളിയിൽ വച്ച് നടന്നു. ബൈബിളിനെ അടിസ്ഥാനമാക്കി നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കുന്നതും, സംശയനിവാരണം നടത്തുന്നതുമായ ക്ലാസ്സിന് റവ. ഫാ. ജോൺസൺ പുതു

ശ്ശേരി സി.എസ്.റ്റി. നേതൃത്വം നൽകി. സെമിനാർ റിപ്പൺ പള്ളി വികാരി റവ. ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ സി.സി. സീനിയർ വൈസ് പ്രസിഡണ്ട് ജോണി പാറ്റാനി അദ്ധ്യക്ഷത വഹിച്ചു. സി.സി. ട്രഷറർ ഫിലിപ്പും സംസാരിച്ചു. ഡിസംബർ 8 നു തന്നെ പാടിച്ചിറ-പുൽപ്പള്ളി ഏ.സി. കളുടെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിൽ മതബോധന ഗ്രന്ഥം ആസ്പദമാക്കി റവ. ഫാ. ഷൈജു പള്ളിച്ചാൻകുടിയിൽ TOR ക്ലാസ്സുകൾ എടുത്തു. സി.സി. പ്രസിഡണ്ട് ബ്ര. തോമസ് മാങ്ങൻ ജനറൽ സെക്രട്ടറി ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ എന്നിവർ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു.

**മതബോധനഗ്രന്ഥം**

വിശ്വാസവർഷത്തോടനുബന്ധിച്ച് നമ്മുടെ എല്ലാ ഭവനങ്ങളിലും "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" എന്ന പുസ്തകം എത്തിക്കുവാൻ കോൺഫറൻസ് അംഗങ്ങൾ പരിശ്രമിക്കുക. പുസ്തകത്തിന്റെ കോപ്പികൾ 220 രൂപയ്ക്ക് സി.സി. ഓഫീസിലും ദ്വാരക ബുക്ക് സ്റ്റാളിലും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക് സ്റ്റാളിലും ലഭിക്കും.

**റിന്യൂവൽ സ്കോളർഷിപ്പുകൾ**

2012–13 വർഷത്തെ റിന്യൂവൽ സ്കോളർഷിപ്പുകൾ അനുവദിച്ച് വന്നിട്ടുണ്ട്. അതിന്റെ തുക 22–12–12 ന് ഏ.സി. പ്രസിഡണ്ടുമാർ വശം നൽകിയിട്ടുണ്ട്. പ്രസ്തുത തുക താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് എത്രയുംപെട്ടെന്ന് കൈമാറി നിശ്ചിതഫോമിലുള്ള കംപ്ലീഷൻ റിപ്പോർട്ട് സി.സി. ഓഫീസിൽ 31–1–13 ന് മുമ്പ് ഏൽപ്പിക്കണം.

**H. E. S**

1. അലക്സ് വി. സ്റ്റനിസ്ലാവോസ് – സെന്റ് മേരീസ് ബത്തേരി
2. അഭിലാഷ് ജോസ് – സെന്റ് ജോസഫ് കുറുമ്പാല
3. ജോക്കിൻ ജോൺസൺ – സെന്റ് മേരീസ് പുഴമുടി

**T.T. S.**

1. നീനു സണ്ണി – ഇൻഫന്റ് ജീസസ് നടവയൽ
2. ജോസഫ് ജോസഫ് – സെന്റ് മേരീസ് മണിമൂളി
3. അമൃത സ്റ്റീഫൻ – സെന്റ് മേരീസ് നടവയൽ
4. ഷിജി വർക്കി – സെന്റ് മരിയ ഗൊരേത്തി കല്ലോടി
5. ദിൽഷാ ജോൺ – സെന്റ് മേരീസ് ചുണ്ടക്കര
6. അനുപ്രിയ തോമസ് – സെന്റ് സെബാസ്റ്റ്യൻസ് വിളമ്പുകണ്ടം
7. മെൽബി പോൾ – സെന്റ് തെരേസാ പാൽച്ചുരം
8. ജിൻസി ജോൺ – സെന്റ് അൽഫോൻസാ ദീപ്തിഗിരി
9. സോഫിയാ മാത്യു – സെന്റ് അൽഫോൻസാ ദ്വാരക
10. സാന്ദ്ര സേവ്യർ – സെന്റ് ഫ്രാൻസീസ് അസീസി മഞ്ഞൂറ
11. ആതിര ഷാജി – സെന്റ് ജോസഫ്സ് ബാലേശ്ശുഗിരി
12. അനുമോൾ കെ.കെ. – സെന്റ് ഫ്രാൻസീസ് അസ്സീസി വെള്ളൂന്നി

13. മിനി. കെ. പൗലോസ് - സെന്റ് മേരീസ് തെനേരി
14. ജിൻസി സേവ്യർ - സെന്റ് മേരീസ് മണിമൂളി
15. റിനു ജോണി - ഫാത്തിമാ മാതാ ചുങ്കക്കുന്ന്
16. മിൻസി മോൾ ജോസഫ് - സെന്റ് ജോസഫ്സ് അടയ്ക്കാത്തോട്

**നാഷണൽ കൗൺസിൽ റെക്കമെന്റ് ചെയ്ത പ്രോജക്ടുകൾ**

1. 39/12-13 - സെന്റ് മേരീസ് തെനേരി - വീട് റിപ്പയർ
2. 52/12-13 - സെന്റ് ജോർജ്ജ് ചുള്ളിയാന - പശുവളർത്തൽ
3. 57/12-13 - സെന്റ് സെബാസ്റ്റ്യൻ ധർമ്മഗിരി - കമ്പ്യൂട്ടർ പഠന കേന്ദ്രം

**ഓസ്സാനാംഭവൻ സന്ദർശനം - വാഴവറ്റ ഏ.സി.**

| | | |
|---|---|---|
| 17-01-13 | - | സെന്റ് ജോസഫ് ബാലേശുഗിരി |
| 19-01-13 | - | സെന്റ് ജോർജ്ജ് കൊളവയൽ |
| 21-01-13 | - | സെന്റ് ഫ്രാൻസീസ് അസ്സീസി മീനങ്ങാടി |
| 23-01-13 | - | സെന്റ് ജോസഫ്സ് തെനേരി |
| 25-01-13 | - | സെന്റ് മേരീസ് തെനേരി |
| 27-01-13 | - | അമലോത്ഭവമാതാ വാഴവറ്റ |
| 29-01-13 | - | സെന്റ് സെബാസ്റ്റ്യൻസ് വാഴവറ്റ |
| 31-01-13 | - | ഡൊമിനിക് സാവിയോ വാഴവറ്റ |
| 2-02-13 | - | ക്രിസ്തുരാജ വാഴവറ്റ |

**ബത്തേരി ഏ.സി.**

| | | |
|---|---|---|
| 5-02-13 | - | സെന്റ് മാർട്ടിൻ അമ്പലവയൽ |
| 7-02-13 | - | സെന്റ് മേരീസ് ബത്തേരി |
| 9-02-13 | - | സെന്റ് ജോർജ്ജ് ചിത്രഗിരി |
| 11-02-13 | - | സെന്റ് അൽഫോൻസാ കടൽമാട് |
| 13-02-13 | - | സെന്റ് ജൂഡ് മൂലങ്കാവ് |
| 15-02-13 | - | സെന്റ് ആന്റണി പഴൂർ |

**വാർഷിക സെമിനാർ**

സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ സുൽത്താൻ ബത്തേരി ഏരിയ കൗൺസിലിന്റെ വാർഷിക സെമിനാർ അസംപ്ഷൻ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. യോഗത്തിൽ ഏരിയ പ്രസിഡണ്ട് ഫ്രാൻസീസ് പുലിക്കോട്ടിൽ അദ്ധ്യക്ഷനായിരുന്നു. ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. രൂപതാ പ്രസിഡണ്ട് ബ്ര. തോമസ് മാങ്ങൻ, രൂപതാ ജനറൽ സെക്രട്ടറി അഗസ്റ്റിൻ കൊടിയംകുന്നേൽ, ബത്തേരി കോൺഫറൻസ് പ്രസിഡണ്ട് ജോസ് മെഴുകനാൽ എന്നിവർ പ്രസംഗിച്ചു. റവ. ഫാ. ബെന്നി മുതിരക്കാലായിൽ, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ക്ലാസ്സെടുത്തു. സെമിനാറിന് തോമസ് പട്ടമന സ്വാഗതവും അലക്സാണ്ടർ ആലംചേരിൽ നന്ദിയും പറഞ്ഞു.

എല്ലാവർക്കും ഒരിക്കൽകൂടി പുതുവത്സരാശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബ്രദർ എം.സി. തോമസ് മാങ്ങൻ** - സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ജനുവരി 27 മദ്യവിരുദ്ധഞായർ**

2013 ജനുവരി 27 ന് കെ.സി.ബി.സി. യുടെ ആഹ്വാനപ്രകാരം കേരള കത്തോലിക്കാ മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. എല്ലാ വർഷവും ജനുവരി മാസത്തിലെ അവസാന ഞായറാണ് കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നത്.

മദ്യവിരുദ്ധ ഞായറിനോടനുബന്ധിച്ച് ഇടവകകളിൽ മദ്യവിരുദ്ധ-ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുമല്ലോ. പൊതുസമ്മേളനം ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ വിതരണം ലഹരിവിരുദ്ധ റാലി, ലഹരിവിരുദ്ധ പ്രതിജ്ഞ എന്നിവ നടത്താവുന്നതാണ്.

വിശ്വാസവർഷത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് സഭ വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. മദ്യവിരുദ്ധ ഞായർ ആചരണം വിപുലമായി നടത്തുവാൻ ഏവരും സഹകരിക്കുമല്ലോ.

**മദ്യനയം രൂപീകരിക്കാൻ കെ.സി.സി. പ്രത്യേക യോഗം**

സഭയുടെ മദ്യനയം ചർച്ച ചെയ്യുവാൻ KCC യുടെ പ്രത്യേക സമ്മേളനം ഡിസംബർ 10 ന് POC യിൽ ചേരുകയുണ്ടായി അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായർ, മദ്യവിരുദ്ധ സമിതി സംസ്ഥാന-രൂപതാ ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. മദ്യത്തോടുള്ള സഭയുടെ സമീപനങ്ങൾ ആഴത്തിൽ യോഗം ചർച്ച ചെയ്തു. KCBC യുടെ പരിഗണനയ്ക്കായി 25 ഇന നിർദ്ദേശങ്ങൾ സമർപ്പിച്ചു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ആനിമേറ്റർ സി. ജോവിറ്റ FCC എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**സഭയുടെ മദ്യനയം കെ.സി.ബി.സി പ്രഖ്യാപിച്ചു**

ഡിസംബർ 11-14 ന് പി. ഒ. സി. യിൽ വെച്ച് കെ.സി.ബി.സി. ജനറൽബോഡി യോഗം നടന്നു. മദ്യത്തോടുള്ള സഭയുടെ നയം ആ സമ്മേളനം ആഴത്തിൽ ചർച്ച ചെയ്തു. കെ.സി.ബി.സി. സമ്മേളന

ത്തിന്റെ ഏറ്റവും പ്രാധാന്യമേറിയ ചർച്ചാ വിഷയം കേരള കത്തോലിക്കാ സഭയുടെ മദ്യത്തോടുള്ള സമീപനം തന്നെയായിരുന്നു. KCC ചർച്ച ചെയ്ത് സമർപ്പിച്ച 25 ഇന കർമ്മപരിപാടികൾ ആവശ്യമായ ഭേദഗതികളോടെ KCBC അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു.

**സുപ്രധാന തീരുമാനങ്ങൾ**

1. ഗവൺമെന്റ് മദ്യവിൽപ്പനയിൽ നിന്ന് പൂർണ്ണമായും പിന്മാറണം.
2. ഇടവക-മേഖല-രൂപത തലത്തിൽ നേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ മദ്യം ഉപയോഗിക്കുന്നവരോ, മദ്യ വിൽപ്പനയുമായി ബന്ധപ്പെടുന്നവരോ ആയിരിക്കരുത്.
3. ഹൈക്കോടതി നിർദ്ദേശപ്രകാരം പകൽസമയം മദ്യശാലകൾ പൂർണ്ണമായും അടച്ചിടണം.
4. കത്തോലിക്കാ സഭയുടെ സ്ഥാപനങ്ങളോ, സഭാതനയരോ മദ്യ വ്യവസായത്തിനായി കെട്ടിടങ്ങൾ നൽകാൻ പാടില്ല.
5. മദ്യമുതലാളിമാരിൽ നിന്ന് സംഭാവന സ്വീകരിക്കരുത്.

**സംസ്ഥാന വാർഷിക സമ്മേളനം KCBC**

മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം ഡിസംബർ 14, 15 തീയതികളിൽ തിരുവനന്തപുരത്ത് വെച്ച് സമുചിതമായി ആചരിച്ചു. പ്രതിനിധി സമ്മേളനം, വിദ്യാർത്ഥിസമ്മേളനം, മദ്യവിമുക്തരുടെ കൂട്ടായ്മ, പൊതുസമ്മേളനം, റാലി, പ്രചരണ ജാഥകൾ എന്നിവയുണ്ടായിരുന്നു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ, കവയത്രി സുഗതകുമാരി ടീച്ചർ, ആർച്ച് ബിഷപ്പ് ഡോ. സൂസൈപാക്യം, ബിഷപ്പ് സാമുവൽ ഐറിനോസ്, മോൺ. യൂജിൻ പെരാരെ എന്നിവർ വിവിധ സമ്മേളനങ്ങളിൽ വിശിഷ്ഠാതിഥികൾ ആയിരുന്നു. ആയിരങ്ങൾ പങ്കെടുത്ത മദ്യവിരുദ്ധ റാലി ഏറെ ശ്രദ്ധേയമായിരുന്നു. സി. ജോവിറ്റ FCC വിവിധ പരിപാടികളുടെ നേതൃത്വനിരയിൽ പങ്കാളിയായി.

**ലഹരിവിരുദ്ധ സെമിനാർ - മോചന**
**ജി.എച്ച്.എസ്.എസ്. നീർവാരം**

വോയ്സ് വയനാടിന്റെ നേതൃത്വത്തിൽ നീർവാരം ഗവ. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഡിസംബർ 7 ന് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സുകൾ നയിച്ചു. സെമിനാർ സംഘടിപ്പിക്കാൻ അനുവാദം നൽകിയ സ്കൂൾ ഹെഡ്മാസ്റ്റർ, സഹപ്രവർത്തകർ, വോയ്സ് പ്രവർത്തകർ എന്നിവർക്ക് പ്രത്യേകം നന്ദി. 250 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ജി. എച്ച്. എസ്. എസ്. കാക്കവയൽ**

വോയ്സ് വയനാടിന്റെ നേതൃത്വത്തിൽ കാക്കവയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഡിസംബർ 7 ന് 2 മണി മുതൽ 4.30 വരെ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി മോചന നടത്തി. സ്കൂൾ പ്രിൻസിപ്പാൾ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. സ്കൂളിലെ അധ്യാപകർക്കും വോയ്സ് പ്രവർത്തകർക്കും പ്രത്യേകം നന്ദി. ഇരുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

**'കാസ' വാർത്തകൾ**

**അസംപ്ഷൻ യു. പി. ബത്തേരി**

കാസയുടെ ഉദ്ഘാടനം ജൂൺ 13 ന് നടത്തി. ലഹരിക്കെതിരെ ബോധവൽക്കരണ കാർഡ് പ്രിന്റ് ചെയ്ത് 1500 കുട്ടികൾക്ക് വിതരണം ചെയ്തു. 22-10 ന് സെമിനാർ നടത്തി. 28-11 ന് സി.ഡി. പ്രദർശനം നടത്തി. ലഹരി വിരുദ്ധ ബാനർ തയ്യാറാക്കി. കാൻസർ രോഗിക്ക് സഹായം നൽകി. ലഹരി വിരുദ്ധ വാരാചരണം, മത്സരങ്ങൾ, ബോധ വത്ക്കരണ ക്ലാസ്സ് എന്നിവ നടത്തി.

**സെന്റ് ആന്റണീസ് കോട്ടത്തറ**

ജൂൺ 16 ന് കാസ ഉദ്ഘാടനം ചെയ്തു. 3 കോളനികളിൽ പുക യില വിരുദ്ധ പോസ്റ്റർ സ്ഥാപിച്ചു. ഭവനങ്ങളിൽ പുകയില വിരുദ്ധ സന്ദേശം എത്തിച്ചു. മദ്യമില്ലാ ഭവനം എന്ന ആശയം നൽകി. ലഹരി വിരുദ്ധ റാലി, പ്രതിജ്ഞ എന്നിവ നടത്തി.

**സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. ബോധവൽക്കരണ ക്ലാസ്സ് നടത്തി. നോട്ടീസ് ബോർഡ് സ്ഥാപിച്ചു. വിദ്യാലയ പരിസരം പുകയില വിമുക്തമെന്ന് ഉറപ്പ് വരുത്തുന്നു.

**നിർമ്മല H.S. കബനിഗിരി**

ജൂൺ 26 ന് ക്ലബ്ബ് രൂപീകരണം നടന്നു. പുകയില-ലഹരി വിരുദ്ധ ദിനം ആചരിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞ റാലി എന്നിവ നടത്തി. ബാനർ, വാദ്യഘോഷം എന്നിവയിലൂടെ റാലി ഗംഭീരമാക്കി. കുട്ടി കൾക്കായി വിവിധ മത്സരം നടത്തി പുകയില ജന്യ രോഗങ്ങളെപ്പറ്റി ക്ലാസ്സ് നടത്തി. പുകയില-ലഹരി വിരുദ്ധ ബോർഡ് സ്ഥാപിച്ചു.

കൂടുതൽ കാസ വാർത്തകൾ വരും ലക്കങ്ങളിൽ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്.

# ജയിൽ മിനിസ്ട്രി



**2012 നവംബർ, ഡിസംബർ**

നവംബർ മാസത്തിൽ വൈത്തിരി ജയിൽ സന്ദർശനം 18-ാം തീയതി ബത്തേരി മേഖല മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിലായിരുന്നു. ബത്തേരി മേഖലയിലെ ബത്തേരി, മീനങ്ങാടി, അമ്പലവയൽ, തോമാട്ടുചാൽ, കടൽമാട്, ചിത്രഗിരി, പഴൂർ, മൂലങ്കാവ്, കല്ലുമുക്ക്, ചുള്ളിയോട് ശാഖകളിൽ നിന്നും മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തുകൊണ്ട് അവതരിപ്പിച്ച വ്യത്യസ്ത കലാപരിപാടികൾ തടവറ മക്കൾക്ക് ആശ്വാസമായി. ആദ്യമായി ജയിൽ സന്ദർശനത്തിന് വന്നവർക്ക് സന്ദർശനം ആശ്ചര്യകരമായി. സന്ദർശനത്തിന് നേതൃത്വം കൊടുത്ത മേഖല സി.എം.എൽ. ഡയറക്ടർ ബഹു. തുരുത്തേൽ ബിജു അച്ചനും മേഖല ജോ. ഡയറക്ടർ ബഹു. ആഷ്‌ലി CMC യ്ക്കും അംഗങ്ങളെ പറഞ്ഞുവിട്ട എല്ലാ ശാഖാ ഡയറക്ടർ അച്ചന്മാർക്കും രൂപതാ ജീസസ് ഫ്രട്ടേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി...

ഡിസംബർ 2-ാം തീയതി വൈത്തിരി ജയിൽ സന്ദർശിച്ചത് മാനന്തവാടി സുവിശേഷമുന്നണി പ്രവർത്തകരായിരുന്നു. ബഹു. ജോബിൻ അച്ചന്റെ നേതൃത്വത്തിൽ കമില്ലസ് സെമിനാരി വൈദിക വിദ്യാർത്ഥികൾ ലഘു നാടകം, ക്രിസ്മസ്സ് സന്ദേശം, മറ്റു കലാവിരുന്ന് എന്നിവയിലൂടെ സന്ദർശനം ഹൃദ്യമാക്കി. വചനോത്സവം മാസിക കൊടുക്കുകയും ചെയ്തു. നേതൃത്വം കൊടുത്ത കമില്ലസ് സെമിനാരിയിലെ ബഹു. റ്റെജി അച്ചനും ബ്രദേഴ്സിനും ബഹു. സിസ്റ്റേഴ്സിനും ഒത്തിരി നന്ദി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

## ഓട്ടോറിക്ഷാ സ്വയം തൊഴിൽ പദ്ധതി

സ്ത്രീ ശാക്തീകരണ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബാംഗ്ലൂർ ആസ്ഥാനമായുള്ള എഫ് വി ടി ആർ എസ് മായി സഹകരിച്ച് 10 വനിതകൾക്ക് ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം നൽകുകയും, കാത്തലിക് സിറിയൻ ബാങ്കുമായി സഹകരിച്ച് വായ്പ ക്രമീകരിച്ച് ഓട്ടോറിക്ഷാ വാങ്ങി നൽകുകയും ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. എൽ. പൗലോസ് നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ബിജോ കറുകപ്പള്ളി, ഒ.പി. അബ്രാഹം, പി. എ. ജോസ്, അനൂപ് വർഗ്ഗീസ്, ദീപു എന്നിവർ പ്രസംഗിച്ചു.

## നബാർഡ് നീർത്തട വികസന പദ്ധതി

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന നീർത്തട വികസന പദ്ധതിയുടെ FIP ഘട്ടത്തിലെ നീർത്തട പ്രദേശ പരിപാലന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മൺകയ്യാല, നീർക്കുഴികൾ, കല്ല് കയ്യാല, നടീൽ വസ്തുക്കളുടെ വിതരണം എന്നിവയാണ് പൂർത്തീകരിച്ചത്.

## പരിശീലനം നടത്തി

നബാർഡ് നീർത്തട വികസന പദ്ധതിയുടെ ഭാഗമായി നീർത്തട പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഉപജീവന പദ്ധതികളുമായി ബന്ധപ്പെട്ട് അയനിവയൽ, മട്ടിലയം, പൊർളോം, നെല്ലേരി നീർത്തട പ്രദേശത്തെ കുടുംബശ്രീ, സ്വാശ്രയസംഘങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവർക്കുവേണ്ടി പരിശീലനം നടത്തി. WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. പി.എ. ജോസ് നേതൃത്വം നൽകി.

## സമഗ്ര ആദിവാസി വികസന പദ്ധതി

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി 2012 നവംബർ മാസത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി.

1. മട്ടിലയം കോളനിയിൽ വെച്ച് മെഡിക്കൽ ക്യാമ്പ്.
2. കാഞ്ഞിരംകാട് തുടർ വിദ്യാകേന്ദ്രത്തിൽ വെച്ച് ലഹരിവിരുദ്ധ സെമിനാർ.
3. സ്വാശ്രയ സംഘങ്ങളുടെ ഓഡിറ്റ്.
4. കുഞ്ഞോം, മറാടി കോളനികളിൽ കമ്മ്യൂണിറ്റി ഹാളുകളുടെ നിർമ്മാണം പൂർത്തിയാക്കി.

## മൈക്രോ ഇൻഷുറൻസ് ഏജൻസ് അസോസിയേഷൻ കേരള

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ജനശ്രീ മിഷ്യൻ എന്നീ സംഘടനകളുടെ മൈക്രോ ഇൻഷുറൻസ് സബ് പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നവംബർ 20-ാം തീയതി നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. ജനശ്രീ മിഷ്യൻ ചെയർ പേഴ്സൺ അഡ്വ. വേണുഗോപാൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. മൈക്രോ ഇൻഷുറൻസ് ഏജൻസ് അസോസിയേഷൻ സെക്രട്ടറി ശ്രീ. മോഹനൻ കോഴിക്കോട് മുഖ്യപ്രഭാഷണം നടത്തി. ശ്രീ. പൗലോസ്, അസോസിയേഷൻ ട്രഷറർ, ശ്രീ. ഷൈൻ, അസോസിയേഷൻ ബോർഡ് മെമ്പർ എന്നിവർ ആശംസകളർപ്പിച്ചു. മൈക്രോ ഇൻഷുറൻസ് മേഖലയിൽ ഉളവായ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും സബ് പ്രമോട്ടേഴ്സിന്റെ സംശയങ്ങൾ ദുരീകരിക്കുന്നതിനും മീറ്റിംഗ് ഉപകരിച്ചു. കോർഡിനേറ്റർ കെ. ഒ. ജോയി സ്വാഗതവും ശ്രീമതി സിസിലി മോനിപ്പള്ളി നന്ദിയും രേഖപ്പെടുത്തി.

## ബയോഗ്യാസ് വികസന പദ്ധതി

കമ്മന, വാളാട്, തൃശ്ശിലേരി, കൊമ്മയാട്, ചെറൂർ, ചുണ്ടയിൽ തുടങ്ങിയ സ്ഥലങ്ങളിൽ രണ്ട് ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും നാല് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. രണ്ടു പ്ലാന്റുകളുടെ നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. 2012-13 വർഷത്തെ നിർമ്മാണം പൂർത്തിയാക്കിയ പ്ലാന്റുകൾക്ക് സബ്സീഡി ലഭ്യമാകുന്നതിനായുള്ള അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിരിക്കുന്നു. ഈ വർഷം ഖാദി ഗ്രാമ വ്യവസായ കമ്മീഷനിൽ

നിന്നും 8000/- രൂപാ പ്ലാന്റു നിർമ്മിക്കുന്നവർക്ക് സബ്സീഡി ലഭിക്കുന്നതാണ്.

**വൊഫ**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ, കർഷകരുടെ ഉന്നമനവും പുരോഗതിയും ലക്ഷ്യമാക്കി മുന്നേറുന്നു. പുൽപ്പള്ളി റീജിയണൽ ഫെഡറേഷൻ കമ്മിറ്റി മീറ്റിംഗ് നവംബർ 16 ന് പുൽപ്പള്ളി ടൗൺ ചർച്ചിൽ, വില്ലേജ് ഫാം ക്ലബ് ലീഡർമാരുടെ പങ്കാളിത്തത്തോടെ നടന്നു.

2012-13 വർഷത്തെ ഫെയർ ട്രേഡിന്റെ ഇൻസ്പെക്ഷൻ നവംബർ 20 ന് നടന്നു.

നെറ്റ് വർക്ക് ഓഫ് ഏഷ്യാ പസിഫിക് പ്രൊഡ്യൂസേഴ്സ് ബാംഗ്ലൂരിൽ സംഘടിപ്പിച്ച എക്സിബിഷനിൽ പൊഫ. കോർഡിനേറ്റർ വിനീഷ് മാത്യു, മാർട്ടിൻ. കെ. എൽ, ജോൺസൺ. പി. വി എന്നിവർ പങ്കെടുത്തു. വൊഫയിലെ കർഷകർക്ക് സബ്സിഡി നിരക്കിൽ കാപ്പി പറിക്കുന്ന പായ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

**Save A Family Plan Progamme - ന്റെ നേതൃത്വത്തിൽ നവംബർ മാസം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ**

ഉപകാരികൾക്കുവേണ്ടിയുള്ള ക്രിസ്തുമസ് കത്തുകൾ ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തി ഉപകാരികൾക്ക് അയയ്ക്കുകയും ചെയ്തു.

Field തലത്തിൽ ആനിമേറ്റേഴ്സ് വീടു സന്ദർശനം നടത്തുകയും വരുമാന വർദ്ധക പരിപാടികൾ മോണിറ്റർ ചെയ്തു വരികയും ചെയ്യുന്നു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

കേരളാ ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം നല്ല രീതിയിൽ മുമ്പോട്ട് പോകുന്നു.

**സുരക്ഷാ പെൻഷൻ പദ്ധതി**

ദ്വാരക സേക്രട്ട് ഹാർട്ട് പ്രൊവിൻഷ്യൽ ഹൗസ്, നടവയൽ ഹോളി ക്രോസ് ഫൊറോന ചർച്ച്, നിലമ്പൂർ മേഖലയിലെ ഇടിവണ്ണ സെന്റ് തോമസ് ചർച്ച്, റീജിയണൽ പാസ്റ്ററൽ സെന്റർ മണിമൂളി എന്നീ ഇടവകകളിൽ സുരക്ഷാ എൻറോൾമെന്റ് നടന്നു.

**KLM ഗ്രൂപ്പ് ഫോർമേഷൻ**

സെന്റ് തോമസ് ചർച്ച് ഇടിവണ്ണ, ഇൻഫന്റ് ജീസസ് ചർച്ച് ശിശുമല എന്നീ ഇടവകകളിൽ 7 അംഗ കമ്മിറ്റി രൂപീകരിച്ചു.

**ക്ഷേമനിധി പുതുക്കൽ**

മീനങ്ങാടി ലേബർ ഓഫീസിൽ പുതുക്കേണ്ട എല്ലാ ക്ഷേമനിധി കളും പുതുക്കി.

കൈതൊഴിലാളി, വിദഗ്ദ തൊഴിലാളി ക്ഷേമനിധിയുടെ സിറ്റിംഗ് ഡിസംബർ 14 ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു.

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടത്തുന്ന സുരക്ഷാ പെൻഷൻ പദ്ധതിയിൽ ഈ സാമ്പത്തിക വർഷം പുതുതായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2013 ഫെബ്രുവരി 15 വരെയായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ കാലയളവിനുള്ളിൽ അംഗത്വം എടുക്കുന്നവർക്കു മാത്രമേ ഈ വർഷത്തെ സർക്കാർ വിഹിതമായ 1000 രൂപ ലഭിക്കുകയുള്ളു. ആയതിനാൽ ഇടവകകളിൽ നിന്നും സുരക്ഷാ പദ്ധതിയിൽ ചേരാൻ ഉദ്ദേശിക്കുന്നവർ 2013 ഫെബ്രുവരി 15 ന് മുമ്പായി അംഗത്വം നേടിയെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## Mary Matha arts & science college

**Tidings from 20 November 2012 onwards:**

- Ms Alna Maria Isac of the Functional English Dept has been selected to represent the Kannur University in the Inter University Youth Festival, South Zone at the Gulbarga University, 15-19 December.
- Fr N.T. Francis and Sri Savio James have been awarded Ph D by the Kannur University. Mary Matha stands top among the New Generation Colleges in having the largest percentage of Ph D holders among the faculty.
- Ms Mary Nirmala attended the National Seminar on Biodiversity Conservation at the Govt College, Kasargod on 11 and 12 December 2012.
- Sri Arif K.M. has joined the Zoology Research Centre on 14 December. Dr P.K. Prasadan, Coordinator of the Ph D Course Work, Kannur Univ will supervise his research leading to Ph D. Arif's photograph on the migratory birds at Kadalundi came published in the Hindu, 15 December.
- Dr P.K. Prasadan, the IQAC Coordinator delivered an invited lecture on Sustenance of Quality in Higher Educational Institutions in the Govt College, Mananthavady during the Seminar on Higher Education.
- The National Assessment and Accreditation Council (NAAC) Bangalore has accepted the Letter of Intent (LOI) of the College for the upcoming Reaccreditation of the College. The Internal Quality Assurance Cell (IQAC) of the College, coordinated by Dr Prasadan and assisted by Dr Joseph K Job, has successfully uploaded the Annual Quality Assurance Report (AQAR)

2011-'12. The Reaccreditation Report (RAR) to be submitted shortly to the NAAC is in its final stage.

- The IQAC recently organized an interaction of our students with Dr Jayaram Vijakrishnan, an aluminus of the College and currently Researcher at the Cancer Research Institute of the London University.
- Constructions of the Indoor and Outdoor Stadium, the New Block cum Auditorium, and the Women's Toilet funded by both the UGC and the Management are in progress, thanks to the efficient co-ordination of Fr Chandy Punakkatt, the Manager with the assistance of the Office Supt and Dr Martin, coordinator of the UGC Projects.
- The Semester Exams are held smoothly and appreciated by the University Exam Squad. Quite a few teachers are attending the Centralized Valuation Camps.
- Christmas Celebrations had a novel punch this time with the Students' Union organizing contests on Star, Christmas Cards and Carol Singing. The Union put up a beautiful crib on the lawn.
- 54 of the NCC Cadets are packing up to the Training Camps. Dr Rajeev Thomas coordinates.
- The NSS volunteers are heading to the Sarvodayam UPS & GLPS at Poroor for the Seven Day Special Camping 2012, starting on 21 December. The Program Officers, Sri Regi Francis and Sri Sabu O.J. will coordinate.
- The Volunteers of the NSS have had their maiden crop from the Vegetable Garden on the campus.
- Both the Office Supt and Sri Benison, coordinator of Scholarships attended the interface with the District Collector and the Dy Director of Collegiate Education on the processing of the various student scholarships at the District Collectorate on 19 December. The Karshika Mela cum Workshop on Agriculture organized by the IQAC in association with the NSS and the Farming Concepts, India on 23 December is inaugurated by Ms P.K. Jayalakshmi, Mananthavady's own Minister. Dr Joseph K. Job coordinated.
- Merry Christmas and Flourishing 2013 !

**Dr. Raju George -** Principal

## റേഡിയോ മാറ്റൊലി 90.4 mhz

### റേഡിയോ മാറ്റൊലിയ്ക്ക് അന്തർദേശീയ പുരസ്കാരം

നൂതന വിവര സാങ്കേതിക വിദ്യകളിലൂടെ നവ സമൂഹ നിർമ്മിതിക്ക് മികച്ച സംഭാവനകൾ നൽകുന്നവർക്കായി ഐക്യരാഷ്ട്രസഭയുടെ വിവര സാങ്കേതിക സമൂഹ ഉച്ചകോടി ഏർപ്പെടുത്തിയ ഒമ്പതാമത് ഏഷ്യാ പസഫിക് മന്ഥാൻ അവാർഡിൽ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രത്യേക ജൂറി പരാമർശ പുരസ്കാരത്തിന് അർഹമായി. ഡിസംബർ 1, ശനിയാഴ്ച ന്യൂഡൽഹിയിലുള്ള ഇന്ത്യ ഹബിറ്റാറ്റ് സെന്ററിൽ കേന്ദ്ര നിയമ മന്ത്രി സൽമാൻ ഖുർഷിദിന്റെ സാന്നിദ്ധ്യത്തിലാണ് അവാർഡുകൾ പ്രഖ്യാപിക്കപ്പെട്ടത്.

ഏഷ്യ പസഫിക് മേഖലയിൽ ഇന്ത്യ അടക്കമുള്ള 33 അംഗ രാഷ്ട്രങ്ങളിൽ നിന്നുമായി 16 വിഭാഗങ്ങളിൽ 470 മത്സരാർത്ഥികൾ പങ്കെടുത്തതിൽ 29 മാധ്യമ സംരംഭങ്ങൾ മത്സരിച്ച കമ്മ്യൂണിറ്റി ബ്രോഡ്കാസ്റ്റിംഗ് വിഭാഗത്തിലാണ് മാറ്റൊലി ഈ പുരസ്കാരം നേടിയത്. റേഡിയോ മാറ്റൊലി അസി. ഡയറക്ടർ ഫാ. ജോസ് കാവുങ്കൽ പുരസ്കാരം ഏറ്റു വാങ്ങി. മാറ്റൊലിയെ പ്രതിനിധീകരിച്ച് ശ്രീ. അജയ് പനമരം, കുമാരി റ്റാനിയ ലൂയിസ്, ശ്രീമതി വിജി സെബാസ്റ്റ്യൻ എന്നിവരും ഡൽഹിയിലെ പുരസ്കാര വിതരണ ചടങ്ങിൽ പങ്കെടുത്തു. മാറ്റൊലിയുടെ എല്ലാ പ്രവർത്തകരുടെയും പ്രയത്നത്തിന് ലഭിച്ച അന്താരാഷ്ട്ര അംഗീകാരമാണിതെന്ന് സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം പറഞ്ഞു.

### ലോക എയ്ഡ്സ് ദിനാചരണം

ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ എയ്ഡ്സ് ബോധവത്കരണ സന്ദേശ റാലി നടത്തി. ദ്വാരക എ. യു പി സ്കൂൾ, ലിറ്റിൽഫ്ളവർ ITC, ദ്വാരക സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ, ഗുരുകുലം കോളേജ്, ജമാലിയ കോളേജ്, വിവിധ സാമൂഹ്യസന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണ

ത്തോടെയാണ് റാലി നടത്തിയത്.വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി അറുനൂറോളം വിദ്യാർത്ഥികളും പ്രദേശവാസികളും റാലിയിൽ അണിചേർന്നു. റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി ചെയർമാനും മാനന്തവാടി രൂപത വികാരി ജനറാളുമായ മോ. മാത്യു മാടപ്പള്ളിക്കുന്നേൽ റാലി ഉദ്ഘാടനം ചെയ്തു. എയ്ഡ്സ് വിമുക്ത തലമുറയ്ക്കായി കൂട്ടായ പ്രവർത്തനം ഇന്നിന്റെ ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്.ബി. പ്രദീപ് മാസ്റ്റർ എയ്ഡ്സ് ദിന സന്ദേശം നൽകി. പോസ്റ്റർ രചനാ മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ചടങ്ങിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും ഗുരുകുലം കോളേജ് പ്രിൻസിപ്പാൾ ഷാജൻ ജോസ് നന്ദിയും പറഞ്ഞു. ബ്ര. ടോമി ഞാറക്കുളം, ഫാ. ബെന്നി പീക്കുന്നേൽ, എ. വി. ജോൺ മാസ്റ്റർ, സി. കെ. സുകുമാരൻ എന്നിവർ നേതൃത്വം നൽകി.

## യാത്രയയപ്പ്

കൃഷിവകുപ്പിൽ നിന്നും വിരമിച്ച പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. പി. വിക്രമനും ഡ്രൈവർ ശ്രീ. കുര്യാച്ചനും ഹോർട്ടികൾച്ചർ മിഷൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കുര്യൻ മാത്യുവിനും നവംബർ 23 ന് റേഡിയോ മാറ്റൊലിയിൽ യാത്രയയപ്പ് നൽകി.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

**മീഡിയാ കമ്മീഷൻ ക്രിസ്മസ് പ്രോഗ്രാം 'ഗ്ലോറിയ' മലനാട് ചാനലിൽ**

മാനന്തവാടി രൂപതാ മീഡിയാ കമ്മീഷന്റെ ദൃശ്യമാധ്യമ രംഗത്തേക്കുള്ള ആദ്യ ചുവടുവെയ്പ്പായിരുന്നു, 2012 ഡിസംബർ 1 മുതൽ 25 വരെ എല്ലാ ദിവസവും രാവിലെ 9 നും വൈകുന്നേരം 6.30 നും മലനാട് ചാനലിൽ സംപ്രേഷണം ചെയ്ത 'ഗ്ലോറിയ' ക്രിസ്മസ് പ്രോഗ്രാം. ഏറെ ശ്രദ്ധയാകർഷിച്ച ഈ പ്രോഗ്രാമിനോട് സഹകരിച്ച അഭിവന്ദ്യ പിതാക്കൻമാരായ മാർ ജോസ് പൊരുന്നേടം, മാർ വർഗീസ് ചക്കാലക്കൽ, ജോസഫ് മാർ തോമസ്, വൈദീകരും സന്യസ്തരും അല്മായരുമായ പ്രമുഖ വ്യക്തികൾ, മീഡിയാ കമ്മീഷൻ ചെയർമാൻ ഡോ. ഫാ. തോമസ് ജോസഫ് തേരകം, മീഡിയാ കമ്മീഷൻ, റേഡിയോ മാറ്റൊലി ടീം അംഗങ്ങൾ ഛായാഗ്രഹണം ചിത്രസംയോജനം എന്നിവ നിർവ്വഹിച്ച ശ്രീ. ക്ലീറ്റസ് മാനിക്കൽ, മലനാട് ചാനൽ മാനേജ്മെന്റ്, സ്റ്റാഫംഗങ്ങൾ, പ്രത്യേകമായി ഡയറക്ടേഴ്സായ ശ്രീ. ബിനു ഏറനാട്ട്, ശ്രീ. വിജയൻ, പ്രോഗ്രാം പ്രൊഡ്യുസർ ശ്രീ ജോർജ്ജ്, എഡിറ്റർ സോണിയ സിബി, ശ്രീ. ജോസ് താഴത്തേൽ എന്നിവരെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. കരോൾ ഗാനങ്ങൾ ആലപിച്ച് ഗ്ലോറിയാ പ്രോഗ്രാം മനോഹരമാക്കിയ വിവിധ ഇടവകകളെയും നേതൃത്വം കൊടുത്ത ബഹു. വികാരിയച്ചൻമാരെയും സിസ്റ്റേഴ്സിനേയും കൃതജ്ഞതയോടെ ഓർക്കുന്നു. തുടർന്നും ദൃശ്യ മാധ്യമ രംഗത്ത് നമ്മുടെ സാന്നിദ്ധ്യമറിയിക്കുന്നതിനും ക്രൈസ്തവ വിശ്വാസത്തിന്റെ കാലോചിതമായ കൈമാറ്റത്തിനും ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**റേഡിയോ മാറ്റൊലിക്ക് അഭിനന്ദനങ്ങൾ!**

മാധ്യമ രംഗത്തെ മാനന്തവാടി രൂപതയുടെ പ്രഥമ സംരംഭമായ റേഡിയോ മാറ്റൊലിയുടെ കീർത്തി തരംഗങ്ങൾ അന്തർദേശീയ തലത്തിൽ മികവിന്റെ പുരസ്കാര മുദ്രയണിയുമ്പോൾ മാറ്റൊലി കുടുംബത്തിന് മീഡിയാ കമ്മീഷന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ.

**അരിഞ്ചേർമല ഇടവകയ്ക്ക് അനുമോദനങ്ങൾ**

പുസ്തക പ്രസാധന രംഗത്ത് ചരിത്രം സൃഷ്ടിച്ചുകൊണ്ട് കേവലം 15 മണിക്കൂർ കൊണ്ട് 25-ഓളം പേർ ചേർന്ന് രചന നിർവഹിച്ച് അച്ചടിയും പ്രകാശനകർമ്മവും പൂർത്തിയാക്കിയ 'പ്രതിഭാസംഗമം' എന്ന ഗ്രന്ഥം അരിഞ്ചേർമല ഇടവക കൂട്ടായ്മയുടെ സർഗ്ഗ തീക്ഷ്ണതയുടെ പ്രതീകവും മാധ്യമ രംഗത്തെ പുതുമയുമായി മാറി. അരിഞ്ചേർമല വികാരി ബഹു. ജെയിംസ് ചക്കിട്ടകുടി അച്ചന്റെ നേതൃത്വത്തിൽ പുറത്തിറക്കിയ 'പ്രതിഭാ സംഗമത്തിന്റെ' പ്രകാശനം 29-10- 2012 ന് ബത്തേരി പ്രസ്ക്ലബിൽ വെച്ച് മീഡിയാ കമ്മീഷൻ ഡയറക്ടർ ഫാ. ബാബു മാപ്ലശേരി കല്പറ്റ കട്രോൾ റൂം എസ്. ഐ. എ. പി. മാത്യുവിന് നല്കി പ്രകാശനം ചെയ്തു. പ്രസ്തുത സംരംഭത്തിന് നേതൃത്വം നല്കിയ അരിഞ്ചേർമല വികാരിയച്ചനെയും ഇടവക ജനത്തെയും പ്രത്യേകം അനുമോദിക്കുന്നു.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ
Ph. 9447545460, 9544256990, 04936-289042
Email: frbabum@gmail.com,
mediacommissionmananthavady@gmail.com
മീഡിയാ കമ്മീഷൻ - 04935-240066
ചരിത്രകമ്മിറ്റി ഓഫീസ് - 8943600554

## CHRISTIAN CIVIC SERVICE SOCIETY (CCSS)

**സഭാസേവനം കാലോചിതമാകണം: കത്തോലിക്കാ നേതൃസമ്മേളനം**

വയനാടൻ സമൂഹം വളരെയധികം പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ സഭയുടെ വിവിധമേഖലകളിലെ സേവനപ്രവർത്തനങ്ങൾ കാലോചിതമാക്കണമെന്ന് ദ്വാരകയിൽ ചേർന്ന കത്തോലിക്കാ നേതൃസമ്മേളനം ആഹ്വാനം ചെയ്തു. ജില്ലയിൽ സാന്നിദ്ധ്യമുള്ള മാനന്തവാടി, കോഴിക്കോട്, സുൽത്താൻബത്തേരി, കോട്ടയം രൂപതകളുടെ മേലദ്ധ്യക്ഷന്മാർ സമ്മേളനത്തിന് നേതൃത്വം നല്കി.

സമുദായ നേതൃത്വത്തിലേയ്ക്ക് അത്മായർ കടന്നുവരണമെന്നും അവർക്ക് മതിയായ പ്രോത്സാഹനവും പിന്തുണയും നല്കാൻ വിവിധ തലങ്ങളിൽ സഭാനേതൃത്വം തയ്യാറാവണമെന്നും സമ്മേളത്തിൽ സ്വാഗതപ്രസംഗം നടത്തിയ മാനന്തവാടി ബിഷപ്പ് മാർ ജോസ് പൊരുന്നേടം പറഞ്ഞു. വിവിധ ക്രൈസ്തവ വിഭാഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ സഭയുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുമെന്ന് ബത്തേരി ബിഷപ്പ് ജോസഫ് മാർ തോമസ് തന്റെ അധ്യക്ഷപ്രസംഗത്തിൽ അടിവരയിട്ട് പറഞ്ഞു. ആധുനിക സമൂഹത്തിൽ സുവിശേഷ മൂല്യങ്ങൾ ജീവിതത്തിന്റെ നാനാതുറകളിലുമെത്തിക്കാൻ അത്മായ നേതൃത്വത്തിന് കഴിയുമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ച കോഴിക്കോട് രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ പറഞ്ഞു. ഗാഡ്ഗിൽ റിപ്പോർട്ട് ജനങ്ങൾക്കിടയിലുണ്ടാക്കുന്ന ആശങ്കകൾക്ക് അറുതിവരുത്താൻ വിദഗ്ദരുടെ ഒരു സംഘം അടിയന്തിരമായി ഈ വിഷയം പഠിച്ച് ജനങ്ങൾക്ക് വ്യക്തത നല്കണമെന്ന് കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി തന്റെ അനുഗ്രഹപ്രഭാഷണത്തിൽ ആവശ്യപ്പെട്ടു. സന്യാസ സഭാ സുപ്പീരിയേഴ്സിനെ പ്രതിനിധീകരിച്ചു ക്രിസ്തുദാസി മദർ ജനറൽ സിസ്റ്റർ ക്രിസ്റ്റീന ആശംസകളർപ്പിച്ചു സംസാരിച്ചു.

**'കത്തോലിക്കാസഭയും സമകാലിക വെല്ലുവിളികളും'** എന്ന വിഷയത്തെ സംബന്ധിച്ച പ്രബന്ധം കേരളാ ലേബർ മൂവ്മെന്റ് സംസ്ഥാന പ്രസിഡണ്ട് ശ്രീ. ജോയി ഗോതുരുത്ത് അവതരിപ്പിച്ചു. വിവിധ രൂപതകളിൽ സേവനം ചെയ്യുന്ന ഇടവക വികാരിമാർ, മേജർ റിലീജിയസ് സുപ്പീരിയേഴ്സ് തുടങ്ങി നൂറിലധികം പ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിച്ചു.

ക്രിസ്ത്യൻ സിവിക് സർവ്വീസ് സൊസൈറ്റി ചെയർമാൻ ഫാ. തോമസ് ജോസഫ് തേരകം, വൈസ് ചെയർമാൻ ഫാ. വിൻസൻ കുരുട്ടു

പറമ്പിൽ, എക്സിക്യൂട്ടീവ് അംഗം ഫാ. ചാക്കോ ഫിലിപ്പ്, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബാബു മാപ്ലശേരി, ഫാ. ജോസ് പുളിക്കത്തറ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി. സമ്മേളന തീരുമാനങ്ങൾ എല്ലാ വൈദികർക്കും അയച്ചു തരുന്നതാണ്.

**ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തണം - ക്രൈസ്തവ സഭാദ്ധ്യക്ഷന്മാർ**

വയനാട് ജില്ലയെ ഭീതിയിലാഴ്ത്തിയിരിക്കുന്ന വന്യമൃഗശല്യത്തിൽനിന്നും ജില്ലയിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കണമെന്നും, യുദ്ധകാലാടിസ്ഥാനത്തിൽ ഇതിനുള്ള നടപടികൾ ഉണ്ടാകണമെന്നും വയനാട്ടിലെ ക്രൈസ്തവ സഭാദ്ധ്യക്ഷന്മാർ സർക്കാരിനോടാവശ്യപ്പെട്ടു. ഭരണഘടനാ വിധേയമായി ജീവിക്കുവാനുള്ള ജനങ്ങളുടെ അവകാശത്തിനുമേലുള്ള കടന്നുകയറ്റത്തെ അപലപിക്കുകയും, സദുദ്ദേശവും വിശാല കാഴ്ചപ്പാടുമുള്ള ജനകീയ മുന്നേറ്റങ്ങളെ പിന്തുണയ്ക്കുന്നുവെന്നും വയനാട്ടിലെ ജനങ്ങളുടെ പ്രതിസന്ധിഘട്ടത്തിൽ ക്രൈസ്തവ സഭകളുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം, കോഴിക്കോട് രൂപതാ മെത്രാൻ ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബത്തേരി രൂപതാ മെത്രാൻ ജോസഫ് മാർ തോമസ്, കോട്ടയം രൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ, മലബാർ ഭദ്രാസന മെത്രാപ്പോലീത്ത സക്കറിയാസ് മോർ പീലക്സിനോസ്, ബത്തേരി ഭദ്രാസന മെത്രാപ്പോലീത്ത എബ്രാഹം മാർ എപ്പിഫാനിയോസ് എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.

**മുഖ്യമന്ത്രിക്ക് ഭീമ ഹർജി നല്കി**

കടുവാസങ്കേത ഭീഷണിയിൽനിന്നും വന്യമൃഗ ശല്യത്തിൽ നിന്നും വയനാട്ടിലെ ജനങ്ങളെ സംരക്ഷിക്കണമെന്നും നഷ്ടങ്ങൾക്ക് അർഹമായ പരിഹാരം നല്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ക്രിസ്റ്റ്യൻ കൾച്ചറൽ ഫോറത്തിന്റേയും വിവിധ ജനകീയ സമിതികളുടെയും നേതൃത്വത്തിൽ ഒപ്പു ശേഖരണം നടത്തി, ഈ ആവശ്യമുന്നയിച്ചുകൊണ്ടുള്ള ഭീമഹർജി സിസിഎസ്എസ് ചെയർമാൻ ഡോ.ഫാ. തോമസ് ജോസഫ് തേരകം, സിസിഎഫ് ചെയർമാൻ ശ്രീ. സാലു അബ്രാഹം എന്നിവർ ചേർന്ന് മുഖ്യമന്ത്രിക്ക് നല്കി. ഒപ്പുശേഖരണത്തിൽ സഹകരിച്ച എല്ലാ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

**ഫാ. ബാബു മാപ്ലശേരി** - എക്സി. ഡയറക്ടർ
ക്രിസ്റ്റ്യൻ സിവിക് സർവ്വീസ് സൊസൈറ്റി (CCSS)

# PUBLIC RELATIONS OFFICE (PRO)

Dwaraka, Nalloornadu P.O,
Wayanad - 670645
Tele Fax: 04935 240066 Mob: 9446030066;
Email: prodiocese@gmail


**കടുവാ സങ്കേതം - വിദഗ്ദ്ധ സമിതിയെ നിയമിച്ചു**

വയനാടൻ ജനതയെ ബാധിക്കുന്ന ഗാഡ്ഗിൽ റിപ്പോർട്ട്, കടുവാ സങ്കേതവുമായി ബന്ധപ്പെട്ട ആശങ്കകൾ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് വസ്തുനിഷ്ഠമായ പഠനം നടത്തുന്നതിനായി വിദഗ്ദ്ധ സമിതിയെ മാനന്തവാടി രൂപത നിയമിച്ചു. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ നടന്ന 'വയനാട് രക്ഷാ യാത്ര'യുടെ സമാപനത്തിൽ ജില്ലാ കളക്ട്രേറ്റിന്റെ മുമ്പിൽ നടത്തിയ ധർണാ സമരം ഉദ്ഘാടനം ചെയ്യവേ രൂപതാ പി.ആർ.ഒ. അഡ്വ. ഫാ. തോമസ് ജോസഫ് തേരകമാണ് ബിഷപ്പിന്റെ തീരുമാനം പ്രഖ്യാപിച്ചത്.

കഴിഞ്ഞ കുറെ നാളുകളായി ജില്ലയിലെ പൗരസമൂഹത്തെ മുൾമുനയിൽ നിർത്തുന്ന തരത്തിൽ അനുകൂലവും പ്രതികൂലവും പരസ്പര വിരുദ്ധവുമായ റിപ്പോർട്ടുകളാണ് വാർത്താ മാധ്യമങ്ങളിലൂടെ ലഭിക്കുന്നത്. ഗാഡ്ഗിൽ റിപ്പോർട്ട്, കടുവാ സങ്കേതം, അതീവ പാരിസ്ഥിതിക ദുർബല പ്രദേശങ്ങൾ എന്നിവയെക്കുറിച്ചും അവ ജില്ലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുമൊക്കെ വിശ്വാസ യോഗ്യവും വസ്തുതാപരവുമായ പഠനം വിദഗ്ദ്ധ സംഘം നടത്തും. സംഘത്തിന്റെ പഠന റിപ്പോർട്ട് പൗര സമൂഹത്തിന്റെ അറിവിലേക്കും ഭാവി കർമ്മ പരിപാടികൾക്കുമായി ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുമെന്നും രൂപതാ PRO അറിയിച്ചു.

വന്യമൃഗ സംരക്ഷണവും പാരിസ്ഥിതിക സുസ്ഥിതിയും പ്രകൃതിയുടെയും മനുഷ്യവംശത്തിന്റെയും നിലനിൽപിനാവശ്യമാണ്. എന്നാൽ മനുഷ്യനെ പാടെ അവഗണിച്ചു കൊണ്ടും വയനാടൻ ജനതയുടെ ജീവനും സ്വത്തിനും ഭീഷണിയുമായേക്കാവുന്ന വികസന സമീപനങ്ങളോട് മാനന്തവാടി രൂപതയ്ക്ക് യോജിക്കാനാവില്ല. ജാതി മത രാഷ്ട്രീയ പരിമിതികൾക്കപ്പുറത്ത് സമാന ചിന്താഗതിക്കാരായ വ്യക്തികളും സംഘങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇക്കാര്യത്തിൽ കൂട്ടായി പ്രതികരിക്കേണ്ടത് ആവശ്യമാണെന്നും പ്രസ്താവനയിൽ പറഞ്ഞു.

**ഡോ. ഫാ. തോമസ് ജോസഫ് തേരകം**

PRO, മാനന്തവാടി രൂപത



# അറിയിപ്പുകൾ

## 1) TEACHING STAFF WANTED

St. Francis De Sales College is a Catholic Christian Minority Institution managed by the Catholic Archdiocese of Nagpur. The College has been established in 1956 and accredited with A grade by NAAC. It is 100% aided by Govt. of Maharashtra. We are looking for dedicated teaching staff for the following vacancies U.G. level.
1) English -2, 2) Economics-1, 3) Chemistry -2, 4) Zoology -2,
5) Botony -1, 6) Bio-Chemistry 1, 7) Computer Science 2

**Qualification:**

1) Post Graduae in the relevant subject with minimum 55% of marks
2) NET/SET or Ph.D

The Candidates can send their bio-data through
emails sfs_college@yahoo.com or by post

Principal :- Dr. K.T. Thomas
St. Francis De Sales' College, Seminary Hills, Nagpur 440 006
Tel. (O) 0712-2511354 ( R )-2510212, Website: www.sfscollege.org.in

## 2) കോസ്മോ പ്രിൽഗ്രിമേജ് ഒരുക്കുന്ന വിശുദ്ധയാത്രകൾ

വിശ്വാസവർഷം പ്രമാണിച്ച് 2013-ൽ വിവിധങ്ങളായിട്ടുള്ള പ്രത്യേക തീർത്ഥയാത്രകൾ ഒരുക്കിയിരിക്കുന്നു.

**കോസ്മോ പിൽഗ്രിമേജ് 2013 ലെ തീർത്ഥയാത്രകൾ**

1. വചനം മാംസമായ യേശുവിന്റെ പാദസ്പർശനമേറ്റ് പരിപാവനമായ ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പാലസ്തീന തുടങ്ങിയ പുണ്യ സ്ഥലങ്ങൾ 2013 ഏപ്രിൽ മാസത്തിൽ. വൈദികർക്കായി മെയ്-ജൂൺ മാസങ്ങളിൽ പ്രത്യേക തീർത്ഥാടനം ഒരുക്കിയിരിക്കുന്നു.
2. യു.എസ്.എ. യും കാനഡയും ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ.
3. യു.കെ., സ്വിറ്റ്സർലാന്റ്, ഫ്രാൻസ്, സ്പെയിൻ, ഇറ്റലി, വത്തിക്കാൻ തുടങ്ങിയ ആറ് രാജ്യങ്ങളിലേയ്ക്ക് ഒക്ടോബർ - നവംബർ മാസ ങ്ങളിൽ.

ഈ തീർത്ഥയാത്രകളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഉടനെ ബന്ധപ്പെടുക.

ഫാ. വിൻസെന്റ് പുതുശ്ശേരി,
സെന്റ് ആന്റണീസ് ചർച്ച് പഴൂർ
ചീരാൽ പി.ഒ., വയനാട് - 673 595, ഫോൺ: 09388431601, 04936-262741
E-mail: vincentpudussery@gmail.com, Web: www. cosmopilgrimage.com



# Programme


## PASTORAL CENTRE, DWARAKA

**January 2013**

| | | |
|---|---|---|
| 04F | - | Zion CRC Night Vigil |
| 05S | - | Zion: Prayer Day, Christeen Prayer Day |
| | | CML: Executive |
| 08T-11F | - | Marriage Preparation Course |
| 11F | - | Jesus Youth Night Vigil |
| 12S | - | Jesus Youth; HM PP Conference |
| 13S-16W | - | Visitors |
| 15T | - | Marian Singles |
| 24T-27S | - | Marriage Preparation Course |
| 25F | - | CML: Executive & Team Meeting |
| 26S | - | CMA and Women's Commission Joint Executive |
| 28M-30W | - | Visitors |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre

# Bishop's Programme



**January 2013**

| | | |
|---|---|---|
| 01 Tue | .................. | Engaged |
| 02 Wed | .................. | Palankara : Ordination of Dn. Thomas (Shiju) Iykkarakkanayil |
| 03 Thu | .................. | Nedumpala : Blessing of the Church |
| 04 Fri | .................. | Out of Station |
| 05 Sat | Morning | Padichira : Ordination of Dn.Jineesh Mundithotty, La Salette |
| | Afternoon | Kayyunni : School Anniversay |
| 06 Sun 11Fri | ......... | Mount St. Thomas Kakkanad : Synod |
| 12 Sat | .................. | Dwaraka : H.M. & P.P. Conference |
| 14 Mon | Morning | Nadavayal : Ordination of Dn. Babu Nirappel OCD |
| | Afternoon | Santhirigi: Re-dedication of the renovated Church |
| 15 Tue | .................. | Engaged |
| 16 Wed | .................. | Visitors' Day |
| 17 Thu | .................. | Cherukattoor : Blessing of the Extension of Presbytery |
| 18 Fri | .................. | Out of Station |
| 19 Sat | .................. | Vincentgiri : Synaxis |
| 20 Sun 23Wed | ........ | Virar, Mumbai |
| 24 Thu 25 Fri | ......... | Coonnoor : Jubilee of the Church |
| 26 Sat | .............. | St. Patrick's School : CML Anniversary |
| 27 Sun 28 Mon. | ..... | Ernakulam : KLM Meeting |

| | | | |
|---|---|---|---|
| *29* | *Tue* | *..................* | *Engaged* |
| *30* | *Wed* | *..................* | *Visitors' Day* |
| | | *Evening* | *Reception to New Priests* |
| *31* | *Thu* | *..................* | *Engaged* |

## *February 2013*

| | | | |
|---|---|---|---|
| *01* | *Fri* | *..................* | *Ootty* |
| *02* | *Sat* | *..................* | *Ootty : Blessing of the Church* |
| | | *Afernoon* | *Kayyunni : Blessing of Grotto* |
| *03* | *Sun* | *Afternoon* | *Puthiyidomkunn: Blessing of the Presbytery* |
| *04* | *Mon* | *................* | *Visitors' Day* |
| *05* | *Tue 7 Thu* | *...........* | *Aluva : Seminary Commission* |
| *08* | *Fri* | *................* | *Out of Station* |
| *09* | *Sat* | *................* | *Pookoottumpadam : Blessing of the Church* |
| *10* | *Sun* | *.................* | *Panamchira : Blessing of the Presbytery* |
| *16* | *Sat* | *.................* | *Bathery* |
| *17* | *Sun* | *.................* | *Mananthavady Town Church : Pastoral Visit* |
| *18* | *Mon* | *................* | *Consultors Meeting* |
| *19* | *Tue* | *................* | *Presbyteral Council* |
| *20* | *Wed* | *................* | *Manimooly : School Anniversary* |
| *21* | *Thu* | *................* | *Engaged* |
| *22* | *Fri* | *................* | *Out of Station* |
| *23* | *Sat* | *................* | *Meeting of the Office Bearers of Associations* |
| *24* | *Sun* | *.................* | *Pazhoor : Pastoral Visit* |
| *25* | *Mon* | *.................* | *Visitors' Day* |
| *26* | *Tue* | *.................* | *Engaged* |
| *27* | *Wed* | *.................* | *Dwaraka : Meeting of the Major & Local Superiors of Women Religious Congregations* |
| *28* | *Thu* | *.................* | *Bishop's House : Meeting of the Major Superiors & Representatives of Men Religious Congregations* |